# കലാവിദ്യാഭ്യാസം

## ആക്ടിവിറ്റി ബുക്ക്

### സ്റ്റാൻഡേർഡ്
# VII


കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

ST-477-1-ART EDUCATION(M)7

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in
e-mail : scertkerala@gmail.com, Phone : 0471 - 2341883,
Typesetting and Layout : SCERT
First Edition : 2024
*Printed at* : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

## പ്രിയപ്പെട്ട പഠിതാക്കളേ,

എന്തിനാണ് നാം കല പഠിക്കുന്നത്? പരിശീലിക്കുന്നത്? കല 'ജന്മസിദ്ധമായി' വന്നുചേരുന്നതാണെന്ന പൊതുബോധം നിലനിൽക്കുന്നിടത്താണ് ഇത്തരം ചോദ്യങ്ങൾ ഉണ്ടാകുന്നത്. എന്നാൽ മറ്റേതൊരു മാനവിക വിഷയവും എന്നതു പോലെ കലാപഠനവും നമ്മുടെ ശ്രദ്ധയും ധിഷണയും ആവശ്യപ്പെടുന്ന ഒരു വിഷയമേഖലയാണ്. ചിത്ര-ശില്പകല, സംഗീതം, നൃത്തം, നാടകം, സിനിമ, എന്നീ കലാമേഖലകളെ മുൻനിർത്തി തയ്യാറാക്കിയ ഈ പാഠപുസ്തകം അതത് വിഷയങ്ങളിലെ അറിവുൽപാദനം എന്നതിൽ കവിഞ്ഞ് പ്രസ്തുത കലാമേഖല കളുമായി ബന്ധപ്പെട്ട ക്രിയാത്മക പ്രവർത്തനങ്ങൾ കൂടി ലക്ഷ്യം വയ്ക്കുന്ന ഒന്നാണ്. സാമ്പ്രദായികരീതിയിൽ ഏതെങ്കിലും കലാമേഖലയിലുള്ള സവിശേഷ പ്രയോഗശേഷി മത്സരബുദ്ധിയോടെ പരിശീലിക്കുക എന്നതിലുപരി എല്ലാ കലകളെയും മനസ്സിലാക്കിക്കൊണ്ട് വിദ്യാഭ്യാസപ്രക്രിയയെ തന്നെ സർഗാത്മക മായി പുതുക്കുക എന്നത് കൂടിയാണ് ഈ പാഠപുസ്തകം നിറവേറ്റുന്ന ധർമ്മം. ചിത്രകലയുടെയും ചലച്ചിത്രകലകളുടയും നൃത്തസംഗീത നാടകാദികലകളു ടെയും വിവിധ മാനങ്ങൾ ദേശകാലാതീതമായി നാം ഈ പുസ്തകത്തിലൂടെ പരിചയിക്കുന്നു. ആ അർത്ഥത്തിൽ ഇത് വിപുലമായ സർഗാത്മക ലോകത്തി ലേക്കുള്ള പ്രവേശികയുമാണ്. അവ കണ്ട് അറിഞ്ഞും പാടി പറഞ്ഞും ആടി ഉല്ലസിച്ചും അനുഭവിക്കുക. അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുമല്ലോ.

സ്നേഹാശംസകളോടെ,

**ഡോ. ജയപ്രകാശ് ആർ. കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തകരചനാസമിതി

**അഡ്വൈസർ**

**ഡോ. അഭിലാഷ് പിള്ള**
ഡയറക്ടർ, സ്കൂൾ ഓഫ് ഡ്രാമ ആൻഡ് ഫൈൻ ആർട്സ്, ജോൺ മത്തായി സെന്റർ, തൃശൂർ

**ചെയർപേഴ്സൺ**

**ഡോ. ഷാജു നെല്ലായി**
ലക്ചറർ ഇൻ പെയിന്റിംഗ്, ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാൻസ്ക്രിറ്റ്, കാലടി

## വിദഗ്ധർ

**വർഗ്ഗീസ് കളത്തിൽ**
ടീച്ചർ എഡ്യൂക്കേറ്റർ GITE(Men), കണ്ണൂർ

**ഡോ. കെ. എസ്. വാസുദേവൻ**
സീനിയർ ലക്ചറർ ഡയറ്റ്, കോഴിക്കോട്

## അംഗങ്ങൾ

**ജീവൻ ലാൽ പി. എൻ.**
ജി.ജി.വി.എച്ച്.എസ്.എസ്, പെരിന്തൽമണ്ണ, മലപ്പുറം

**ഡോ. ആരോമൽ ടി.**
ജി.ജി.എച്ച്.എസ്.എസ്. പേരൂർക്കട, തിരുവനന്തപുരം

**രാജേഷ് പി. സി.**
സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. പൈങ്ങോട്ടൂർ, എറണാകുളം

**മുഹമ്മദ് ഷാ**
ജി.എച്ച്.എസ്.എസ്. അമരാവതി, ഇടുക്കി

**ലിബേഷ് എൻ.വി.**
ജി.എച്ച്.എസ്.എസ്. ഒതുക്കുങ്ങൽ, മലപ്പുറം.

**അരുൺ എം.എസ്.**
കെ.ആർ. നാരായണൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം

**സ്മിത പി.എ.**
ശ്രീ. ദുർഗാവിലാസം ഹൈസ്കൂൾ, പേരാമംഗലം, തൃശ്ശൂർ

**ആന്റണി സെബാസ്റ്റ്യൻ**
ജി.വി.എച്ച്.എസ്.എസ്. എരഞ്ഞിമങ്ങാട്, നിലമ്പൂർ, മലപ്പുറം

**പ്രസാദ് കുമാർ കെ. എസ്.**
ജി.വി.എച്ച്.എസ്.എസ്. എരിമയൂർ, പാലക്കാട്

**പ്രേംജിത്ത് സുരേഷ്ബാബു**

**രേവതി വയലാർ കലാക്ഷേത്ര**
ഇൻസ്ട്രക്ടർ, നൃത്തവിഭാഗം, കേരളകലാമണ്ഡലം

**അജിത് കുമാർ പി.എസ്.**
ശ്രീനാരായണ ഹയർസെക്കന്ററി സ്കൂൾ, ഒക്കൽ, എറണാകുളം

**അമീന എസ്.**
ജി.വി.എച്ച്.എസ്.എസ്, കടയ്ക്കൽ, കൊല്ലം

**ഷൈൻ കെ.**
ജി.വി.എച്ച്.എസ്.എസ്, പറവണ്ണ, തിരൂർ, മലപ്പുറം

**ഷാജി സി.കെ.**
ജി.എം.വി.എച്ച്.എസ്.എസ്. കൊയിലാണ്ടി, കോഴിക്കോട്

**ഹക്കീം പുൽപ്പറ്റ**
എസ്.ഒ.എച്ച്.എസ്.എസ്, അരീക്കോട്, മലപ്പുറം

**ബിജീഷ് മഠത്തിൽ**
മലബാർ സ്പെഷ്യൽ പോലീസ് ഹയർസെക്കന്ററി സ്കൂൾ, മലപ്പുറം

**സുമേഷ് കമ്പല്ലൂർ**
ജി.വി.എച്ച്.എസ്.എസ്. മൂന്നാർ, ഇടുക്കി

**അരുണനാരായണൻ ആലഞ്ചേരി**
ജി.എം.ആർ.എസ്. കണിയാമ്പെറ്റ, വയനാട്

**അനൂപ് കെ. പി.**
പി.എം.എസ്.എ.പി.റ്റി.എച്ച്.എസ്.എസ്, കാക്കോവ്, മലപ്പുറം

## മുഖചിത്രം

**രതീഷ് റ്റി.**
*(Contestant Waiting at Legend's Corridor, 2020)*

## പുറംചട്ട

**രതീഷ് റ്റി.**
*(Writer 2006 Oil on canvase)*

**അക്കാദമിക് കോഡിനേറ്റർ**

**സതീഷ് കുമാർ കെ.**
റിസർച്ച് ഓഫീസർ, കലാവിദ്യാഭ്യാസം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
**വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012**

# ഉള്ളടക്കം


**1. കലയൊരുക്കം** ______ **7**

1.1 അരങ്ങുണർത്തുന്ന അനുഷ്ഠാന കലകൾ ______ 8

1.2 നെയ്യപ്പം ______ 11

1.3. നിറങ്ങളുടെ ആകാശം ______ 15

1.4. മധുരമീനാദം ______ 18

1.5. സിനിമാക്കഥ ______ 22

**2. താളത്തിന്റെ പ്രകാശങ്ങൾ** ______ **25**

2.1 തുള്ളലിന്റെ ചിരിച്ചന്തം ______ 26

2.2 കാലത്തിലൂടെ ______ 29

2.3 മുഖം മൂടിയുടെ മുഖം ______ 33

2.4 നാട്ടുപാട്ട് ______ 37

2.5 സിനിമ ______ 40

**3. നിറവിഹാരങ്ങൾ** ______ **44**

3.1 വട്ടത്തിൽ കറങ്ങാം ______ 45

3.2 ഏലൈലെസ..... ______ 47

3.3 ചുമരിലെ വർണ്ണങ്ങൾ ______ 52

3.4 ഇഷ്ടഗാനങ്ങളിലൂടെ ______ 56

3.5 ക്യാമറയ്ക്കൊപ്പം ______ 60

**4. കൂടൊരുക്കാം** ______ **63**

4.1 വയൽച്ചുവടുകൾ ______ 64

4.2 തെരുവരങ്ങ് ______ 67

4.3 രൂപകല്പന ______ 72

4.4 മേളം മേളം വാദ്യമേളം ______ 76

4.5 രംഗങ്ങൾ കൂട്ടിച്ചേർത്ത് കഥപറയുമ്പോൾ ______ 79

**5. മറുബിംബങ്ങൾ** ______ **81**

5.1 മുഖം മനസ്സിന്റെ കണ്ണാടി ______ 82

5.2 മറുവെളിച്ചം ______ 85

5.3 ത്രിമാനത ______ 88

5.4 സംഗീതവഴികൾ ______ 92

5.5 ചമയം, വസ്ത്രാലങ്കാരം, കലാസംവിധാനം ______ 95

**6. കലയാട്ടങ്ങളുടെ സാങ്കേതികതകൾ** ______ **98**

6.1 ഓതിരം കടകം ചടുലം ______ 99

6.2 പാവകളുമായി കൂട്ടുകൂടാം ______ 103

6.3 അതിജീവനചിത്രങ്ങൾ ______ 108

6.4 ഒരുമിക്കാം ഒത്തുപാടാം ______ 112

6.5 ശബ്ദവഴികൾ ______ 115

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# 1

# കലയൊരുക്കം

1.1 അരങ്ങുണർത്തുന്ന അനുഷ്ഠാന കലകൾ
1.2 നെയ്യപ്പം
1.3 നിറങ്ങളുടെ ആകാശം
1.4 മധുരമീനാദം
1.5 സിനിമാക്കഥ



# അരങ്ങുണർത്തുന്ന അനുഷ്ഠാനകലകൾ

*"തരതാനേ തരതാനേ തന്താനി തരതാനി നാ*
*തരതാനേ തരതാനേ തന്താനി തരതാനി നാ"*

വട്ടത്തിൽനിന്ന് വായ്ത്താരി ഇഷ്ടമുള്ള ഈണത്തിൽ പാടി സ്വയം കറങ്ങിക്കൊണ്ട് പതുക്കെ ചുവടുവയ്ക്കുക. ക്രമേണ വേഗം കൂട്ടിയും കുറച്ചും ചുവടുവയ്ക്കണം. ഇത് പല തവണ ആവർത്തിക്കുക. ഇത്തരത്തിലുള്ള ഒരു നൃത്തരൂപം നമുക്ക് പരിചയപ്പെടാം.



**ഗദ്ദിക**

**വയനാട്ടിലെ അടിയ ഗോത്രവിഭാഗക്കാരുടെ അനുഷ്ഠാന നൃത്തകലയാണ് ഗദ്ദിക. നാട്ടുഗദ്ദിക, പൂജാഗദ്ദിക എന്നിങ്ങനെ ഗദ്ദിക രണ്ടുവിധത്തിൽ ഉണ്ട്. പുരുഷന്മാർ താളം കൊട്ടി പാടുകയും സ്ത്രീകൾ നൃത്തം ചെയ്യുകയും ചെയ്യുന്നതാണ് ഗദ്ദികയുടെ രീതി.**

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 1.1 എന്ന ഫയൽ തുറക്കുക.

## ഗദ്ദിക - സവിശേഷതകൾ

ഗദ്ദികയുടെ അവതരണത്തിൽ നിങ്ങൾ ശ്രദ്ധിച്ച സവിശേഷതകൾ എന്തൊക്കെയാണ്?

### പട്ടിക പൂർത്തിയാക്കൂ...

| | |
|---|---|
| അവതരണസ്ഥലം | |
| ചുവട് | |
| പാട്ട് | |
| വാദ്യം | |
| വേഷം | |



**പി.കെ. കാളൻ (1937-2007)**

ഗദ്ദിക, സാമുദായിക അതിരുകളിൽനിന്നും പൊതു അരങ്ങിൽ ഗദ്ദിക എത്തിച്ചത് പി.കെ. കാളനാണ്. വിശ്വാസങ്ങളുടെ ഭാഗമായി മാത്രം അവതരിപ്പിച്ചിരുന്ന ഗദ്ദിക കലാമൂല്യം ചോർന്നുപോകാതെ പൊതുവേദികളിൽ അവതരിപ്പിച്ചത് പി.കെ. കാളന്റെ നേതൃത്വത്തിലാണ്.

1



2



3



4



5



6



കേരളത്തിലെ ചില അനുഷ്ഠാനനൃത്തരൂപങ്ങളുടെ ചിത്രങ്ങളാണിവ. അവ ഓരോന്നും ഏതൊക്കെയാണെന്ന് എഴുതാമോ?

1. തെയ്യം
2. പടയണി
3. ..........................
4. ..........................
5. ..........................
6. ..........................

ഐതിഹ്യങ്ങളെ പുനരാവിഷ്കരിക്കുന്നവയും വ്യത്യസ്തങ്ങളായ സാംസ്കാരിക പാരമ്പര്യരീതികൾ വെളിവാക്കുന്നവയും ചരിത്രകഥകളെയും വിശ്വാസരൂപങ്ങളെയും പ്രതീകവത്ക്കരിക്കുന്നവയുമാണ് അനുഷ്ഠാനകലകൾ.



നിങ്ങളുടെ പ്രദേശത്തുള്ള ഏതെങ്കിലും അനുഷ്ഠാന കലാരൂപങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക. ക്ലാസിൽ അവതരിപ്പിക്കുക.



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 1.2 എന്ന ഫയൽ തുറക്കുക.



**കാപ്പാട് അഹമ്മദ്കുട്ടി മുസ്ലിയാർ**

മുൻകാലങ്ങളിൽ മുസ്ലിം വീടുകളിലും പള്ളികളിലും ഒതുങ്ങിനിന്ന ദഫ്മുട്ടിനെ ജനകീയമാക്കിയ കലാകാരനാണ് കാപ്പാട് അഹമ്മദ്കുട്ടി മുസ്ലിയാർ. കേരള സംഗീതനാടക അക്കാദമി അവാർഡിനുപുറമേ 1983-ൽ ഡൽഹിയിൽ വച്ച് നടന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ വച്ച് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയിൽ നിന്നും പ്രത്യേക പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

# നെയ്യപ്പം



ഈ ചിത്രങ്ങൾ കണ്ടല്ലോ...? ഇവയെ ബന്ധപ്പെടുത്തിയുള്ള കഥ നമുക്കെല്ലാവർക്കും അറിയുന്നതല്ലേ..! അയ്യപ്പന്റമ്മ നെയ്യപ്പം ചുട്ടതും കാക്ക കൊത്തിയതും കടലിൽ ഇട്ടതുമൊക്കെ...

നമുക്ക് നാല് ഗ്രൂപ്പുകളാവാം. ഓരോ ഗ്രൂപ്പും ഓരോ ചിത്രം വീതം തിരഞ്ഞെടുക്കണം. ചിത്രത്തിൽ കാണുന്ന കഥാപാത്രങ്ങളുടെ വേഷവിധാനങ്ങളും അവർ ഉപയോഗിക്കുന്ന വസ്തുക്കളും പശ്ചാത്തലവും എന്തൊക്കെയായിരിക്കുമെന്ന് ചർച്ച ചെയ്താലോ?

### അരങ്ങൊരുക്കം

ഓരോ സംഘവും അവർ തിരഞ്ഞെടുത്ത ചിത്രത്തിലെ കഥാപാത്രങ്ങളുടെ ചലനത്തെയും സംഭാഷണത്തെയും അവതരിപ്പിക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിച്ച് അവതരിപ്പിക്കുക.

- കഥാപാത്രങ്ങൾ ഉപയോഗിക്കുന്ന യഥാർത്ഥ വസ്തുക്കൾക്ക് (പ്രോപ്പർട്ടീസ്) പകരം ക്ലാസ്സ്റൂമിൽ ലഭ്യമായ വസ്തുക്കൾ അനുയോജ്യമായി ഉപയോഗിക്കുക.
- ചിത്രത്തിൽ കാണിച്ചിരിക്കുന്ന പശ്ചാത്തലം ഭാവനയ്ക്കനുസരിച്ച് ശരീരം കൊണ്ടോ മറ്റെന്തെങ്കിലും വസ്തുക്കൾ ഉപയോഗിച്ചോ രൂപപ്പെടുത്തുക.

ഓരോ സന്ദർഭവും എവിടെയാണ് നടക്കുന്നതെന്ന് കാഴ്ചയിലൂടെ മനസ്സിലാകുന്ന തരത്തിലുള്ള അവതരണമായാൽ രസകരമാകും. അവതരിപ്പിക്കുമ്പോൾ നമുക്കറിയാവുന്ന കഥയുടെ ക്രമത്തിൽ അവതരിപ്പിക്കാൻ ഓർക്കുമല്ലോ..., എല്ലാവരും അവതരിപ്പിച്ച് കഴിഞ്ഞാൽ നമുക്ക് ഓരോ അവതരണത്തെയും ചർച്ച ചെയ്യാം. ഓരോ സംഘവും താഴെ പറയുന്ന വിഷയങ്ങളാണ് ചർച്ച ചെയ്യേണ്ടത്.

| ഗ്രൂപ്പ് | ചർച്ച ചെയ്യേണ്ട വിഷയങ്ങൾ |
|---|---|
| A ...................................... | കഥാപാത്രങ്ങളും അഭിനയവും |
| B ...................................... | വേഷവിധാനം, ചമയം |
| C ...................................... | രംഗപടം |
| D ...................................... | രംഗവസ്തുക്കൾ |

### രംഗശില്പം

അരങ്ങിൽ നാടകത്തിന്റെ സന്ദർഭത്തിനനുസരിച്ച് അന്തരീക്ഷവും പശ്ചാത്തലവും പ്രകടമാക്കാൻ ഉപയോഗിക്കുന്ന സ്ഥിരമായതോ എടുത്തുമാറ്റാവുന്നതോ ആയ ക്രമീകരണങ്ങളാണ് രംഗശില്പം അഥവാ സ്റ്റേജ് സെറ്റിങ്സ്.

**രംഗവസ്തുക്കൾ**

അരങ്ങിൽ കഥാപാത്രത്തെ അവതരിപ്പിക്കാൻ അഭിനേതാക്കളെ സഹായിക്കുന്നതും അഭിനേതാക്കൾ സ്വയം കൈകാര്യം ചെയ്യുന്നതുമായ വസ്തുക്കളാണ് സ്റ്റേജ് പ്രോപ്പർട്ടീസ് അഥവാ രംഗവസ്തുക്കൾ.

ഓരോ ഗ്രൂപ്പും ചർച്ച ചെയ്ത് കണ്ടെത്തിയ കാര്യങ്ങൾ ക്ലാസിൽ അവതരിപ്പിക്കാം.



## കഥയൊരുമ

ഈ കഥ മുഴുവനായും നമുക്കൊന്ന് അവതരിപ്പിച്ച് നോക്കിയാലോ...

ഒന്നാം ഗ്രൂപ്പിലെ അംഗങ്ങളാണ് നാടകം അവതരിപ്പിക്കേണ്ടത്.

രണ്ടാം ഗ്രൂപ്പുകാർ ആവശ്യമായ വേഷവിധാനവും ചമയവും ഒരുക്കണം.

മൂന്നാം ഗ്രൂപ്പ് രംഗപടവും.

നാലാം ഗ്രൂപ്പ് രംഗവസ്തുക്കളും തയ്യാറാക്കൂ...

നിങ്ങൾക്ക് താല്പര്യമുള്ള മേഖലകൾക്കനുസരിച്ച് ഗ്രൂപ്പുകളാകാവുന്നതാണ്.




പ്രൊസീനിയം സ്റ്റേജ്

**പ്രൊസീനിയം സ്റ്റേജ്**

അഭിനയിക്കുന്ന ഇടത്തിന്റെ മൂന്ന് ഭാഗവും ചുമരിനാൽ ചുറ്റപ്പെട്ടതും മുൻഭാഗം തിരശ്ശീല ഉപയോഗിച്ച് പ്രേക്ഷകരിൽനിന്ന് വേർതിരിക്കുന്നതുമായ രംഗവേദിയാണ് പ്രൊസീനിയം സ്റ്റേജ്.

**നാടകം ചരിത്രത്തിൽ**

* പഴയകാല ഗ്രീക്ക് നാടകങ്ങൾ
* മധ്യകാല ക്രിസ്ത്യൻ നാടകങ്ങൾ
* സംസ്കൃതനാടകവേദിയും നാട്യശാസ്ത്രവും
* മധ്യകാല ഇസ്ലാമികനാടകവേദി
* അക്രജ - മതേതരനാടകങ്ങൾ





# നിറങ്ങളുടെ ആകാശം

നിങ്ങൾ സന്ധ്യാസമയത്തെ ആകാശം ശ്രദ്ധിച്ചിട്ടില്ലേ...

സന്ധ്യാസമയത്തെ ആകാശത്തിൽ നിങ്ങൾ തിരിച്ചറിഞ്ഞ നിറങ്ങൾ ഏതൊക്കെയാണ്?



ആ നിറങ്ങൾ ഉപയോഗിച്ച് ഒരു ചിത്രം വരക്കൂ...

വരച്ച ചിത്രങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കൂ...

എന്തുകൊണ്ടായിരിക്കും സന്ധ്യാസമയത്ത് ആകാശത്തിന്റെ നിറങ്ങളിൽ വ്യത്യാസം വന്നത്?

പകൽസമയത്തെ കാഴ്ചകളും രാത്രിയിലെ കാഴ്ചകളും എങ്ങനെയാണ്?
ഈ കാഴ്ചകളെ ചിത്രീകരിക്കുവാനുള്ള നിറങ്ങൾ ഏതൊക്കെയാണ്?

- ------------------------------
- ------------------------------
- ------------------------------

ഭൂമിയുടെ അന്തരീക്ഷത്തിലൂടെ സൂര്യരശ്മികൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരുന്നതിനാൽ ഭൂരിഭാഗം നിറങ്ങളും ചിതറിപ്പോവുകയും തീക്ഷ്ണത കൂടിയ മഞ്ഞ, ഓറഞ്ച്, ചുവപ്പ് എന്നീ നിറങ്ങൾ മാത്രം കാണാനാവുകയും ചെയ്യുന്നു. നീല, പച്ച എന്നീ നിറങ്ങൾ തീക്ഷ്ണത കുറഞ്ഞവയാണ്.

നിങ്ങൾ തിരിച്ചറിഞ്ഞ നിറങ്ങൾ ഉപയോഗിച്ച് ചിത്രം വരക്കൂ...

പൂർത്തിയായ ചിത്രങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കൂ...

ചിത്രങ്ങളിലെ  നിറവ്യത്യാസങ്ങൾ എന്തൊക്കെയാണെന്ന് ചർച്ച ചെയ്യാം.

## കളർവാല്യൂ

നിറങ്ങളിൽ അടങ്ങിയിരിക്കുന്ന വെളിച്ചത്തിന്റെ തോതിനെയാണ് 'കളർവാല്യൂ' എന്ന് പറയുന്നത്. ഓരോ നിറത്തിന്റെയും തോത് വ്യത്യസ്തമായിരിക്കും. ഒരു നിറത്തിന്റെ തോത് ഉയർന്നതാകുമ്പോൾ ആ നിറം കൂടുതൽ തെളിച്ചമുള്ളതായി അനുഭവപ്പെടും.

## കളർവീൽ

1600-കളുടെ തുടക്കത്തിൽ ഫിന്നിഷ് ജ്യോതിശാസ്ത്രജ്ഞനായ ആരോൺ സിഗ്ഫ്രിഡ് ഫോർസിയസ് (Aron Sigfrid Forsius) ഇരുണ്ടത്, വെളിച്ചമുള്ളത് എന്നതിന്റെ അടിസ്ഥാനത്തിൽ നിറങ്ങളെ ക്രമീകരിച്ച് ഒരു ഡയഗ്രം സൃഷ്ടിച്ചു. പ്രശസ്ത ഗണിത ശാസ്ത്രജ്ഞനായ സർ ഐസക് ന്യൂട്ടനാണ് ആദ്യമായി ശാസ്ത്രീയമായ രീതിയിൽ കളർ വീൽ രൂപപ്പെടുത്തിയത്. വെളിച്ചത്തെക്കുറിച്ച് പഠിക്കുന്ന സന്ദർഭത്തിൽ, പ്രിസത്തിലൂടെ കടന്നുപോകുന്ന പ്രകാശം നിറങ്ങളുടെ ഒരു സഞ്ചയത്തെ (Spectrum) പ്രതിഫലിപ്പിക്കുന്നതായി അദ്ദേഹം മനസ്സിലാക്കി. ചുവപ്പ്, ഓറഞ്ച്, മഞ്ഞ, പച്ച, നീല, ഇൻഡിഗോ, വയലറ്റ് എന്നീ ഏഴ് നിറങ്ങൾ അദ്ദേഹം തിരിച്ചറിഞ്ഞു, 1704-ലെ തന്റെ പുസ്തകമായ 'ഒപ്റ്റിക്സ്'_ൽ അവയെ ഒരു ചക്രമാക്കി അവതരിപ്പിച്ചു. അത് കളർവീൽ എന്ന് അറിയപ്പെടുന്നു.




ഗ്ലാസ് പ്രിസം




കളർവീൽ


ക്ലോദ് മോനെ
(Claude Monet)


'ഇംപ്രഷൻ, സൺറൈസ്'- 1872
ഇംപ്രഷനിസം

## ഇംപ്രഷനിസം (Impressionism)

പത്തൊമ്പതാം നൂറ്റാണ്ടിൽ പാരീസ് ആസ്ഥാനമാക്കിയ കലാകാരന്മാരുടെ കൂട്ടായ്മയിൽനിന്ന് ഉരുത്തിരിഞ്ഞ കലാപ്രസ്ഥാനമാണ് ഇംപ്രഷനിസം. ഈ പ്രസ്ഥാനത്തിന്റെ പേരുവന്നത് ക്ലോദ് മോനെയുടെ 'ഇംപ്രഷൻ, സൺറൈസ്' (Impression-Sunrise, 1872) എന്ന ചിത്രത്തിൽ നിന്നാണ്. ഭൂപ്രകൃതിയും, സമകാലിക ജീവിതവും നിരീക്ഷിച്ച് വരയ്ക്കുന്നതിൽ ഇംപ്രഷനിസ്റ്റുകൾ താത്പര്യം കാണിച്ചു. സൂര്യപ്രകാശം വസ്തുക്കളിൽ വരുത്തുന്ന വെളിച്ചം - നിഴൽ വിന്യാസങ്ങൾ, നിറവിന്യാസങ്ങൾ തുടങ്ങിയവ തീക്ഷ്ണമായ ചായത്തേപ്പുകളാൽ ആവിഷ്കരിക്കാൻ ഇംപ്രഷനിസ്റ്റുകൾക്ക് സാധിച്ചു.


ജോർജസ് സൂറ
(George Seurat)


'സ്പ്രിംഗ് ടൈം' -1888
പോയന്റലിസം

## പോയന്റലിസം (Pointillism)

ഇംപ്രഷനിസത്തിന്റെ തുടർച്ചയായി 1886-ൽ ജോർജസ് സുറയും പോൾ സിഗ്നാക്കും ചേർന്ന് വികസിപ്പിച്ചെടുത്ത രചനാശൈലിയാണ് പോയന്റലിസം. കാൻവാസിൽ നിറങ്ങളുടെ ചെറുതും വലുതുമായ ബ്രഷ്സ്ട്രോക്കുകളും കുത്തുകളും അടുത്തടുത്തായി തേച്ചുവെച്ചുകൊണ്ട് ചിത്രങ്ങൾ രൂപപ്പെടുത്തുന്നതാണ് ഈ രീതിയുടെ പ്രത്യേകത.



## ചിത്രീകരണം

നിങ്ങളുടെ പരിസരം നിരീക്ഷിച്ച് മരങ്ങളും ഭൂപ്രകൃതിയും അടങ്ങുന്ന ദൃശ്യം ചിത്രീകരിക്കൂ. അനുയോജ്യമായ നിറങ്ങളുപയോഗിച്ച് കുത്തുകളും ബ്രഷ് സ്ട്രോക്കുകളും പ്രയോഗിച്ച് ചിത്രം പൂർത്തിയാക്കൂ... പൂർത്തിയാക്കിയ ചിത്രങ്ങൾ പ്രദർശിപ്പിക്കുക മികവുകൾ ചർച്ച ചെയ്യുക.

ST-477-2-ART EDUCATION(M)7



# മധുരമീനാദം

തിരക്കുള്ള ഒരു ട്രാഫിക് സിഗ്നലിന്റെ അടുത്തുള്ള കടയിൽ നിൽക്കുകയായിരുന്നു ലല്ലു. സിഗ്നലിൽ പച്ച ലൈറ്റ് കത്തിയതും ആരോ ഒരാൾ ധൃതിപ്പെട്ട് വണ്ടിയെടുത്തപ്പോൾ മുന്നിലെ കാറിൽ ഉരസി വണ്ടികൾ മുന്നോട്ട് പോകാതായി. ഈ സമയം എല്ലാ വണ്ടികളിൽനിന്നും ഹോൺ മുഴങ്ങി.

“ഹൊ! എന്തൊരു കാതടപ്പിക്കുന്ന ശബ്ദം!”

വണ്ടികൾ മുന്നോട്ട് നീങ്ങിത്തുടങ്ങിയതോടെ ശബ്ദം നിലച്ചു.

അപ്പോഴാണ് കടയിലെ റേഡിയോയിൽനിന്ന് ഓടക്കുഴൽ വായിക്കുന്ന ശബ്ദം ലല്ലു ശ്രദ്ധിച്ചത്. എന്ത് സുഖമാണ് കേൾക്കാൻ!

ഇത്തരത്തിൽ കേൾക്കാൻ സുഖമുള്ള ശബ്ദങ്ങളാണ് നാദം.

**നാദത്തെ അറിയാം**

**നാദം**

- കേൾക്കാൻ ഇമ്പമുള്ള ശബ്ദങ്ങളെ നാദം എന്നു പറയുന്നു
- നാദം സന്തോഷം നൽകുന്നു
- നാദം സംഗീതാത്മകമാണ്
- നാദം ആസ്വാദ്യകരമാണ്

ആധികാരിക സംഗീത ഗ്രന്ഥങ്ങളിൽ നാദത്തെ ആഹതനാദമെന്നും അനാഹതനാദമെന്നും രണ്ടായി തരം തിരിച്ചിരിക്കുന്നു. ശ്രവണേന്ദ്രിയങ്ങൾകൊണ്ട് കേൾക്കാൻ കഴിയുന്ന നാദത്തെ ആഹതമെന്നും കേൾക്കാൻ കഴിയാത്ത നാദത്തെ അനാഹതമെന്നും പറയുന്നു.

നാദത്തെ നമ്മൾ തിരിച്ചറിഞ്ഞല്ലോ. നാദത്തിന്റെ ആറ് വിഭാഗങ്ങൾ പരിചയപ്പെടാം.



### ശരീരജം

മനുഷ്യകണ്ഠത്തിൽനിന്നുണ്ടാകുന്ന നാദം

ഉദാ: വായ്പ്പാട്ട്



### നഖജം

നഖം ഉപയോഗിച്ച് കമ്പികളിൽ തട്ടിയോ മീട്ടിയോ ഉണ്ടാക്കുന്ന നാദം

ഉദാ: വീണ



### ധനുർജം

വില്ല് ഉപയോഗിച്ച് (ബോ) പുറപ്പെടുവിക്കുന്ന നാദം

ഉദാ: വയലിൻ



### വായുജം

വായുവിന്റെ സഹായത്തോടെ നാദം പുറപ്പെടുവിക്കുന്നത്

ഉദാ: ഓടക്കുഴൽ



### ചർമജം

തുകൽ വാദ്യങ്ങളിൽനിന്ന് പുറപ്പെടുവിക്കുന്ന നാദം

ഉദാ: മൃദംഗം

### ലോഹജം

ലോഹനിർമ്മിതമായ ഉപകരണങ്ങളിൽനിന്നു പുറപ്പെടുവിക്കുന്ന നാദം

ഉദാ: ഇലത്താളം





### സംഗീതോപകരണങ്ങൾ കണ്ടെത്താം...

നാദത്തിന്റെ വിവിധ വിഭാഗങ്ങളെ പരിചയപ്പെട്ടല്ലോ? ഓരോ വിഭാഗത്തിലും ഉൾപ്പെടുന്ന സംഗീതോപകരണങ്ങൾ കണ്ടെത്തി നോട്ടുബുക്കിൽ കുറിക്കൂ.

നമുക്കൊരു സിനിമാഗാനം പാടിയാലോ? നിങ്ങൾക്ക് ഇഷ്ടമുള്ള സിനിമാഗാനങ്ങൾ ഏതെല്ലാമാണ്?

- ........................................
- ......................................
- ........................................



### ഈണത്തിൽ പാടാം

വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് നിങ്ങൾക്ക് ഇഷ്ടമുള്ള ഏതെങ്കിലും ഒരു സിനിമാഗാനം തിരഞ്ഞെടുത്ത് ഈണത്തിൽ പാടി അവതരിപ്പിക്കുക.
അവതരണം കൂടുതൽ മികവുറ്റതാക്കാൻ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം? ചർച്ചചെയ്യൂ.

ജൂൺ 21 ലോക സംഗീത ദിനാഘോഷത്തിന്റെ ഭാഗമായി
സംഗീതത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന ഒരു ഗാനം സംഘമായി പാടൂ.



**ഡോ. കെ.ജെ. യേശുദാസ്**

ഇന്ത്യൻ ചലച്ചിത്ര പിന്നണിഗാനരംഗത്ത് പ്രശസ്തനായ ഡോ. കെ.ജെ.യേശുദാസ് ഗാനഗന്ധർവൻ എന്നറിയപ്പെടുന്നു. വിവിധ ഭാഷകളിലായി 50,000 - ത്തിലധികം ഗാനങ്ങൾ ഇദ്ദേഹം പാടിയിട്ടുണ്ട്. എട്ടുതവണ മികച്ച ഗായകനുള്ള ദേശീയ പുരസ്കാരം നേടി പത്മശ്രീ, പത്മഭൂഷൺ, പത്മവിഭൂഷൺ, എന്നീ ബഹുമതികൾ നൽകി രാജ്യം ആദരിച്ചു.

## പാട്ടുപെട്ടി

### പ്രഭാതഗീതം

*അറിവാണ് നിറവ്*
*കനിവിന്റെപൊരുള്*
*ഉണരാമണിചേരാം*
*നന്മകൾ വിതറാം... ചങ്ങാതിയാരെന്ന്*
*നന്നായറിയാം*
*ഒന്നാണ് നാമെന്ന*
*ചിന്തയിലലിയാം (2)*
*കൺ തുറക്കാം .....*
*തോളോട് തോൾ ചേർന്ന്*
*ലോകമറിയാം*
*പാറുന്നപക്ഷിയിലൊ*
*രാകാശമുണ്ടെന്നും*
*ചേക്കേറാനൊരു ചില്ല*
*സ്വപ്നമുണ്ടെന്നും*
*അറിയുമ്പോൾ നിറവ്*
*നന്മയുടെ പൊരുള്*
*അതിലെഴുതാം സ്നേഹത്തിൻ*
*പുതിയ കനവ്.*

(ഡോ. ആശ എം.)

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 1.3 എന്ന ഫയൽ തുറക്കുക.

പാട്ടുപെട്ടിയിലെ പ്രഭാതഗീതം നമുക്കൊന്ന് പാടിനോക്കിയാലോ? ഇതുപോലുള്ള മറ്റു പാട്ടുകൾ ശേഖരിച്ച് പാട്ടു പെട്ടിയിൽ ചേർക്കുമല്ലോ.



### എസ്. ജാനകി

പതിനേഴ് ഭാഷകളിലായി 48,000-ൽ പരം ഗാനങ്ങൾ ആലപിച്ചിട്ടുള്ള ഇന്ത്യയിലെ പ്രശസ്ത പിന്നണി ഗായികയാണ് എസ്. ജാനകി. നാല് തവണ മികച്ച ഗായികയ്ക്കുള്ള ദേശീയ അവാർഡ് നേടി.
2013-ൽ രാജ്യം പത്മഭൂഷൻ നൽകി ആദരിച്ചു.



# സിനിമാക്കഥ

"ഹാപ്പി ബർത്ത്ഡേ ടു റിബു."

മിഠായി കഴിച്ചുകൊണ്ട് കൂട്ടുകാർ ഒന്നിച്ച് ആശംസ നേർന്നു.
ടീച്ചർ മിഠായി കഴിച്ചശേഷം, കവർ ഭദ്രമായി ബാഗിൽ വച്ചത് കണ്ട് റിബു ചോദിച്ചു.

"എന്താ ടീച്ചറെ കവർ പുറത്തേക്ക് കളഞ്ഞാൽ പോരെ ?"

"പോര ! പ്ലാസ്റ്റിക് അങ്ങനെ അലക്ഷ്യമായി കളയാൻ പാടില്ല."

"ഞാനൊരു കഥ പറയാം..."

അച്ഛനും മകളും ഭക്ഷണം കഴിക്കാനായി ഭക്ഷണശാലയിൽ ഇരിക്കുകയാണ്. അപ്പോഴാണ് മകൾ ആ കാഴ്ച കണ്ടത്. പാചകക്കാരൻ മീൻ മുറിക്കുമ്പോൾ അതിന്റെ വയറിൽനിന്നും പ്ലാസ്റ്റിക് മാലിന്യം പുറത്തേക്ക് വന്നു.

അവൾ വിഷമത്തോടെ ചുറ്റുംനോക്കിയപ്പോൾ പ്ലാസ്റ്റിക് മാലിന്യത്തിന്റെ ഭീകര കൂമ്പാരമാണ് കണ്ടത്. ഓരോ മനുഷ്യനെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ വിഴുങ്ങുന്നതായി അവൾക്ക് തോന്നി. അച്ഛൻ വാങ്ങിത്തന്ന ശീതളപാനീയവും പ്ലാസ്റ്റിക് കുപ്പിയിലാണെന്നത് അവളെ അസ്വസ്ഥയാക്കി.

ഈ കഥ സിനിമയാക്കിയാൽ എങ്ങനെയുണ്ടാകും? വരൂ... നമുക്ക് 'പ്ലാസ്റ്റിക് എന്ന സിനിമ' കണ്ടുനോക്കാം.




## സിനിമാക്കഥ എഴുതാം

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 1.4 എന്ന ഫയൽ തുറക്കുക.

- നിങ്ങൾ കണ്ട ഈ സിനിമയിലെ ആശയം എന്താണ് ?
- കഥ കേട്ടപ്പോഴും സിനിമ കണ്ടപ്പോഴും എന്ത് വ്യത്യാസമാണ് നിങ്ങൾക്ക് തോന്നിയത് ?

പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത എന്ന ആശയത്തിൽ നിങ്ങൾ കണ്ട സിനിമയിൽ നിന്ന് പ്ലാസ്റ്റിക് എന്ന വിഷയം അല്ലാതെ മറ്റ് എന്തെല്ലാം വിഷയങ്ങൾ കണ്ടെത്താനാകും.

- 
- 

ഇതിൽനിന്നും നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു ആശയം തിരഞ്ഞെടുത്ത് ഒരു കഥ എഴുതി നോക്കൂ. കഥ ക്ലാസ്സിൽ അവതരിപ്പിച്ച് ആശയം എങ്ങനെ കൂടുതൽ മെച്ചപ്പെടുത്താം എന്ന് ചർച്ച ചെയ്യൂ.

## കാഴ്ചയൊരുക്കാം

നിങ്ങൾ കണ്ട 'പ്ലാസ്റ്റിക്' എന്ന സിനിമയിലെ ദൃശ്യങ്ങൾ ഓർമ്മയുണ്ടല്ലോ?

നിങ്ങൾ എഴുതിയ കഥയെ ഇതുപോലെ എങ്ങനെ ദൃശ്യമാക്കാം എന്ന് ചർച്ച ചെയ്യൂ.

> സിനിമയുടെ ആദ്യഘട്ടം ആശയമാണ്. ആശയത്തിൽനിന്ന് കഥയും കഥയിൽനിന്ന് തിരക്കഥയും രൂപപ്പെടുന്നു.

## സത്യജിത് റായ് [1921 - 1992]



ഇരുപതാം നൂറ്റാണ്ടിലെ മികച്ച ചലച്ചിത്രസംവിധായകരിൽ ഒരാളായ സത്യജിത് റായ് കൊൽക്കത്തയിലാണ് ജനിച്ചത്. സിനിമകൾ, ഡോക്യുമെന്ററികൾ, ഹ്രസ്വചിത്രങ്ങൾ എന്നിവ സംവിധാനം ചെയ്ത അദ്ദേഹത്തിന്റെ പഥേർ പാഞ്ചാലി, അപരാജിതോ, അപുർ സൻസാർ എന്നിവ പ്രധാന ചലച്ചിത്രങ്ങളാണ്. തിരക്കഥാരചന, പശ്ചാത്തലസംഗീതം, ഛായാഗ്രഹണം, കലാസംവിധാനം, ചിത്രസംയോജനം, പരസ്യകല തുടങ്ങി സിനിമനിർമ്മാണരംഗത്തെ വിവിധ മേഖലകളിൽ റായ് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ഭാരതരത്നം, ദാദാ സാഹേബ് ഫാൽക്കേ പുരസ്കാരം (1985), ചലച്ചിത്ര മേഖലയിലെ സമഗ്രസംഭാവനയ്ക്കുള്ള ഓസ്കാർ പുരസ്കാരം (1992), അകിര കുറസോവാ പുരസ്കാരം (1992), തുടങ്ങി നിരവധി ബഹുമതികൾ അദ്ദേഹം നേടിയിട്ടുണ്ട്.

## അപർണ സെൻ



ഇന്ത്യൻ ചലച്ചിത്ര സംവിധായികയും തിരക്കഥാകൃത്തും നടിയുമാണ് അപർണ സെൻ. 1961-ൽ സത്യജിത് റായ് സംവിധാനം ചെയ്ത 'തീൻ കന്യ' (മൂന്ന് പെൺമക്കൾ) എന്ന ചലച്ചിത്രത്തിലാണ് അവർ ആദ്യമായി അഭിനയിച്ചത്. പത്മശ്രീ, ദേശീയ പുരസ്കാരം എന്നീ ബഹുമതികൾ നേടിയ അപർണ സെൻ നിരവധി ചലച്ചിത്രമേളകളിൽ ജൂറിയായും പ്രവർത്തിച്ചിട്ടുണ്ട്.

# 2

# താളത്തിന്റെ പ്രകാശങ്ങൾ


2.1 തുള്ളലിന്റെ ചിരിച്ചന്തം

2.2 കാലത്തിലൂടെ

2.3 മുഖംമൂടിയുടെ മുഖം

2.4 നാട്ടുപാട്ട്

2.5 സിനിമ



# തുള്ളലിന്റെ ചിരിച്ചന്തം

കുഞ്ചൻ നമ്പ്യാരുടെ തുള്ളൽക്കഥകളിലെ പരിചിതമായ ചില ഈരടികൾ പാടി നോക്കാം.

*“മർക്കട കീടാ നില്ലട നിന്നുടെ*
*മസ്തകമിന്നു തകർത്തേ പോരൂ.”*

*(രാമാനുജചരിതം - ഓട്ടൻതുള്ളൽ)*

*“ലക്ഷം മാനുഷർ കൂടുമ്പോളതിൽ*
*ലക്ഷണമൊത്തവരൊന്നോ രണ്ടോ.”*

*(രുഗ്മിണീ സ്വയംവരം - ഓട്ടൻതുള്ളൽ)*

*“പച്ചക്കദളിക്കുലകൾക്കിടക്കിടെ*
*മെച്ചത്തിൽ നന്നായ് പഴുത്തപഴങ്ങളും.”*

*(കല്ല്യാണസൗഗന്ധികം - ശീതങ്കൻതുള്ളൽ)*

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 2.1 എന്ന ഫയൽ തുറക്കുക.



ഓട്ടൻതുള്ളൽ



പറയൻതുള്ളൽ



ശീതങ്കൻതുള്ളൽ

## തുള്ളലുകളുടെ സവിശേഷതകൾ

ചിത്രങ്ങൾ പരിശോധിച്ച് മൂന്നുവിധം തുള്ളലുകളുടെയും വേഷം, മുഖത്തെഴുത്ത്, ശിരോലങ്കാരം എന്നിവയിലുള്ള വ്യത്യാസങ്ങളും സവിശേഷതകളും കണ്ടെത്തുക.

| | വേഷം | മുഖത്തെഴുത്ത് | ശിരോലങ്കാരം |
|---|---|---|---|
| ഓട്ടൻതുള്ളൽ | | | |
| ശീതങ്കൻതുള്ളൽ | | | |
| പറയൻ തുള്ളൽ | | | |

ഓട്ടൻതുള്ളൽ, ശീതങ്കൻതുള്ളൽ, പറയൻതുള്ളൽ എന്നിങ്ങനെ തുള്ളൽ മൂന്നു വിധത്തിലുണ്ട്. വേഷങ്ങളുടെയും മുഖത്തെഴുത്തിന്റെയും താളത്തിന്റെയും ചുവടുകളുടെയും വ്യത്യസ്തതകൊണ്ട് അവ മൂന്നും മൂന്നുകലാരൂപങ്ങളായി നിലനിൽക്കുന്നു.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 2.2 എന്ന ഫയൽ തുറക്കുക.



### കുഞ്ചൻ നമ്പ്യാർ [1705-1770]

തുള്ളൽ കലാരൂപത്തിന്റെ ഉപജ്ഞാതാവ് എന്ന നിലയിൽ പ്രസിദ്ധനായ കുഞ്ചൻ നമ്പ്യാർ പാലക്കാട് ജില്ലയിലെ കലക്കത്ത് ഭവനത്തിൽ ജനിച്ചു. ആക്ഷേപഹാസ്യപ്രധാനമായ തുള്ളൽകൃതികൾ കൂടാതെ, ശ്രീകൃഷ്ണചരിതം മണിപ്രവാളം, രുഗ്മിണീസ്വയംവരം, പത്തുവൃത്തം, തുടങ്ങി മറ്റു സാഹിത്യകൃതികളും നമ്പ്യാർ രചിച്ചിട്ടുണ്ട്.

കുഴിത്താളം, മൃദംഗം, ഇടയ്ക്ക, ശ്രുതിപ്പെട്ടി എന്നിവയാണ് തുള്ളലിന് ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ.



കുഴിത്താളം



മൃദംഗം



ഇടയ്ക്ക



ശ്രുതിപ്പെട്ടി

താഴെ തന്നിരിക്കുന്ന തുള്ളൽവരികൾ താളമിട്ട് ഈണത്തിൽ ചൊല്ലുക. പലതവണ ആവർത്തിച്ച് ചൊല്ലണം.

## 'നോക്കടാ നമ്മുടെ'

1. *"നോക്കടാ നമ്മുടെ മാർഗേ കിടക്കുന്ന*
*മർക്കടാ നീയങ്ങു മാറിക്കിട ശഠാ!*
*ദുർഘട സ്ഥാനത്തു വന്നു ശയിപ്പാൻ*
*നിനക്കെടാ തോന്നുവാനെന്തെടാ സംഗതി*
*നാട്ടിൽ പ്രഭുക്കളെക്കണ്ടാലറിയാത്ത*
*കാട്ടിൽക്കിടക്കുന്ന മൂളിക്കുരങ്ങു നീ"*

*(കല്യാണസൗഗന്ധികം - ശീതങ്കൻതുള്ളൽ)*

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 2.3 എന്ന ഫയൽ തുറക്കുക.

2. *"ചക്കപ്രഥമൻകൊണ്ടാ വളരെ*
*ശർക്കരയുണ്ടകളമ്പത് കൊണ്ടാ*
*പച്ചടികൊണ്ടാ കിച്ചടികൊണ്ടാ*
*പഞ്ചാരപ്പൊടിയൊരുപറകൊണ്ടാ*
*മധുരക്കറിയോ മഥിതക്കറിയോ*
*മതി മതി പോരാ കോരിക്കൊണ്ടാ"*

*(രുഗ്മിണീ സ്വയംവരം - ഓട്ടൻതുള്ളൽ)*



**മലബാർ രാമൻനായർ**
**(1901-1960)**

**തുള്ളലിന്റെ വേഷവിധാനത്തിലും സംഗീതത്തിലും അവതരണ സങ്കേതങ്ങളിലുമെല്ലാം ഇന്നുകാണുന്ന രീതിയിലുള്ള പരിഷ്കാരങ്ങൾ വരുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചത് മലബാർ രാമൻ നായരാണ്.**

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 2.4 എന്ന ഫയൽ തുറക്കുക.

### തുള്ളൽ വിശേഷങ്ങൾ

തുള്ളലിൽ ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ, തുള്ളൽപാട്ടിന്റെ പ്രത്യേകതകൾ എന്നിവ സംബന്ധിച്ച് കുറിപ്പ് തയ്യാറാക്കുക.

സാമൂഹ്യപ്രസക്തിയുള്ള തുള്ളൽ അവതരണങ്ങൾ കണ്ട് ക്ലാസിൽ ചർച്ച ചെയ്യൂ.



# കാലത്തിലൂടെ



ഒരു പാട്ട് പാടിയാലോ....?

കണ്ണാടി കണ്ണാടി കണ്ണുതുറക്കെടിയെ
നീ കണ്ണുതുറക്കെടിയെ
തുള്ളാതെ തുള്ളാതെ ഉള്ള് തുറക്കെടിയെ
നീ ഉള്ള് തുറക്കെടിയെ
വേഷം കണ്ടാൽ എന്തറിയാം
ഭാവം കണ്ടാൽ എന്തറിയാം
ഉള്ളിനുള്ളിലെ ഉള്ളറയിൽ
വേഷക്കാരിയിതാരാവാം
പ്രായമറിഞ്ഞാൽ പറയാമോ
കളിയാലെ ചിരിയാലെ
കാര്യം ചൊല്ലിടാം
കൂട്ടായി ചേർന്നിട്ടീനാടകമാടീടാം

കഥയും ചൊല്ലി പാട്ടുകൾ പാടി
കവലകൾ തോറും ചോടും വെച്ച്
നാടകമാടീടാം
പല ഭാഷകളിൽ പേച്ചുകളിൽ
നാടകമാടിടാം
പലനാടുകളിൽ ചെന്നിട്ടീ
നാടകമാടീടാം
നടിച്ചുകാട്ടി ചൊടിച്ചുമിണ്ടി
കുതിച്ചുമണ്ടുമ്പോൾ
കാലം കുതിച്ചുമണ്ടുമ്പോൾ
അണച്ചുനിർത്തി കാര്യം ചൊല്ലി
തൊട്ടു തലോടിടാം.

പാട്ട് കേട്ട് വരികൾ മനസ്സിലാക്കി സംഘമായി പാടി നോക്കാം.



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 2.5 എന്ന ഫയൽ തുറക്കുക.

പാട്ട് ഇഷ്ടമായോ?

ഈ പാട്ട് നാടകവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? താഴെക്കൊടുത്തിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സംഘമായി ചർച്ച ചെയ്യൂ.

- കൂട്ടായ്മ
- ഭാവം
- പ്രായം
- വേഷം
- ഭാഷ

**അരീനവേദി**

അഭിനയിക്കുന്ന ഇടം പൂർണ്ണമായും പ്രേക്ഷകരാൽ ചുറ്റപ്പെട്ട രംഗവേദിയാണ് അരീനവേദി.

**ഉദാഃ ടെന്നീസ് കോർട്ട്, ഫുട്ബോൾ ഗ്രൗണ്ട്.**





ക്ലാസ്റൂമിൽ അരീനവേദി രൂപത്തിൽ ഇരിക്കാം.

## ആരും പിന്നിലല്ല

നമുക്ക് അഞ്ച് ഗ്രൂപ്പുകളാവാം. ക്ലാസ് ലീഡർ 2, 5, 18, 60, 80 എന്നീ നമ്പറുകൾ എഴുതിയ അഞ്ച് നറുക്കുകൾ തയ്യാറാക്കൂ... ഓരോ ഗ്രൂപ്പിനും ഓരോ നറുക്കുവീതം എടുക്കാം.

നമുക്ക് ഒരു യാത്രപോവാം... എല്ലാവരും തയ്യാറല്ലേ...

നമ്മുടെ യാത്ര എങ്ങനെയാണെന്നോ...?

ഓരോ ഗ്രൂപ്പിനും കിട്ടിയ നറുക്കിലെ നമ്പറാണ് ആ ഗ്രൂപ്പിലെ അംഗങ്ങളുടെ വയസ്സ്.

താഴെക്കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് സംഘമായി അരീന സ്റ്റേജിലൂടെ യാത്ര ചെയ്യൂ. നിങ്ങൾ എങ്ങനെയാവും നടക്കുക. ഏത് പ്രായക്കാരുടെ ഗ്രൂപ്പാണ് നിങ്ങൾക്ക് കിട്ടിയത് ?

- ഒരു സമയത്ത് ഒരു സംഘം മാത്രമാണ് യാത്ര ചെയ്യേണ്ടത്, നടന്നാവണം യാത്ര.
- നമ്മൾ ഒരുക്കിയ അരീനവേദി പൂർണ്ണമായും ഉപയോഗിച്ചുള്ളതാവണം യാത്ര. യാത്രാക്രമം നിങ്ങൾക്ക് തീരുമാനിക്കാം.
- ഓരോ പ്രായത്തിലേയും ശരീരപ്രകൃതത്തിനനുസരിച്ചുള്ള ചലനങ്ങൾ, ശബ്ദങ്ങൾ, വാക്കുകൾ എന്നിവ പ്രകടിപ്പിച്ചുകൊണ്ടാവണം യാത്ര.
- യാത്രയ്ക്കിടയിൽ പ്രേക്ഷകരുമായി സംവദിക്കാൻ മറക്കരുതേ...

ഓരോ സംഘവും യാത്ര ചെയ്തുകഴിഞ്ഞില്ലേ.. ഓരോ സംഘത്തിന്റെയും യാത്രാവതരണം മറ്റ് സംഘങ്ങൾ വിലയിരുത്തി സംസാരിക്കൂ...

## അവിടെയും ഇവിടെയും

മുൻ ഗ്രൂപ്പിലെ അംഗങ്ങളിൽനിന്നും എല്ലാ പ്രായക്കാരും ഉൾപ്പെടുന്ന പുതിയ ഗ്രൂപ്പ് രൂപീകരിക്കുക.

വ്യത്യസ്ത പ്രായക്കാരായ കഥാപാത്രങ്ങൾ ഒരുമിച്ച് ചേർന്ന് പുതിയ സന്ദർഭങ്ങൾ സൃഷ്ടിക്കൂ.

### സന്ദർഭങ്ങൾ

- റെയിൽവേ സ്റ്റേഷൻ
- 
- 

ഈ രംഗങ്ങൾ അരീന വേദിയിൽ അവതരിപ്പിക്കുമല്ലോ? അവതരണം കൂടുതൽ മെച്ചപ്പെടുത്താൻ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തേണ്ടതെന്ന് ചർച്ച ചെയ്യൂ.

വ്യത്യസ്ത പ്രായത്തിലുള്ള കഥാപാത്രങ്ങളുടെ രൂപസവിശേഷതകൾ എന്തൊക്കെയെന്ന് കണ്ടെത്തി പ്രത്യേകതകൾക്കനുസരിച്ച് കുറിപ്പ് തയ്യാറാക്കൂ.



**മടവൂർ കെ. കൊച്ചുനാരായണപിള്ള**

തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കേരളത്തിലെ ആദ്യത്തെ കുട്ടികളുടെ നടകവേദിയായ രംഗപ്രഭാതിന്റെ സ്ഥാപകനും അദ്ധ്യാപകനും നടനും സംഘാടകനും ആയിരുന്നു മടവൂർ കെ. കൊച്ചുനാരായണപിള്ള. കേന്ദ്ര സർക്കാരിന്റെ സീനിയർ ഫെല്ലോഷിപ്പിന് അർഹനായിട്ടുള്ള അദ്ദേഹത്തിന് മറ്റ് നിരവധി ബഹുമതികളും ലഭിച്ചിട്ടുണ്ട്.

# മുഖംമൂടിയുടെ മുഖം



ഡാൻസിംഗ് ബേഡ്
(Dancing Bird)



സ്നേക്ക് മിമിക്കിംഗ് കാറ്റർപില്ലർ
(Snake mimicking caterpiller)



പഫർ ഫിഷ്
(Puffer Fish)



ഇനാംപേച്ചി
(Indian Pangolin)

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 2.6 എന്ന ഫയൽ തുറക്കുക.

ഈ ചിത്രങ്ങൾ നിരീക്ഷിക്കുമ്പോൾ എന്താണ് നിങ്ങൾക്ക് മനസിലാകുന്നത്?

- ..........................................................................
- ..........................................................................
- ..........................................................................

പ്രകൃതിയിലെ സാഹചര്യങ്ങൾക്ക് അനുസൃതമായി സ്വയം നിറത്തിലും രൂപത്തിലും മാറ്റങ്ങൾ വരുത്തുന്ന നിരവധി ജീവജാലങ്ങൾ ഉണ്ട്.

മനുഷ്യരും ഇത്തരം പൊയ്മുഖങ്ങളും വേഷപ്പകർച്ചകളും നടത്താറുണ്ട്.

**വ്യത്യസ്ത മുഖംമൂടികൾ...**



ST-477-3-ART EDUCATION(M)7

അണിയുന്നവരിലും കാഴ്ചക്കാരിലും കൗതുകവും നിഗൂഢതയും നിലനിർത്താൻ ശേഷിയുള്ള കലാസൃഷ്ടികളാണ് മുഖംമൂടികൾ. ഒരു കലാപ്രകടനത്തിന്റെയോ വിനോദത്തിന്റെയോ ആചാരാനുഷ്ഠാനങ്ങളുടെയോ ഭാഗമായി മുഖത്തോ ശരീരത്തിലോ ഇത്തരം മൂടികൾ അണിയാറുണ്ട്.

ഏതെല്ലാം തരം മുഖംമൂടികൾ നിങ്ങൾ കണ്ടിട്ടുണ്ട്?

- സ്പൈഡർമാൻ
- പുലികളി
-
-

**കേരളത്തിൽ പ്രചാരത്തിലുള്ള പടയണി, കുമ്മാട്ടി തുടങ്ങിയ അനുഷ്ഠാനകലാരൂപങ്ങളിൽ വിവിധതരം മുഖംമൂടികൾ ഉപയോഗിച്ചുവരുന്നു.**



### പടയണി

വിളവെടുപ്പിനോടനുബന്ധിച്ച് അവതരിപ്പിച്ചുവരുന്ന ഒരു അനുഷ്ഠാനകലയാണ് പടയണി. 'പടേനി' എന്നും വിളിപ്പേരുള്ള നാടകസ്വഭാവമുള്ള കലാരൂപമാണിത്. കവുങ്ങിൻപാളകളിൽ നിർമ്മിച്ച വലുതും ചെറുതുമായ അനേകം മുഖംമൂടികളും കോലങ്ങളുമേന്തിയാണ് അവതരണം.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 2.7, 2.8 എന്ന ഫയൽ തുറക്കുക.



### കുമ്മാട്ടി

കുമ്മാട്ടിപ്പുല്ലോ വാഴയിലയോകൊണ്ട് ദേഹമാകെ മൂടി, വലിയ മുഖംമൂടികളും വെച്ചാണ് കുമ്മാട്ടി അവതരിപ്പിക്കുന്നത്. കമുകിൻപാളയിലോ മുരിക്കിൻതടിയിലോ ആണ് മുഖംമൂടികൾ നിർമ്മിക്കുന്നത്.

## മുഖത്തെഴുത്ത്


കാക്കാരശ്ശിനാടകം


തെയ്യം


തിറ

### മുഖത്തെഴുത്ത്

ആചാരാനുഷ്ഠാനങ്ങളുടെയും അവതരണകലകളുടെയും ഭാഗമായി മുഖത്ത് കലാപരമായി നിറങ്ങളുപയോഗിച്ച് ചിത്രം വരയ്ക്കുന്നതാണ് മുഖത്തെഴുത്ത്.

നിങ്ങൾക്ക് പരിചിതമായ മറ്റ് മുഖത്തെഴുത്ത് കലാരൂപങ്ങൾ ഏതൊക്കെയാണ്?

- 
- 
- 

## മുഖംമൂടി നിർമ്മിക്കാം







**നിങ്ങളുടെ മുഖത്തിനനുയോജ്യമായ രീതിയിൽ ഒരു മുഖംമൂടി നിർമ്മിക്കൂ..**

എന്തൊക്കെ മുന്നൊരുക്കങ്ങൾ നടത്തണം?

എന്തൊക്കെ വസ്തുക്കൾ ശേഖരിക്കണം?

ശേഖരിച്ച വസ്തുക്കൾ ഉപയോഗിച്ച് മുഖംമൂടി നിർമ്മിച്ച് കഥാപാത്രാവതരണം നടത്തുക. മികച്ച അവതരണങ്ങൾ കണ്ടെത്തി പ്രത്യേകതകൾ കുറിക്കുക.



**ചൗമാസ്ക്**

ബംഗാളിലെ ചൗമാസ്ക് കളിമണ്ണും പേപ്പറും ഉപയോഗിച്ച് നിർമ്മിക്കുന്നതാണ്.



**ഈജിപ്ഷ്യൻ മാസ്ക്**

സ്വർണത്തിലും *ലാപിസ് ലസൂലിയിലും നിർമ്മിച്ച തുത്തൻഖാമന്റെ മുഖംമൂടി.

* ലാപിസ് ലസൂലി : വില കൂടിയ നീലനിറമുള്ള ഒരുതരം കല്ല്

പുരാതന ഗ്രീക്ക്, ജാപ്പനീസ്, ചൈനീസ് നാടകങ്ങളിലും നൃത്തരൂപങ്ങളിലും കഥാപാത്രങ്ങൾ മുഖംമൂടി അണിഞ്ഞാണ് അവതരണം നടത്താറുള്ളത്. ഇവയിൽനിന്നും വ്യത്യസ്തമായി ഈജിപ്തിലും ആഫ്രിക്കയിലും മരണാനന്തരചടങ്ങുകളിൽ മുഖംമൂടികൾ ഉപയോഗിച്ചിരുന്നു.



ഗ്രീക്ക്



ജാപ്പനീസ്



ചൈനീസ്



ആഫ്രിക്കൻ



ലോകരാജ്യങ്ങളിൽ പ്രചാരത്തിലുള്ള മറ്റ് മുഖംമൂടികൾ കണ്ടെത്തി എഴുതുക.

- 
- 



# നാട്ടുപാട്ട്

ലോക സംഗീതദിനാഘോഷത്തിന്റെ ഭാഗമായിട്ടുള്ള സെമിനാറിൽ ഇന്ന് നാടൻപാട്ടുകളെക്കുറിച്ചുള്ള ചർച്ചയാണ് നടക്കുന്നത്. നാടൻപാട്ടുകൾ നിങ്ങൾക്ക് ഏറെ പ്രിയപ്പെട്ടവയല്ലേ? ഏതെല്ലാം വിഭാഗത്തിലുള്ള നാടൻപാട്ടുകളെക്കുറിച്ച് നിങ്ങൾക്കറിയാം? കാലാടിസ്ഥാനത്തിലും ദേശാടിസ്ഥാനത്തിലും തൊഴിലടിസ്ഥാനത്തിലും വാദ്യോപകരണങ്ങളുടെ അടിസ്ഥാനത്തിലുമുള്ള നാടൻപാട്ടുകൾ നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കുമല്ലോ?

### വിവിധതരം നാടൻപാട്ടുകളെ പരിചയപെടാം

## നാടൻപാട്ട്

- വ്യത്യസ്ത പ്രാദേശിക സ്വഭാവങ്ങളും ജീവിതരീതിയും ആഘോഷങ്ങളും വെളിവാക്കുന്ന പാട്ടുകളാണ് നാടൻപാട്ടുകൾ.
- പ്രാദേശികമായി നിർമ്മിച്ച വാദ്യോപകരണങ്ങളാണ് പൊതുവേ നാടൻ പാട്ടുകൾക്ക് ഉപയോഗിക്കുന്നത്.
- സംഗീതത്തിലെ ഏറ്റവും ജനപ്രിയമായ മേഖലകളിലൊന്നാണ് നാടൻപാട്ടുകൾ.



## നാടൻപാട്ട് പാടാം

നിങ്ങൾക്ക് ഇഷ്ടമുള്ള നാടൻപാട്ടുകൾ സംഘമായി പാടിനോക്കൂ.....

**കാലാനുസൃതമായ നാടൻപാട്ടുകൾ**
ഓണപ്പാട്ട്, തിരുവാതിരപ്പാട്ട്.

**ദേശാടിസ്ഥാനത്തിലുള്ള നാടൻപാട്ടുകൾ.**
വടക്കൻപാട്ട്, തെക്കൻപാട്ട്, ഇടനാടൻപാട്ട്.

**വാദ്യോപകരണങ്ങളുടെ അടിസ്ഥാനത്തിലുള്ള നാടൻപാട്ടുകൾ.**
വില്ലടിച്ചാൻപാട്ട്, നന്തുണിപാട്ട്.

**തൊഴിൽകൂട്ടങ്ങളുമായി ബന്ധപ്പെട്ടുള്ള നാടൻപാട്ടുകളാണ് തൊഴിൽപാട്ടുകൾ.**
കൃഷിപ്പാട്ട്, കടൽപ്പാട്ട്.
വിവിധ ജനസമൂഹവുമായി ബന്ധപ്പെട്ട ഗാനങ്ങളും നാടൻപാട്ടുകളിൽ ഉൾപ്പെടുന്നു.

### വടക്കൻപാട്ട്

വടക്കൻ കേരളത്തിൽ ഉടലെടുത്ത വീരാരാധനാപരമായ നാടോടി പാട്ടുകളാണ് വടക്കൻപാട്ടുകൾ കളരി അഭ്യാസങ്ങൾക്ക് പേരുകേട്ട വടക്കേ മലബാറിലെ തച്ചോളി, പുത്തൂരം തുടങ്ങിയ തറവാടുകളിലെ അഭ്യാസികളുടെ ജീവചരിത്രങ്ങളും അവരെ പ്രകീർത്തിച്ചുകൊണ്ടുള്ള പാട്ടുകളുമാണ് ഇവ.

### തെക്കൻപാട്ട്

തെക്കൻ തിരുവിതാംകൂർ പ്രദേശത്ത് പ്രചാരമുള്ള നാടൻപാട്ടുകളാണ് തെക്കൻപാട്ടുകൾ തമിഴ് കലർന്ന മലയാളമാണ് തെക്കൻപാട്ടുകളിലെ ഭാഷ.



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 2.9, 2.10 എന്ന ഫയൽ തുറക്കുക.



## ഓണപ്പാട്ടുകൾ പാടാം...

ഓണപ്പാട്ടുകൾ നിങ്ങൾക്ക് ഇഷ്ടമല്ലേ. നിങ്ങൾ കേട്ടിട്ടുള്ള ഓണപ്പാട്ടുകൾ കണ്ടെത്തി വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ക്ലാസ്സിൽ പാടൂ.

താളം പിടിക്കുവാനായി ലഭ്യമായ വസ്തുക്കൾ ഉപയോഗിക്കാം.

## പാട്ടുപെട്ടി

### നാടൻപാട്ട്
### (പാക്കനാർപാട്ട്)

*തെയ്യാരോ തെയ്യാതിനിന്താരോ*
*തേനാരോ തെയ്യം താരം*
*ഓരാണ്ടി... ലൊരിക്കലാണേ*
*മാവേലി.... ടെ തേരുവരവ്*
*ഉത്തരാടം നല്ല ഉച്ചനേരത്താണേ*
*മാവേലിടെ തേരുതെളിവ്*
*മാവേലി വരണവഴിയില്*
*എന്തെല്ലാം ലെച്ചണങ്ങൾ*
*മാവേലി വരണവഴിയില്*
*എന്തല്ലാം ഘോഷമൊണ്ട്*
*എടവഴി പെരുവഴിയും നല്ലെ*
*ചെത്തിവാരി ഇടുക വേണം*
*വെള്ളമൊള്ള കെണറുകളും നല്ലെ*
*എറച്ചു കോരി ഇടുകവേണം*
*പുത്തനൊരു നല്ല നല്ലോലയും വെട്ടി*
*കോടി നാലും മേഞ്ഞിറങ്ങി*
*അരിയരിയോ തിരി തിരിയോ*
*നല്ലയമ്മാ തിരി തെളിക്കാ*

പാട്ട് പെട്ടിയിലെ നാടൻപാട്ട് പാടി നോക്കണേ.



യാഴ്

### യാഴ്
കേരളത്തിലും തമിഴ്നാട്ടിലും പ്രചാരത്തിൽ ഉണ്ടായിരുന്ന സംഗീത ഉപകരണമാണ് യാഴ്. വിവിധ തരത്തിലുള്ള യാഴുകളുണ്ട്. ഇതിന്റെ ആദ്യരൂപം അറിയപ്പെടുന്നത് വിൽയാഴ് എന്നാണ്. ഭേരിയാഴ്, ശീരീയാഴ്, സകോടയാഴ്, മകരയാഴ് എന്നിവ പിന്നീടുണ്ടായ യാഴുകളാണ്.



### മറിയാമ്മ ജോൺ
നാടൻപാട്ടുകാരിയും മുടിയാട്ട കലാകാരിയുമാണ് മറിയാമ്മ ചേടത്തി എന്നറിയപ്പെടുന്ന മറിയാമ്മ ജോൺ. കേരള സംഗീത നാടക അക്കാദമി അവാർഡ് ജേതാവായ ചേടത്തി 1999 ലെ 'കരുണം' എന്ന സിനിമയിലൂടെയും തന്റെ പാട്ട് ജനങ്ങളിലെത്തിച്ചു.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 2.11 എന്ന ഫയൽ തുറക്കുക.



### കണ്ണൻ മുത്തൻ
**തൃശ്ശൂർ ജില്ലയിലെ അഷ്ടമിച്ചിറയിൽ കാട്ടിക്കരക്കുന്ന് ദേശത്ത് താമസിച്ചിരുന്ന നാടൻപാട്ട് കലാകാരൻ. നാട്ടുവാദ്യങ്ങളായ വലന്തലചെണ്ട (പറച്ചെണ്ട), കുഴൽ, തപ്പ്, തുടി മുതലായ വാദ്യങ്ങൾ സ്വന്തമായി നിർമ്മിച്ചിരുന്നു.**

# സിനിമ

My Diary

**01-11-1990**

ഞങ്ങളെല്ലാവരും അതിരാവിലെതന്നെ സ്കൂൾമുറ്റത്ത് റെഡിയായിരുന്നു. ഓരോരുത്തരുടെയും പേര് വിളിച്ച് ടീച്ചർ ഞങ്ങളെ ബസ്സിൽ കയറ്റി സീറ്റിലിരുത്തി. സൈഡ് സീറ്റിൽ ആയിരുന്നു എന്റെ സ്ഥാനം. ഡ്രൈവർ ബസ് സ്റ്റാർട്ട് ചെയ്തു. കലാമണ്ഡലം ലക്ഷ്യമാക്കി നീങ്ങി. ബസ്സിൽനിന്നിറങ്ങി എല്ലാവരും വരിവരിയായി ഗേറ്റ് ലക്ഷ്യമാക്കി നടന്നു. ചെണ്ടയുടെയും ചിലങ്കയുടെയും ശബ്ദങ്ങൾ കേൾക്കാമായിരുന്നു. കുറച്ചു മുന്നോട്ടുനടന്നപ്പോൾ വള്ളത്തോൾ പ്രതിമയും കൂത്തമ്പലവും നൃത്തക്കളരികളും കണ്ടു. പിന്നീട് വള്ളത്തോൾ മ്യൂസിയത്തിലേക്ക് പോയി. വള്ളത്തോൾ ഉപയോഗിച്ച പേനയും പുസ്തകങ്ങളും വസ്ത്രങ്ങളും പുരസ്കാരങ്ങളും ഒക്കെ അവിടെ ഉണ്ടായിരുന്നു.



അനുവിന്റെ അച്ഛൻ വിദ്യാർഥിയായിരുന്ന കാലത്ത് എഴുതിയ പഠനയാത്രക്കുറിപ്പ് കണ്ടല്ലോ...

പഠനയാത്രയുടെ ഭാഗമായി എന്തെല്ലാമാണ് കണ്ടത് ?

•
•
•

എന്നാൽ, ഇന്ന് നമ്മൾ പഠനയാത്ര പോകുകയാണെങ്കിലോ?

കണ്ട കാഴ്ചകളെ എങ്ങനെയാണ് ശേഖരിച്ചുവയ്ക്കുക ?

- കുറിപ്പ് എഴുതും
- വീഡിയോ എടുക്കും

നമ്മൾ ഈ വർഷം പഠനയാത്ര പോകുന്നത് ഇതേ സ്ഥലത്തേക്കാണെങ്കിലോ..?

ഈ യാത്ര നമുക്കൊന്ന് ഷൂട്ട് ചെയ്ത് വീഡിയോ ആക്കിയാലോ...

വീഡിയോ നിർമ്മാണത്തിനാവശ്യമായ ഘട്ടങ്ങൾ എഴുതൂ.

- ബസ്സിൽനിന്ന് കുട്ടികൾ വരിവരിയായി പുറത്തേക്കിറങ്ങുന്നു.
•
•
•

വീഡിയോ നിർമ്മാണത്തിന്റെ ആദ്യഘട്ടമായ മുന്നൊരുക്കം നിർവഹിച്ചല്ലോ ?

ഇനി അടുത്ത ഘട്ടമായി സ്റ്റോറിബോർഡ് നിർമ്മാണമാണ്.

## സ്റ്റോറിബോർഡ് നിർമ്മാണം

വീഡിയോ നിർമ്മാണത്തിന്റെ ആവിശ്യകതക്കനുസരിച്ച് വ്യത്യസ്ത ഫ്രെയിമുകളും ക്യാമറാ ആംഗിളുകളും ഉൾപ്പെടുത്തിവേണം സ്റ്റോറിബോർഡ് തയ്യാറാക്കാൻ.

**സ്റ്റോറി ബോർഡ്**

ദൃശ്യം ചിത്രീകരിക്കുന്നതിന് സഹായകമായി വരയ്ക്കുന്ന ചിത്രങ്ങളെയാണ് സ്റ്റോറിബോർഡ് എന്ന് പറയുന്നത്. ചിത്രീകരിക്കാനാവശ്യമായ നിർദേശങ്ങളും ഇവയിൽ എഴുതി ചേർക്കാവുന്നതാണ്.



1. ബസ്സിൽനിന്നും ഇറങ്ങിവരുന്ന കുട്ടികൾ



2. വരിവരിയായി പുറത്തേക്ക് നടന്നുപോകുന്ന കുട്ടികൾ

3.

4.

5.

6.

രണ്ടു മാതൃകകൾ കണ്ടല്ലോ. ബാക്കിയുള്ള ഫ്രെയിമുകളും വരച്ച് സ്റ്റോറി ബോർഡുകൾ പൂർത്തിയാക്കുക. എത്ര ഫ്രെയിമുകൾ വേണമെന്ന് നിങ്ങൾക്ക് തീരുമാനിക്കാം.

ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചചെയ്ത് വരച്ച സ്റ്റോറിബോർഡ് ക്ലാസിൽ അവതരിപ്പിക്കുമല്ലോ. ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും വേണം.

ചിത്രീകരണത്തിനുമുമ്പ് സ്റ്റോറിബോർഡ് തയ്യാറാക്കുമ്പോൾ ചിത്രീകരിക്കേണ്ട ആശയത്തെപ്പറ്റി നിങ്ങൾക്ക് പൂർണ്ണമായ ധാരണ ഉണ്ടായില്ലേ?

**ഫ്രെയിം**

**നിശ്ചലചിത്രങ്ങളെ ചേർത്തുവച്ചാണ് സിനിമയിൽ ദൃശ്യങ്ങൾ ചലിപ്പിക്കുന്നത്. ഓരോ നിശ്ചല ചിത്രങ്ങളും ഓരോ ഫ്രെയിമുകളാണ്. ഒരു സെക്കൻഡിൽ 24 ഫ്രെയിമുകൾ ചലിക്കുമ്പോഴാണ് സിനിമയിൽ ചലനം അനുഭവപ്പെടുന്നത്.**

**ഫ്രെയിം റേറ്റ്**

ചലനം സൃഷ്ടിക്കുന്നതിന് ചിത്രങ്ങളെ തുടർച്ചയായി പ്രദർശിപ്പിക്കുന്നതിന്റെ ആവർത്തിയെ ആണ് ഫ്രെയിം റേറ്റ് എന്ന് വിളിക്കുന്നത്. 24, 60, 120, 240 എന്നിവ ഫ്രെയിം റേറ്റിന് ഉദാഹരണങ്ങളാണ്. ഫ്രെയിം റേറ്റ് അളക്കുന്നതിനുള്ള മാനദണ്ഡത്തെ എഫ്. പി. എസ്. എന്ന് പറയുന്നു. (ഫ്രെയിം പെർ സെക്കൻഡ്) ഫ്രെയിംറേറ്റിനെ താഴെ കാണിച്ചിരിക്കുന്ന രീതിയിലാണ് എകദേശം കണക്കാക്കപ്പെടുന്നത്..



15FPS 24FPS 60FPS 120FPS 240FPS

ഫ്രെയിം റേറ്റ് കൂടുന്നതിനനുസരിച്ച് ഫ്രെയിമുകൾക്ക് ഉണ്ടാകുന്ന മാറ്റങ്ങൾ ശ്രദ്ധിക്കൂ.

# 3

# നിറവിഹാരങ്ങൾ

3.1 വട്ടത്തിൽ കറങ്ങാം

3.2 ഏലൈലെസ.....

3.3 ചുമരിലെ വർണ്ണങ്ങൾ

3.4 ഇഷ്ടഗാനങ്ങളിലൂടെ

3.5 ക്യാമറയ്ക്കൊപ്പം



# വട്ടത്തിൽ കറങ്ങാം

"നാരങ്ങാപ്പാല് ചൂണ്ടയ്ക്ക് രണ്ട്,
ഇലകൾ പച്ച പൂക്കൾ മഞ്ഞ....."

കുട്ടികൾ കൈകൾ കോർത്തുപിടിച്ച് പിന്നിലേക്കാഞ്ഞ് വേഗത്തിൽ വട്ടത്തിൽ കറങ്ങി ആർത്തുകളിക്കുകയാണ്.

നിങ്ങളും അതുപോലെ ചെയ്തുനോക്കൂ. കൈകൾ വിട്ട് മുകളിലേക്കുയർത്തി ഓരോരുത്തരും വട്ടം കറങ്ങണം. നിങ്ങൾ ചെയ്ത ചലനത്തിനു സമാനമായ ചലനമാണ് മുകളിലെ ചിത്രത്തിൽ കാണുന്ന സൂഫിനൃത്തത്തിനും ഉള്ളത്.

ചിത്രം നോക്കി സവിശേഷതകൾ എഴുതൂ.
കറങ്ങുമ്പോൾ ശരീരത്തിന്റെ നിയന്ത്രണം നഷ്ടപ്പെടാതിരിക്കാൻ എന്തൊക്കെയാണ് ശ്രദ്ധിക്കേണ്ടത്?

- ..................................................
- ..................................................
- ..................................................
- ..................................................





സൂഫിനൃത്തം

സൂഫിനൃത്തരൂപത്തിലെ ചില ദൃശ്യങ്ങളാണിവ. ചിത്രങ്ങൾ നിരീക്ഷിക്കുക.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 3.1 എന്ന ഫയൽ തുറക്കുക.

പ്രത്യേകതകൾ കണ്ടെത്തി എഴുതുക.

- ചലനം
-
-
-

### സൂഫിനൃത്തം

**പരമ്പരാഗത തുർക്കി, ഈജിപ്ഷ്യൻ കലാരൂപമാണ് സൂഫിനൃത്തം. ഒരുമണിക്കൂറോളം തുടർച്ചയായി വട്ടത്തിൽ കറങ്ങുന്ന ചുവടുകളാണ് സൂഫിനൃത്തത്തിന്റെ പ്രധാന ആകർഷണം. ചലിച്ചുകൊണ്ട് മനസ്സിനെയും ശരീരത്തെയും ഏകാഗ്രമാക്കാം എന്ന ആശയമാണ് സൂഫിനൃത്തം മുന്നോട്ടു വെയ്ക്കുന്നത്.**

### കുറിപ്പ് തയ്യാറാക്കാം

നിങ്ങൾ വട്ടത്തിൽ കറങ്ങിയതും സൂഫി നൃത്തവും തമ്മിൽ പൊതുവായി എന്തെങ്കിലും സമാനതകൾ ഉണ്ടോ?

വൃത്താകൃതിയിൽ കറങ്ങിച്ചെയ്യുന്ന ചലനങ്ങൾ കൂടുതലായി അവതരിപ്പിക്കുന്ന മറ്റൊരു നൃത്തം പരിചയപ്പെടാം.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള കഥക് ക്ലാസ് 7 ലെ 3.2 എന്ന ഫയൽ തുറക്കുക.



### കഥക്‌നൃത്തം

ഉത്തരേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പ്രചാരത്തിലുള്ള നൃത്തരൂപമാണ് കഥക്. ജയ്പൂർ, ബനാറസ്, ലക്നൗ, റായ്ഗഢ് എന്നിവ കഥക്കിലെ വ്യത്യസ്ത ശൈലികളെ സൂചിപ്പിക്കുന്നു. ഇവ ഘരാനകൾ എന്ന് അറിയപ്പെടുന്നു. ദ്രുതഗതിയിലുള്ള പദചലനങ്ങളും ഭ്രമണങ്ങളും കഥക്കിന്റെ സവിശേഷതകളാണ്.

### ബിർജു മഹാരാജ്

കഥക് നൃത്തത്തിലെ ലക്നൗ ഘരാനയുടെ വക്താവായ നർത്തകനാണ് ബിർജു മഹാരാജ്. കേന്ദ്ര സംഗീതനാടക അക്കാദമിയുടെ കീഴിൽ പ്രവർത്തിക്കുന്ന കഥക് കേന്ദ്രയുടെ പ്രധാന ചുമതലക്കാരനായിരുന്നു. ധാരാളം സിനിമകളിൽ നൃത്തസംവിധായകനായി പ്രവർത്തിച്ച ബിർജു മഹാരാജിന് പത്മവിഭൂഷൻ അടക്കം നിരവധി ബഹുമതികൾ ലഭിച്ചിട്ടുണ്ട്.





# ഏലൈസ.....

*തെയ്യോം തക താരോം തിത്തോം*

*തിത്തക താരോം തിനന്തിനം താരോം*

*രാരിക്കം രാരോ... രേരിക്കം രേരോ...*

*രാരിക്കം രാരോ... രേരിക്കം രേരോ...*

ഈ വായ്ത്താരി പാടിനോക്കൂ

ഇതേപോലുള്ള ഏതൊക്കെ വായ്ത്താരികൾ നിങ്ങൾക്കറിയാം...

- 
- 
- 
- 



## വായ്ത്താരി നിർമ്മാണം

വായ്ത്താരികളെക്കുറിച്ച് മുൻ ക്ലാസുകളിൽ നാം പഠിച്ചിട്ടുണ്ടല്ലോ...
നമുക്കൊരു വായ്ത്താരി ഉണ്ടാക്കിയാലോ...

നാലു സംഘമായി തിരിഞ്ഞ് നമുക്കു തുടങ്ങാം....
താഴെ കൊടുത്തിരിക്കുന്ന അക്ഷരങ്ങളും സൂചനകളും ശ്രദ്ധിക്കൂ...

| ഗ്രൂപ്പ് 1 | ഗ്രൂപ്പ് 2 | ഗ്രൂപ്പ് 3 | ഗ്രൂപ്പ് 4 |
|---|---|---|---|
| ആ | ത | ര | ല |

- നിങ്ങൾക്ക് ലഭിച്ച അക്ഷരം ഉപയോഗിച്ച് നാലുവരികൾ ഉള്ള വായ്ത്താരിയാണ് നിർമ്മിക്കേണ്ടത്.
- ആവശ്യമെങ്കിൽ നിങ്ങൾക്ക് കിട്ടിയ അക്ഷരത്തിനൊപ്പം ഒരക്ഷരം കൂടി ചേർക്കാവുന്നതാണ്.



തയ്യാറാക്കിയ വായ്ത്താരി സംഘങ്ങളായി പാടി നോക്കൂ.

**ചന്ദ്രൻ വയ്യാട്ടുമ്മൽ (പാരീസ് ചന്ദ്രൻ)**

**നാടകസംഗീതം എന്ന മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ച വ്യക്തിയാണ് ചന്ദ്രൻ വയ്യാട്ടുമ്മൽ എന്ന പാരീസ് ചന്ദ്രൻ. ലോകത്തിലെ വിവിധ തീയേറ്റർക്കമ്പനികളുടെ രംഗാവതരണങ്ങൾക്ക് അദ്ദേഹം സംഗീതം നിർവഹിച്ചിട്ടുണ്ട്.**





## ഒത്തുചേർന്ന് ചുവട് വയ്ക്കാം

ഇനി നമ്മൾ വായ്ത്താരിക്കനുസരിച്ച് ചുവടുകൾ രൂപപ്പെടുത്താൻ പോവുകയാണ്. ചുവടുകൾ ചിട്ടപ്പെടുത്തി വായ്ത്താരിയും ചേർത്ത് അവതരിപ്പിക്കണം.

അവതരണത്തിനു മുൻപ് പരിശീലനം നടത്താവുന്നതാണ്.

അവതരണം നടത്തിയല്ലോ...

അവതരണം കൂടുതൽ മെച്ചപ്പെടുത്താൻ ഇനിയും എന്തൊക്കെ കാര്യങ്ങൾ നമുക്ക് കൂട്ടിച്ചേർക്കാം.

-
-



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 3.3 എന്ന ഫയൽ തുറക്കുക.

## ചുവട് വച്ച് അഭിനയിക്കാം

വായ്ത്താരികൾ ഉൾപ്പെട്ട പാട്ടുകൾ പാടിയിരുന്നത് ഏതൊക്കെ തൊഴിലുമായി ബന്ധപ്പെട്ടാണ് കണ്ടെത്തൂ.

- കൃഷി
-
-

കണ്ടെത്തിയ തൊഴിലുകളിൽനിന്നും അഭിനയിക്കുന്നതിനായി നിങ്ങൾക്കിഷ്ടമുള്ള ഒരു തൊഴിൽമേഖല തിരഞ്ഞെടുക്കുക.

നിങ്ങൾ കണ്ടെത്തിയ തൊഴിലുകളിലെ ഏതൊക്കെ പ്രവൃത്തികൾ ചെയ്യുമ്പോഴാണ് വായ്ത്താരികൾ ഉപയോഗിക്കുന്നത്.

**ഉദാഹരണം :**

| തൊഴിൽ | പ്രവൃത്തികൾ |
|---|---|
| കൃഷി | നിലമൊരുക്കൽ<br>വിത്തെറിയൽ<br>കൊയ്ത്ത് |

ST-477-4-ART EDUCATION(M)7

ഇനി ഓരോ ഗ്രൂപ്പായി അവതരിപ്പിക്കാം. അവതരിപ്പിക്കുമ്പോൾ നിങ്ങൾ തിരഞ്ഞെടുത്ത തൊഴിലുമായി ബന്ധപ്പെട്ട ചലനങ്ങൾ ഉൾപ്പെടുത്താൻ മറക്കരുതേ.

നിരീക്ഷിക്കൂ.. ഓരോ തൊഴിലിനും ചലനങ്ങൾ വ്യത്യസ്തമല്ലേ...
കായികാധ്വാനം ആവശ്യമുള്ള തൊഴിലുകളിൽ ഏർപ്പെടുന്ന ആളുകളുടെ ശരീരചലനങ്ങൾ അനുകരിക്കൂ.

### കേരളത്തിലെ ചില നാടോടി നാടകങ്ങൾ

- കാക്കാരിശ്ശിനാടകം
- തേനെടുനാടകം
- വെള്ളരിനാടകം
- ചവിട്ടുനാടകം
- പൊറാട്ടുനാടകം
- ചിമ്മാനക്കളി

നിങ്ങളുടെ പ്രദേശത്തുള്ള മറ്റു നാടോടിനാടകങ്ങൾ കണ്ടെത്തി പട്ടിക വിപുലപ്പെടുത്തൂ... രക്ഷിതാക്കളുടെയും പ്രാദേശിക കലാകാരന്മാരുടെയും സഹായം തേടാം.

### വെള്ളരിനാടകങ്ങൾ

കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ഒരു നാടകാവതരണ രീതിയാണ് വെള്ളരിനാടകങ്ങൾ. വെള്ളരികൃഷിക്ക് കാവലിരിക്കുന്നവർ നേരംപോകാനായി നാടകപരിശീലനം നടത്തും. വെള്ളരി പാകമാകുമ്പോൾ നാടകം അവതരണത്തിന് തയ്യാറാകും. എഴുതിത്തയ്യാറാക്കിയ സ്ക്രിപ്റ്റോ വലിയ തയ്യാറെടുപ്പുകളോ ഇത്തരം നാടകങ്ങൾക്ക് ഉണ്ടാവാറില്ല.



“വിത്തും കൈകൊട്ടും” എന്ന വെള്ളരി നാടകത്തിൽ നിന്ന്

# നാടക ചരിത്രം

## ലിറ്റർജിക്കൽ ഡ്രാമയും, സന്മാർഗ നാടകങ്ങളും

മധ്യകാലഘട്ടത്തിൽ ബൈബിൾ കഥകളും പുണ്യവാളന്മാരുടെ കഥകളും ഉൾക്കൊള്ളിച്ച് പള്ളികൾ കേന്ദ്രീകരിച്ച് നടത്തിയിരുന്ന നാടകങ്ങളാണ് ആരാധനാക്രമനാടകങ്ങൾ **(Liturgical Drama).**

### സന്മാർഗനാടകങ്ങൾ (Morality Plays)

വേഷം മാറിയ നടന്മാർ സാമൂഹിക നന്മയ്ക്കായി മൂല്യങ്ങളെ ഉയർത്തിക്കാട്ടി അവതരിപ്പിക്കുന്ന നാടകങ്ങളാണ് സന്മാർഗനാടകങ്ങൾ.



സംഗീത നാടക അവതരണം.

# ചുമരിലെ വർണ്ണങ്ങൾ

പ്രകൃതിദത്ത വസ്തുക്കൾ ഉപയോഗിച്ച് എന്തൊക്കെ നിറങ്ങൾ നിർമ്മിക്കാൻ സാധിക്കും? നിങ്ങൾ അത്തരത്തിൽ ഏതെങ്കിലും നിറങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ?
കേരളത്തിലെ പരമ്പരാഗത രീതിയിലുള്ള ചുമർച്ചിത്രങ്ങൾ പ്രകൃതിദത്ത വർണ്ണങ്ങൾ ഉപയോഗിച്ച് നിർമ്മിച്ചവയാണ്.



'കേരളത്തിൽ ഇതുവരെ കണ്ടെത്തിയതിൽ വച്ച് ഏറ്റവും വലിയ ചുമർച്ചിത്രമാണിത്.'

ഗജേന്ദ്രമോക്ഷം ചുമർച്ചിത്രം, കൃഷ്ണപുരം കൊട്ടാരം, കായംകുളം



സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി (ചെറിയ പള്ളി) 16-ാം നൂറ്റാണ്ടിൽ നിർമ്മിച്ച പള്ളിയിലെ അതിപുരാതനമായ ചുമർച്ചിത്രങ്ങൾ.

കോട്ടയം ചെറിയപള്ളിയിലെ ചുമർച്ചിത്രം

**ചുമർച്ചിത്രങ്ങളിലെ നിറങ്ങളും അവ നിർമ്മിക്കാൻ ഉപയോഗിക്കുന്ന പ്രകൃതിദത്ത വസ്തുക്കളും.**

| | | |
|---|---|---|
| ചുവപ്പ് | - | ചെങ്കല്ല് |
| മഞ്ഞ | - | വെട്ടുകല്ല് |
| വെളുപ്പ് | - | ചുണ്ണാമ്പ് |
| കറുപ്പ് | - | എണ്ണവിളക്കിൽനിന്നുള്ള കരി |
| നീല | - | നീല അമരി |
| പച്ച | - | നീല അമരിയോടൊപ്പം എരവിക്കറ ചേർത്ത് |

**ചുമർച്ചിത്രം വരയ്ക്കാനുള്ള പ്രതലം ഒരുക്കുന്നത്:**
കരിങ്കല്ല് കൊണ്ടോ, ചെങ്കല്ല് കൊണ്ടോ കെട്ടിയ ചുമരിൽ കുമ്മായം തേച്ച് പരുക്കൻ പ്രതലവും പിന്നീട് അതിനു മുകളിൽ നേർത്ത രണ്ടാം പ്രതലവും നിർമ്മിക്കുന്നു. കുമ്മായം ഇളകിപ്പോകാതിരിക്കാൻ പ്രകൃതിദത്ത പശകൾ ഉപയോഗിക്കുന്നു.

**കേരളത്തിലെ ചുമർച്ചിത്രങ്ങൾ ഉള്ള ചില സ്ഥലങ്ങൾ**

- തൊടീക്കളം – കണ്ണൂർ
- മട്ടാഞ്ചേരി – എറണാകുളം
- കൃഷ്ണപുരം കൊട്ടാരം – കായംകുളം
- പദ്മനാഭപുരം കൊട്ടാരം – തിരുവനന്തപുരം
- പുണ്ടരീകപുരം - തലയോലപ്പറമ്പ്
- സെന്റ് മേരീസ് ചർച്ച് - അങ്കമാലി


സ്കൂൾപഠനയാത്ര പോകുമ്പോൾ ചുമർച്ചിത്രങ്ങളുള്ള സ്ഥലങ്ങൾ സന്ദർശിക്കുമല്ലോ ?

**മമ്മിയൂർ കൃഷ്ണൻകുട്ടി**

കേരള ചുമർച്ചിത്രകലാരംഗത്തെ പ്രധാനിയായിരുന്നു മമ്മിയൂർ കൃഷ്ണൻകുട്ടി. ചുമർച്ചിത്രകലയുടെ കേരളത്തനിമയും ശൈലിയും പിന്തുടർന്ന അദ്ദേഹം പ്രകൃതിദത്ത നിറങ്ങളുപയോഗിച്ച് പാരമ്പര്യരീതിയിൽ നിരവധി ചുമർച്ചിത്രങ്ങൾ വരച്ചിട്ടുണ്ട്.




**വരയ്ക്കാം നിറംനൽകാം**

ചുമർച്ചിത്രങ്ങളുടെ പ്രത്യേകതകളും രചനരീതികളും മനസ്സിലാക്കിയല്ലോ. ഈ രചനാരീതിയിൽ ഇഷ്ടമുള്ളൊരു ചിത്രം വരച്ച് ചുമർച്ചിത്രങ്ങളിലെ പ്രകൃതിദത്ത വർണ്ണങ്ങൾക്ക് സമാനമായ നിറം നൽകി ചിത്രം പൂർത്തീകരിക്കുക. ചിത്രങ്ങൾ ക്ലാസ് മുറിയിൽ പ്രദർശിപ്പിക്കുക. കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്യുക. പ്രദർശിപ്പിച്ച ചിത്രങ്ങളിൽ നിറങ്ങൾക്കായി ഏതൊക്കെ പ്രകൃതിദത്ത വസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ട്? ചർച്ച ചെയ്യൂ. രേഖപ്പെടുത്തൂ.

## ഇന്ത്യയിലെ പ്രധാനപ്പെട്ട ചുമർച്ചിത്രങ്ങൾ.

### വിജയനഗര ചുമർച്ചിത്രങ്ങൾ

മനോഹരമായ വരകൾ, ചടുലമായ വർണ്ണങ്ങൾ, വിശദാംശങ്ങൾ എന്നിവയാണ് വിജയനഗര ശൈലിയിലുള്ള ചുമർച്ചിത്രങ്ങളുടെ സവിശേഷതകൾ. ഭൂരിഭാഗം ചിത്രങ്ങളും ചുമരുകളുടെ മേൽത്തട്ടിലായാണ് രചിച്ചിട്ടുള്ളത്.

**വിജയനഗര ചുമർച്ചിത്രങ്ങൾ**



## അജന്തഗുഹകൾ


ബോധിസത്വ പദ്മപാണി

മഹാരാഷ്ട്രയിൽ ഔറംഗബാദ് ജില്ലയിലെ അജന്തയിൽ ബി.സി. രണ്ടാം നൂറ്റാണ്ടുമുതൽ എ.ഡി. ഏഴാംനൂറ്റാണ്ടു വരെയുള്ള കാലഘട്ടത്തിൽ കരിങ്കല്ലിൽ കൊത്തിയ ഗുഹാ ക്ഷേത്രങ്ങളാണ് അജന്തഗുഹകൾ എന്നറിയപ്പെടുന്നത്. 1983 മുതൽ ഇതിനെ യുനെസ്കോയുടെ ലോകപൈതൃകകേന്ദ്രങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആകെ ഇരുപത്തൊമ്പതു ഗുഹകൾ ഉള്ളതിൽ ബോധിസത്വ പദ്മപാണി, ബോധിസത്വ വജ്രപാണി എന്നീ പ്രശസ്തമായ രണ്ട് ചുമർച്ചിത്രങ്ങൾ ഒന്നാമത്തെ ഗുഹയിലാണുള്ളത്. മറ്റ് ഗുഹകളിൽ ബുദ്ധശില്പങ്ങളും ജാതകകഥകൾ ആസ്പദമാക്കിയ ചിത്രങ്ങളും നിരവധി ശിലാലിഖിതങ്ങളും കൊത്തുപണികളും ഉണ്ട്.


ബാഗ് ഗുഹാചിത്രങ്ങൾ

## ബാഗ് ഗുഹാചിത്രങ്ങൾ

മധ്യപ്രദേശിൽ സ്ഥിതിചെയ്യുന്ന ബാഗ് ഗുഹകൾ ബുദ്ധിസത്തിന്റെ അവസാനപാദത്തിൽ നിർമ്മിക്കപ്പെട്ടവയാണ്. അജന്തഗുഹാചിത്രങ്ങൾക്ക് സമാനമാണ് ബാഗിലെ ചുമർച്ചിത്രങ്ങൾ.


ബദാമി ഗുഹാചിത്രങ്ങൾ

## ബദാമി ഗുഹാചിത്രങ്ങൾ

മധ്യകാല ഗുഹാചിത്രങ്ങളായ ബദാമി ആറാം നൂറ്റാണ്ടിനും എട്ടാം നൂറ്റാണ്ടിനും ഇടയിൽ നിർമ്മിക്കപ്പെട്ടവയാണ്. കർണാടകയിൽ സ്ഥിതിചെയ്യുന്ന ഈ ഗുഹാച്ചിത്രങ്ങളും വാസ്തുവിദ്യയും ചാലൂക്യശൈലിയിലുള്ളവയാണ്. ദ്രാവിഡശൈലിയുടെയും നാഗരശൈലിയുടെയും മിശ്രണമാണ് ബാദാമി ചിത്രങ്ങളും ശില്പങ്ങളും.

### ഫ്രെസ്കോ

പ്രകൃതിദത്ത നിറങ്ങൾ നനവുള്ള ലൈം പ്ലാസ്റ്റർ ചുമരിൽ നേരിട്ട് ഉപയോഗിച്ചുകൊണ്ട് വരയ്ക്കുന്ന ചിത്രങ്ങളാണ് ഫ്രെസ്കോ (fresco) എന്നറിയപ്പെടുന്നത്.

ഇറ്റാലിയൻ കലാകാരനായ മൈക്കലാഞ്ചലോ 1508-നും 1512-നും ഇടയിൽ സിസ്റ്റൈൻ ചാപ്പലിൽ രചിച്ച ഫ്രെസ്കോ അതിപ്രശസ്തമാണ്.


മൈക്കലാഞ്ചലോ സിസ്റ്റൈൻ ചാപ്പലിൽ രചിച്ച ഫ്രെസ്കോ


പ്രകൃതിദത്ത വർണ്ണങ്ങൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.



**മൈക്കെലാഞ്ചലോ** (Michelangelo 1475-1564)

ഇറ്റാലിയൻ ശില്പിയും കവിയും നിർമ്മാണവിദഗ്ധനും ആയിരുന്നു മൈക്കെലാഞ്ചലോ. റോമിലെ സിസ്റ്റൈൻ ചാപ്പലിന്റെ മച്ചിന്മേൽ ബൈബിളിലെ സൃഷ്ടിയുടെ ചിത്രങ്ങളും, ചുമരിന്മേൽ ക്രൈസ്തവവിശ്വാസത്തിലെ രംഗങ്ങളും വരച്ച് പ്രശസ്തനായ അദ്ദേഹം നവോത്ഥാന കലാകാരന്മാരിൽ പ്രമുഖനാണ്. പിയാത്തെ, ദാവീദ് തുടങ്ങിയ ഒട്ടേറെ ശില്പ ങ്ങളും അദ്ദേഹം നിർമ്മിച്ചിട്ടുണ്ട്.



**അബനീന്ദ്രനാഥ ടാഗോർ** (Abanindranath Tagore 1871-1951)

ഇന്ത്യൻ ഓറിയന്റൽ ആർട്ടിന്റെ സ്ഥാപകനും ഇന്ത്യൻ കലയിലെ സ്വദേശിമൂല്യങ്ങളുടെ ആദ്യത്തെ പ്രധാന വക്താവുമായിരുന്ന അബനീന്ദ്രനാഥ ടാഗോർ പാശ്ചാത്യ കലയുടെ സ്വാധീനത്തെ പ്രതിരോധിക്കാൻ മുഗൾ, രജപുത്ര ശൈലികൾ നവീകരിക്കാൻ ശ്രമിച്ചു. അജന്ത ഗുഹകളിലെ ചുമർച്ചിത്രങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ദേശീയതയിലൂന്നിയ ഇന്ത്യൻകലയെ നിർമ്മി ക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.



മെഡിക്കന്റ് ബുദ്ധ



ദ വിക്ടറി ഓഫ് ബുദ്ധ, 1914



കാശ്മീർ, 1920

അബനീന്ദ്രനാഥ ടാഗോറിന്റെ ചില രചനകൾ



# ഇഷ്ടഗാനങ്ങളിലൂടെ

മിന്നു റേഡിയോയിൽ കേട്ട മനോഹരമായൊരു പാട്ട് ക്ലാസ്സിൽ പാടികേൾപ്പിച്ചു. കൂട്ടുകാർ മിന്നുവിനെ അഭിനന്ദിച്ചു. നിങ്ങൾ ക്ലാസ്സിൽ പാട്ടുകൾ പാടാറുണ്ടോ? ഏതെല്ലാമാണ് നിങ്ങളുടെ ഇഷ്ടഗാനങ്ങൾ? എന്തുകൊണ്ടാണ് ആ പാട്ട് നിങ്ങൾക്ക് ഇഷ്ടമായത്?

ഒരു ഗാനം നിങ്ങളുടെ ഇഷ്ടഗാനമാകുന്നതെങ്ങനെയാണ്.

- വരികളുടെ ഭംഗി.
- ഈണത്തിന്റെയും താളത്തിന്റേയും സവിശേഷത.
- പാടുന്ന ആളിന്റെ ശബ്ദത്തിന്റെ പ്രത്യേകത.



മറ്റുള്ളവ കണ്ടെത്തി കുറിക്കൂ.

.............................................................

.............................................................

.............................................................

.............................................................

ഒരു ഗാനം രൂപപ്പെടുത്തുന്നതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവർ ആരെല്ലാമാണ്.

താഴെ കൊടുത്തിരിക്കുന്ന ഓരോ മേഖലയിലും പരിചിതരായവരുടെ പേരുകൾ കണ്ടെത്തുമല്ലോ?

| ഗാനരചയിതാക്കൾ | സംഗീത സംവിധായകർ | ഗായകർ |
|---|---|---|
| | | |
| | | |

## ഗാനരചയിതാക്കൾ

വിഷയം, സന്ദർഭം, ആശയം എന്നിവയ്ക്കനുസരിച്ച് അനുയോജ്യവും അർത്ഥപൂർണ്ണവുമായ പദങ്ങൾ ഭംഗിയായി ചിട്ടപ്പെടുത്തി പാട്ടെഴുതുന്നവരാണ് ഗാനരചയിതാക്കൾ

## സംഗീത സംവിധായകർ

വരികൾക്ക് അനുയോജ്യമായ രീതിയിൽ സംഗീതാംശങ്ങൾ ഉൾക്കൊണ്ട് ഈണം നൽകുന്നവരാണ് സംഗീത സംവിധായകർ.

**ഗാനത്തിന്റെ വിവിധ മേഖലകൾ**

വിവിധ മേഖലകളിലുള്ള ഗാനങ്ങൾ എന്തെല്ലാമാണ് ?

- ചലച്ചിത്രഗാനം
- നാടകഗാനം
- ..................................
- ..................................
- ..................................
- ..................................
- ..................................
- ..................................



### പാടിനോക്കാം

ഗാനത്തിന്റെ വിവിധ മേഖലകൾ നിങ്ങൾ കണ്ടെത്തിയല്ലോ. വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ചലച്ചിത്രഗാനം, നാടകഗാനം, നാടൻപാട്ടുകൾ, ലളിതഗാനം എന്നിവ കണ്ടെത്തി പാടിനോക്കു.

**ഗാനത്തെ സമ്പുഷ്ടമാക്കുന്ന ഘടകങ്ങൾ.**

ഈണത്തിന്റെ സവിശേഷത, താളത്തിന്റെ പ്രത്യേകത, വരികളുടെ മനോഹാരിത, ഭാവത്തിന്റെ പ്രാധാന്യം, ആശയത്തിന്റെ മേന്മ, പാടുന്ന ആളിന്റെ ശബ്ദത്തിന്റെ പ്രത്യേകത.

## ഗാനങ്ങളെ രണ്ടായി തിരിക്കാം.

**ജനപ്രിയഗാനങ്ങൾ**

ചില ഗാനങ്ങൾ വളരെ വേഗത്തിൽ ജനശ്രദ്ധയാകർഷിക്കുകയും ജനങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. ആവർത്തിച്ച് കേൾക്കുവാൻ ആഗ്രഹിക്കുന്ന ഇത്തരം ഗാനങ്ങൾ ജനങ്ങൾക്ക് പ്രിയപ്പെട്ടതാകുന്നു. ഇവയെ ജനപ്രിയ ഗാനങ്ങൾ എന്ന് പറയുന്നു

**ജനകീയ ഗാനങ്ങൾ**

ജനകീയ പ്രശ്നങ്ങളെ, താൽപര്യങ്ങളെ മുൻനിർത്തി രൂപപ്പെടുന്ന കവിതകളോ ഗാനങ്ങളോ ആണ് ജനകീയഗാനങ്ങൾ.

ജനകീയഗാനങ്ങളിൽ ചിലത് ജനപ്രിയഗാനങ്ങളുമാണ്.



### പാടാം പ്രിയഗാനങ്ങൾ...

ജനപ്രിയഗാനങ്ങളും ജനകീയഗാനങ്ങളും കണ്ടെത്തി രണ്ട് ഗ്രൂപ്പുകളായി പാടുക.

- 
- 
- 



**ജി. ദേവരാജൻ** (1927-2006)

ജെ.സി. ഡാനിയൽ അവാർഡ് ജേതാവായ പ്രശസ്ത ചലച്ചിത്ര സംഗീതസംവിധായകനാണ് ജി. ദേവരാജൻ. 300 ലേറെ മലയാള ചലച്ചിത്രഗാനങ്ങൾക്ക് ഈണം നൽകിയിട്ടുള്ള അദ്ദേഹം മികച്ച സംഗീത സംവിധായകനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം അഞ്ച് തവണ കരസ്ഥമാക്കിയിട്ടുണ്ട്.

**പാട്ടുപെട്ടി**

*'ഇനിവരുന്നൊരു തലമുറയ്ക്ക്*
*ഇവിടെ വാസം സാധ്യമോ*
*മലിനമായ ജലാശയം*
*അതിമലിനമായൊരു ഭൂമിയും*
*തണലുകിട്ടാൻ തപസ്സിലാണി-*
*ന്നിവിടെയെല്ലാ മലകളും*
*ദാഹനീരിനു നാവുനീട്ടി*
*വരണ്ടു പുഴകൾ സർവ്വവും*
*കാറ്റുപോലും വീർപ്പടക്കി*
*കാത്തുനിൽക്കും നാളുകൾ*
*ഇവിടെയെന്നെൻ പിറവിയെന്നായ്*
*വിത്തുകൾ തൻ മന്ത്രണം'*

ഇഞ്ചക്കാട് ബാലചന്ദ്രൻ

**പാട്ടുപെട്ടിയിലെ പാട്ടിന്റെ തുടർന്നുള്ള വരികൾ കണ്ടെത്തൂ. ഇതുപോലുള്ള ഏതെല്ലാം പാട്ടുകൾ നിങ്ങൾക്കറിയാം പാടി നോക്കൂ.**

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 3.4 എന്ന ഫയൽ തുറക്കുക.



**കെ.എസ്. ചിത്ര**

ഇന്ത്യൻ ചലച്ചിത്ര പിന്നണി ഗാനരംഗത്ത് നിരവധി സംഭാവനകൾ നൽകിയ കെ. എസ്. ചിത്ര വിവിധ ഭാഷകളിലായി 25000 ൽ പരം ചലച്ചിത്രഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. മികച്ച ഗായികയ്ക്കുള്ള ദേശീയ അവാർഡ് ആറ് തവണ നേടി. പത്മശ്രീ, പത്മഭൂഷൻ എന്നീ ബഹുമതികൾ നൽകി രാജ്യം ആദരിച്ചു.

# ക്യാമറക്കണ്ണ്






### വൈഡ് ഷോട്ട്

**(Wide Shot)**

കഥാപാത്രങ്ങളെ മുഴുവനായി ഉൾപ്പെടുത്തുവാനും സംഭവം നടക്കുന്ന പശ്ചാത്തലത്തെ ചിത്രീകരിക്കുവാനും കഴിയുന്ന ദൃശ്യഭാഗങ്ങളാണിവ.



### ഫുൾഷോട്ട്

**(Full Shot)**

കഥാപാത്രങ്ങളുടെ പൂർണ്ണമായ രൂപം ഫ്രെയിമിൽ കാണിക്കുന്ന ദൃശ്യങ്ങളാണ് ഫുൾ ഷോട്ട്.



### മീഡിയം/മിഡ് ഷോട്ട്

**(Medium or Mid Shot)**

വളരെ വിദൂരമല്ലാതെയും എന്നാൽ സമീപത്തല്ലാതെയും പകർത്തുന്ന ഷോട്ടുകൾ. സംഭാഷണ രംഗങ്ങൾക്കും കഥാപാത്രത്തിന്റെ ശരീരഭാഷ കാണിക്കാനും അനുയോജ്യമായ ഷോട്ടുകളാണിവ.



### ക്ലോസപ്പ് ഷോട്ട്

**(Close-up Shot)**

വസ്തുക്കളെയും കഥാപാത്രങ്ങളെയും വളരെ അടുത്തായി കാണിക്കാൻ ഉപയോഗിക്കുന്ന ഷോട്ട്.

## ഷോട്ടുകൾ കണ്ടെത്താം

താഴെ കൊടുത്തിട്ടുള്ള ചിത്രങ്ങളെ ക്ലോസപ്പ് ഷോട്ട്, വൈഡ് ഷോട്ട്, മിഡ് ഷോട്ട്, ഫുൾ ഷോട്ട് എന്നിങ്ങനെ തരംതിരിച്ച് ചിത്രത്തിന് താഴെ എഴുതുക.





.......................................................... ..........................................................





.......................................................... ..........................................................

## ചിത്രീകരിക്കാം

മൊബൈൽ ക്യാമറ ഉപയോഗിച്ച് നിങ്ങളുടെ പരിസരത്തെ ഏതെങ്കിലും ഒരു വസ്തുവിന്റെ വ്യത്യസ്ത ഷോട്ടുകൾ ചിത്രീകരിക്കുക.



**മങ്കട രവിവർമ്മ** (1926-2010)

'അവൾ' (1906) എന്ന ചിത്രത്തിന് ഛായാഗ്രഹണം നിർവ്വഹിച്ചുകൊണ്ടാണ് മങ്കട രവിവർമ്മ മലയാളചലച്ചിത്രരംഗത്തേക്ക് കടന്നുവന്നത്. വിഖ്യാത ചലചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണന്റെ ചിത്രങ്ങൾക്ക് വേണ്ടി ഒരുക്കിയ ദൃശ്യങ്ങളാണ് അദ്ദേഹത്തെ ഏറെ പ്രശസ്തനാക്കിയത്. 15 സിനിമകളിൽ പ്രവർത്തിച്ചുകൊണ്ട് 9 സംസ്ഥാന അവാർഡുകളും 3 ദേശീയ അവാർഡുകളും മങ്കട രവിവർമ്മ സ്വന്തമാക്കി. 2006-ൽ മലയാള സിനിമയിലെ സമഗ്ര സംഭാവനയ്ക്കുള്ള ജെ. സി. ഡാനിയൽ അവാർഡ് ലഭിച്ചു.



**സന്തോഷ് ശിവൻ**

സിനിമാമേഖലയിലെ പ്രശസ്തനായ ഛായാഗ്രാഹകനാണ് സന്തോഷ് ശിവൻ. ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിൽ നിന്ന് ബിരുദം നേടിയ അദ്ദേഹം നിരവധി ഫീച്ചർ ഫിലിമുകളും ഡോക്യുമെന്ററികളും ചെയ്തിട്ടുണ്ട്. ദേശീയ ചലച്ചിത്ര അവാർഡുകൾ, സംസ്ഥാന ചലച്ചിത്ര അവാർഡുകൾ, ഫിലിം ഫെയർ അവാർഡുകൾ എന്നിവ അദ്ദേഹം നേടിയിട്ടുണ്ട്.

# 4

# കൂടൊരുക്കാം

4.1 വയൽച്ചുവടുകൾ

4.2 തെരുവരങ്ങ്

4.3 രൂപകല്പന

4.4 മേളം മേളം വാദ്യമേളം

4.5 രംഗങ്ങൾ കൂട്ടിച്ചേർത്ത് കഥപറയുമ്പോൾ

# വയൽച്ചുവടുകൾ

സ്കൂളിൽ കൃഷിചെയ്തു വിളവെടുത്ത പച്ചക്കറികളുമായി കുട്ടികൾ പഞ്ചായത്തിന്റെ കാർഷികമേളയ്ക്ക് എത്തിയിരിക്കുകയാണ്. കാർഷികവിളകൾ നിരത്തിവെച്ചിരിക്കുന്ന സ്റ്റാളിന് എതിർവശത്തായി കാർഷികനൃത്തങ്ങളുടെ അവതരണങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. വട്ടിയും കൊട്ടയും മുറവുമൊക്കെയായി നാടൻപാട്ടിന്റെ താളത്തിനും ഈണത്തിനുമൊപ്പം നർത്തകർ ചുവടുവയ്ക്കുന്നു.

നിങ്ങൾ കണ്ടിട്ടുള്ള കാർഷികനൃത്തങ്ങൾ ഏതൊക്കെയാണ് ?



**കൊരമ്പക്കളി**



കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ഒരു നൃത്തം

ഞാറുനടീൽ സമയത്ത് വയലിൽ നടത്തുന്ന കാർഷികനൃത്തമാണ് കൊരമ്പക്കളി. മുളയിൽ നിർമ്മിച്ച ത്രികോണാകൃതിയിലുള്ള കുടത്തൊപ്പിയാണ് കൊരമ്പ. കൊരമ്പ തലയിൽവെച്ച് ഞാറുനടീലിനോട് സാമ്യമുള്ള ചുവടുകളോടുകൂടിയാണ് കൊരമ്പക്കളി അവതരിപ്പിക്കുന്നത്.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 4.1 എന്ന ഫയൽ തുറക്കുക.

ഇത്തരത്തിൽ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് നിങ്ങളുടെ പ്രദേശത്ത് നിലവിലുള്ള നൃത്തങ്ങളെക്കുറിച്ച് അന്വേഷിച്ച് കുറിപ്പ് തയ്യാറാക്കൂ.

കാർഷികവേളയിൽ ഇത്തരം നൃത്തരൂപങ്ങൾ എന്തുകൊണ്ടാണ് അവതരിപ്പിക്കുന്നതെന്നു നിങ്ങൾ ആലോചിച്ചിട്ടുണ്ടോ?

- ..................................................
- ..................................................
- ..................................................
- ..................................................

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 4.2 എന്ന ഫയൽ തുറക്കുക.

നമ്മുടെ നാട്ടിലുള്ള മറ്റുചില കൃഷിനൃത്തങ്ങൾ പരിചയപ്പെടാം.



എരുതുകളി



കോതാമൂരിയാട്ടം



കാളവേല

കേരളത്തിലെ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട മൂന്ന് നൃത്തരൂപങ്ങളെ നിങ്ങൾ പരിചയപ്പെട്ടല്ലോ. ഇവ തമ്മിലുള്ള സമാനതകൾ എന്തെല്ലാമാണ്. കുറിപ്പുകൾ തയ്യാറാക്കുക.

- വേഷവിധാനം
- ................
- ................
- ................

## 'വയൽച്ചുവടുകൾ വയ്ക്കാം'

*"ലോയേ ലോ ലോയമ്മലോയേ*
*ലോയേ ലോയേ ലോയേ ലോ*
*ലോയേലോ ലോയമ്മലോയേ*
*ലോയേ ലോയേ ലോ*
*കാളേ നടക്കെന്റെ കാളേ*
*കുഞ്ഞൻ കാളെ മണിക്കാളെ*
*ഏന്തി നടക്കെന്റെ കാളേ*
*കുഞ്ഞൻ കാളേ"*

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 4.3 എന്ന ഫയൽ തുറക്കുക.



### വാരണാട്ട് നാരായണ കുറുപ്പ്

പാരമ്പര്യമായി മുടിയേറ്റ് നടത്തിവരുന്ന കലാകാരനാണ് വാരണാട്ട് നാരായണ കുറുപ്പ്. കളംപാട്ട്, ചുട്ടികുത്തൽ, കളികോപ്പുനിർമ്മാണം, കളമെഴുത്ത് എന്നിവയിൽ അഗ്രഗണ്യനായ ഇദ്ദേഹത്തിന് ഫോക്‌ലോർ അക്കാദമി അവാർഡുകളടക്കം നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഈ പാട്ട് പല ആവർത്തി പാടി ആലാപനം കൂടുതൽ മെച്ചമാക്കുക. നൽകിയിട്ടുള്ള പാട്ടിന്റെ താളത്തിൽ കുട്ടികൾ നാലു ഗ്രൂപ്പുകളായി നൃത്തം ചെയ്യുക.

നിലമൊരുക്കൽ, വിത്ത് വിതക്കൽ, വെള്ളം തേവൽ, വിളവെടുപ്പ് തുടങ്ങി, കാർഷികവൃത്തിയിലെ ഓരോ ഘട്ടങ്ങളെയും പാട്ടിന്റെ താളത്തിനൊത്ത് നൃത്തരൂപത്തിൽ അവതരിപ്പിക്കുക.

അവതരണാനുഭവം പങ്കുവെക്കുക.

കാർഷികവൃത്തിയുമായി ബന്ധപ്പെട്ട മറ്റ് നൃത്തരൂപങ്ങൾ കണ്ടെത്തി അവതരിപ്പിക്കുക.

# തെരുവരങ്ങ്

*‘നിങ്ങള് നിങ്ങളെ മാത്രം ഇഷ്ടപ്പെടല്ലപ്പാ*
*നമ്മള് നമ്മളെ മാത്രം ഇഷ്ടപ്പെടല്ലപ്പാ*
*ഒരമ്മ പെറ്റത് പോലെ എല്ലാരും അങ്ങനെ തന്ന്യാ*
*ഒരമ്മ പെറ്റത് പോലെ എല്ലാരും അങ്ങനെ തന്ന്യാ*
*നിങ്ങള്  നിങ്ങളെ മാത്രം ഇഷ്ടപ്പെടല്ലപ്പാ*
*നമ്മള് നമ്മളെ മാത്രം ഇഷ്ടപ്പെടല്ലപ്പാ*
*ആരുടെ കൂടെ നിൽക്കും*
*നിങ്ങൾ ആരുടെ കൂടെ നിൽക്കും*
*നേരിന്റെ കൂടെ നിൽക്കും*
*നമ്മൾ നേരിന്റെ കൂടെ നിൽക്കും!*

**[വിജേഷ് കെ.വി.]**



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 4.4 എന്ന ഫയൽ തുറക്കുക.

ഈ പാട്ട് സംഘമായി ചേർന്നുപാടൂ...

എന്തിനെക്കുറിച്ചാണ് ഈ പാട്ടിൽ  പറയുന്നത്? കണ്ടെത്തൂ..

..........................................................................

..........................................................................

..........................................................................

..........................................................................

നാം ജീവിക്കുന്ന ചുറ്റുപാടിന് യാതൊരു പരിക്കും പറ്റാതെ സംരക്ഷിക്കുകയും ആവശ്യാനുസരണം പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു സമൂഹം ആകണമല്ലോ നമ്മുടേത്. നാം പഠിച്ച് മനസ്സിലാക്കിയ അറിവുകൾ വീട്ടിലും സമൂഹത്തിലും പ്രാവർത്തികമാക്കുമ്പോഴല്ലേ നമ്മുടെ പഠനം അർഥപൂർണ്ണമാകുന്നത്.

## ചിന്തിച്ചുനോക്കാം









മുകളിലെ ചിത്രങ്ങൾ നിരീക്ഷിക്കൂ...

ഈ സാമൂഹിക പ്രശ്നങ്ങളെ പൊതുജന മധ്യത്തിൽ എത്തിക്കാൻ നമുക്ക് എന്തൊക്കെ മാർഗ്ഗങ്ങൾ സ്വീകരിക്കാം

- സന്ദേശവാക്യങ്ങൾ [Slogans]
- 
- 

## സ്ലോഗൻ

നാല് ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ ചിത്രം വീതം തെരഞ്ഞെടുത്ത് ചർച്ച ചെയ്യൂ...

ഈ നാല് വിഷയങ്ങളെ അടിസ്ഥാനമാക്കി നമ്മൾ ഒരു തെരുവുനാടകം ചെയ്യാൻ പോവുകയാണ്. നമ്മൾ കണ്ടെത്തിയ പ്രശ്നങ്ങളെ പരിഹരിക്കുന്ന തരത്തിലുള്ള സന്ദേശവാക്യങ്ങൾ (Slogans) ചർച്ചചെയ്ത് നിർമ്മിക്കണം.

നിങ്ങൾ നിർമ്മിച്ച സന്ദേശവാക്യങ്ങൾ (Slogans) ഉപയോഗിച്ച് പ്ലക്കാർഡുകളുണ്ടാക്കാം. നിർമ്മിച്ച പ്ലക്കാർഡുകൾ ക്ലാസ്സിൽ പ്രദർശിപ്പിക്കൂ.

തിരഞ്ഞെടുത്ത വിഷയത്തെപ്പറ്റി നിങ്ങൾ ചർച്ചചെയ്ത കാര്യങ്ങൾ ചേർത്തൊരു രംഗാവതരണത്തിന് രൂപം നൽകിയാലോ. തെരുവുനാടകത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയുള്ള അവതരണമായാൽ കൂടുതൽ രസകരമാകും. നിർമ്മിച്ച പ്ലക്കാർഡുകൾ അവതരണത്തിന്റെ ഭാഗമാക്കണം.



## തെരുവുനാടകം

**തെരുവിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി അരങ്ങേറുന്ന നാടകങ്ങളാണ് തെരുവുനാടകങ്ങൾ. ഏതെങ്കിലും വിഷയത്തിൽ ജനങ്ങളിൽ ബോധവൽക്കരണവും പ്രചരണവും നടത്തുന്ന അവസരങ്ങളിലാണ് മിക്കവാറും ഇത്തരം നാടകങ്ങൾ അരങ്ങേറുക. ജനക്കൂട്ടത്തെ ആകർഷിക്കാനും പിടിച്ചുനിർത്താനും ഉതകുംവിധം ചലനക്രിയകളും സംഭാഷണങ്ങളും അടങ്ങിയതാവണം തെരുവുനാടകത്തിന്റെ ഉള്ളടക്കം. തെരവുനാടകങ്ങളിൽ അഭിനേതാവ് പ്രേക്ഷകരുമായ് നേരിട്ട് ഇടപഴകുകയും പലപ്പോഴും രണ്ടുപേരും തമ്മിലുള്ള അതിർവരമ്പുകൾ ഇല്ലാതാവുകയും ചെയ്യും. ചുറ്റും കൂടിനിൽക്കുന്നവർക്ക് പെട്ടന്ന് മനസ്സിലാക്കാവുന്ന തരത്തിലാവണം രംഗഭാഷ. കഥാപാത്രങ്ങൾ പലപ്പോഴും പ്രേക്ഷകർക്കിടയിൽനിന്നുമായിരിക്കും രംഗത്തേക്ക് കടന്നുവരുന്നത്.**



തെരുവുനാടകങ്ങളുടെ രംഗപശ്ചാത്തലവും രംഗസാമഗ്രികളും വേഷവിധാനവും നിർമ്മിക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ചർച്ച ചെയ്യൂ.

- അവതരണ സ്ഥലം
- വേഷവിധാനം
- കാണികൾ
- രംഗസാമഗ്രികൾ

ചർച്ചചെയ്ത കാര്യങ്ങളും നിർമ്മിച്ച രംഗസജ്ജീകരണകളും ഉപയോഗപ്പെടുത്തി തെരുവു നാടകാവതരണം നടത്താം. അവതരണം കൂടുതൽ മെച്ചപ്പെടുത്താൻ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തേണ്ടത്. ചർച്ച ചെയ്യൂ.

**ബോധനനാടകങ്ങൾ (Didactic play)**
ഏതെങ്കിലും ആശയത്തെ നാടകത്തിന്റെ സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ട് പഠിപ്പിക്കുന്നതാണ് ബോധനനാടകം.

**സഫ്ദർ ഹാഷ്മി (1954-1989)**

1954 ഏപ്രിൽ 12-ന് ഡൽഹിയിൽ ജനനം. ജനനാട്യമഞ്ച് എന്ന നാടകപ്രസ്ഥാനത്തിന്റെ സ്ഥാപകാംഗമായ സഫ്ദർ ഹാഷ്മി രാഷ്ട്രീയ നാടകങ്ങളുടെയും തെരുവുനാടകങ്ങളുടെയും സൈദ്ധാന്തികനും പ്രചാരകനുമായിരുന്നു. 1989-ൽ കൽക്കട്ട സർവകലാശാല സഫ്ദർ ഹാഷ്മിക്ക് മരണാനന്തരം ഡി.ലിറ്റ് ബിരുദം നൽകി ആദരിച്ചു. ഇദ്ദേഹം അവസാനം അഭിനയിച്ച തെരുവുനാടകമായ 'ഹല്ലാബോൽ' ഏറെ പ്രശസ്തമാണ്.



**പി.എം. താജ് (1956-1990)**

1956 ജനുവരി 3-ന് കോഴിക്കോട് ജനിച്ചു. തെരുവു നാടകപ്രസ്ഥാനത്തിന്റെ ശക്തിയും സൗന്ദര്യവും മലയാളനാടകത്തിൽ മികവോടെ പകർത്തിയ താജ്, സഫ്ദർ ഹാഷ്മിയുടെ ഒട്ടേറെ തെരുവുനാടകങ്ങൾ കേരളത്തിൽ അവതരിപ്പിക്കുന്നതിന് നേതൃത്വം നൽകി. 1979-ൽ കേരള സംഗീത നാടക അക്കാദമി പുരസ്കാരം ലഭിച്ചു. ഇദ്ദേഹത്തെ ഏറെ പ്രശസ്തനാക്കിയ നാടകം അടിയന്താരവസ്ഥയെ തുടർന്ന് എഴുതിയ 'പെരുമ്പറ'ആണ്. നാടകനിരൂപകർ 'കേരളത്തിലെ സഫ്ദർ ഹാഷ്മി' എന്ന് വിശേഷിപ്പിച്ച പി. എം. താജ് പ്രൊഫഷണൽ നാടകങ്ങളും സിനിമാ തിരക്കഥകളും എഴുതിയിട്ടുണ്ട്.



**ഡോ. രാമചന്ദ്രൻ മൊകേരി (1947-2022)**

1947-ൽ കോഴിക്കോട് മൊകേരിയിൽ ജനിച്ചു. തൃശ്ശൂർ സ്കൂൾ ഓഫ് ഡ്രാമ ആന്റ് ഫൈൻ ആർട്ട്സിൽ ഡയറക്ടറായിരുന്നു. സമകാലിക സംഭവങ്ങളെ വേറിട്ട തെരുവുനാടകഭാഷയിൽ അവതരിപ്പിച്ചു. നാടക പ്രവർത്തകൻ, നടൻ, സംവിധായകൻ, എഴുത്തുകാരൻ എന്നീ മേഖലകളിൽ പ്രശസ്തനായിരുന്നു.






# രൂപകല്പന

നിങ്ങളുടെ കൈയ്യക്ഷരത്തിൽ പേര് എഴുതിയിരിക്കുന്നതിൽ എന്തൊക്കെയാണ് പ്രത്യേകതകൾ?










## FLOWERS

എന്ന വാക്ക് വ്യത്യസ്തമായ ശൈലികളിൽ എഴുതിയിരിക്കുന്നത് നോക്കൂ..

ഇതിലെ പ്രത്യേകതകൾ ഉൾകൊണ്ട് നിങ്ങളുടെ പേര് ആകർഷകമായി ഡ്രോയിങ്ങ് ബുക്കിൽ എഴുതിനോക്കൂ.

പൂർത്തിയായ എഴുത്തുകൾ ക്ലാസിൽ പ്രദർശിപ്പിക്കാം.

മികവുകളും പോരായ്മകളും ചർച്ച ചെയ്യുക.

പേരിനൊപ്പം എന്തെല്ലാം കാര്യങ്ങൾ നിങ്ങൾക്ക് കൂട്ടിച്ചേർക്കാൻ സാധിച്ചു?



ടൈപ്പൊഗ്രഫി - ശബരീഷ് രവി

**ടൈപ്പൊഗ്രഫി**

അക്ഷരങ്ങളെയും വാചകങ്ങളെയും അർഥ വ്യക്തതയോടെയും ആകർഷകമായും ചിത്രീകരിക്കുന്ന കലയാണ് ടൈപ്പൊഗ്രഫി.




ടൈപ്പൊഗ്രഫി- ജ്യോതിർമയി പത്ര




മുകളിലെ വാചകത്തിന്റെ എഴുത്ത് രീതിയിൽ നിങ്ങൾ തിരിച്ചറിഞ്ഞ കാര്യങ്ങൾ എന്തെല്ലാമാണ്?

നിങ്ങളുടെ സ്കൂളിന്റെ പേര് ഈ രീതിയിൽ എഴുതിനോക്കൂ.



കലിഗ്രഫി
രചനാ ഉപകരണങ്ങൾ




ഇറ്റാലിക് - കലിഗ്രഫി

**കലിഗ്രഫിയിലെ വിവിധ എഴുത്ത് ശൈലികൾ**



ചൈനീസ്



ജാപ്പനീസ്



അറബിക്



മുഗൾ

### കലിഗ്രഫി

ആകർഷകമായ എഴുത്ത്‌രീതിയാണ് കലിഗ്രഫി.
'**Kallos**'- ഭംഗി, '**Grafo**'- എഴുതുക.
എന്നീ ഗ്രീക്കുവാക്കുകളിൽ നിന്നാണ് കലിഗ്രഫി എന്നപദത്തിന്റെ ഉത്ഭവം.

## പുറംചട്ട തയ്യാറാക്കാം...

നിങ്ങളുടെ കലാസൃഷ്ടികൾ ഉൾക്കൊള്ളുന്ന ആൽബത്തിന് ഒരു പുറംചട്ട തയ്യാറാക്കാം. എന്തൊക്കെ ഉൾപ്പെടുത്താം?

- ടൈപ്പോഗ്രഫി, കലിഗ്രഫി എന്നിവ ഉൾപ്പെടുത്തി മനോഹരമാക്കൂ.
- തയ്യാറാക്കിയ ആൽബം പ്രദർശിപ്പിക്കൂ.

മെച്ചപ്പെടുത്താവുന്ന മേഖലകൾ ചർച്ച ചെയ്യൂ.



### മുഹമ്മദ് സക്കറിയ (Mohamed Zakariya)

അമേരിക്കൻ പൗരത്വമുള്ള ഇസ്ലാമിക കലിഗ്രാഫറാണ് മുഹമ്മദ് സക്കറിയ. ക്ലാസിക്കൽ അറബിക്, ഓട്ടോമൻ ടർക്കിഷ് കലിഗ്രഫിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന അദ്ദേഹം കലാസൃഷ്ടികൾ ചെയ്യുന്നതോടൊപ്പം പല രാജ്യങ്ങളിലായി നിരവധി കലിഗ്രഫി ശില്പശാലകളും പരിശീലനക്കളരികളും നടത്തിയിട്ടുണ്ട്.



കലിഗ്രഫി
മുഹമ്മദ് സക്കറിയ



### മൈക്കൽ ഡി അനസ്താസിയോ (Michel D'Anastasio)

ആദ്യത്തെ ഫ്രഞ്ച് കലിഗ്രഫി അസോസിയേഷനായ DUCTUS-ൽ ഒരു വിദ്യാർത്ഥിയെന്ന നിലയിൽ പരിശീലനം നേടാനുള്ള അവസരം മൈക്കലിന് ലഭിച്ചു. അദ്ദേഹം ഓക്സിഡന്റൽ കലിഗ്രഫിയിലും ചൈനീസ് കലിഗ്രഫി യിലും അഗാധമായ അറിവ് നേടി. ഏറ്റവും മികച്ചതും ആധികാരികവുമായ ഹീബ്രു കലിഗ്രാഫർ എന്നനിലയിൽ പ്രശസ്തനാണ്.



മൈക്കൽ ഡി അനസ്താസിയോ



### നാരായണ ഭട്ടതിരി (Narayana Bhattathiri)

കേരളത്തിലെ പ്രമുഖ കലിഗ്രാഫറും ചിത്രകാരനുമാണ് നാരായണ ഭട്ടതിരി. നാല് പതിറ്റാണ്ടിലേറെയായി അദ്ദേഹം നിരവധി ഭാഷാ പ്രസിദ്ധീകരണങ്ങളിലും പുസ്തകങ്ങൾ, മാസികകൾ, ജേർണലുകൾ തുടങ്ങിയവയിലും കലിഗ്രഫി ചിത്രീകരണങ്ങൾ നടത്തിവരുന്നു.



കലിഗ്രാഫി - നാരായണ ഭട്ടതിരി



**അച്യുത് പാലവ്**
സർ. ജെ. ജെ. കോളേജിൽനിന്ന് ടൈപ്പൊഗ്രാഫിയിലും ലെറ്ററിംഗിലും സ്പെഷ്യലൈസേഷനോടെ ബിരുദം പൂർത്തിയാക്കിയ അച്യുത് പാലവ് ജർമ്മനിയിൽനിന്നുള്ള പ്രൊഫസർ വെർണർഷ്നൈഡർ, ശ്രീ. ആർ.കെ. ജോഷി തുടങ്ങിയ ലോകത്തെ അറിയപ്പെടുന്ന കലിഗ്രാഫർമാർക്കൊപ്പം പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യൻ വീടുകളിൽ കലിഗ്രഫി എത്തിക്കുക എന്ന ലക്ഷ്യത്തോടെ അദ്ദേഹം കലിഗ്രഫിക് പ്രസ്ഥാനത്തിന് തുടക്കമിട്ടു.




അച്യുത് പാലവ് രചിച്ച ഒരു കലിഗ്രഫി ചിത്രം



**ജ്യോതിർമയി പത്ര (Jyotirmayee Patra)**
കലിഗ്രഫി, ടൈപ്പൊഗ്രാഫി, ലെറ്ററിംഗ് എന്നിവയിൽ പ്രഗത്ഭയായ ഒറീസ സ്വദേശിയായ കലാകാരിയാണ് ജ്യോതിർമയി പത്ര.

**ലെറ്ററിംഗ് (Lettering)**
അക്ഷരങ്ങൾ വരയ്ക്കുന്ന കലയെ ലെറ്ററിംഗ് എന്ന് പറയുന്നു. ലെറ്ററിംഗ് ഒരു കലാരൂപമായി കണക്കാക്കപ്പെടുന്നു.



മലയാളം ലെറ്ററിംഗ് (ഉദാഹരണം)
- ആർട്ടിസ്റ്റ് ഓറിയോൺ

**ഫോണ്ട് ഡിസൈനിംഗ് (Font Designing)**
അച്ചടിക്കാനോ പ്രദർശിപ്പിക്കാനോ ആയി അക്ഷരങ്ങളും അക്കങ്ങളും കലാപരമായി രൂപകല്പന ചെയ്യുന്നതാണ് ഫോണ്ട് ഡിസൈനിംഗ്.

# മേളം മേളം വാദ്യമേളം



ചിത്രത്തിൽ കാണുന്ന സംഗീതോപകരണങ്ങൾ എന്തെല്ലാമാണെന്ന് നിങ്ങൾക്കറിയാമോ?

- ....................................
- ....................................
- ....................................

ഈ വാദ്യങ്ങളെ പൊതുവായി എങ്ങനെയെല്ലാം തരം തിരിക്കാം?

- തന്ത്രിവാദ്യം
- സുഷിരവാദ്യം
- താളവാദ്യം

## തന്ത്രിവാദ്യം [String Instrument]

**തന്ത്രി വാദ്യങ്ങൾ**

കമ്പികൾ വലിച്ചുകെട്ടി അതിൽനിന്നും നാദം പുറപ്പെടുവിക്കുന്ന സംഗീതോപകരണങ്ങളെ തന്ത്രിവാദ്യങ്ങൾ എന്നു പറയുന്നു.



വീണ



യുക്കുലേലേ



സിത്താർ

## സുഷിരവാദ്യം [Wind Instrumnet]


ഓടക്കുഴൽ


ഷഹനായി


ഹാർമോണിയം

### സുഷിര വാദ്യങ്ങൾ

സുഷിരങ്ങളിലൂടെ വായു കടത്തിവിട്ട് ശബ്ദം പുറപ്പെടുവിക്കുന്ന വാദ്യങ്ങളാണ് സുഷിരവാദ്യങ്ങൾ.

## താളവാദ്യം [Percussion Instrument]


മൃദംഗം


ഘടം


ചേങ്ങില

### താളവാദ്യങ്ങൾ

താളം പിടിക്കുവാൻ ഉപയോഗിക്കുന്ന വാദ്യങ്ങളെ പൊതുവെ താളവാദ്യങ്ങൾ എന്നുപറയുന്നു.

### ഘനവാദ്യങ്ങൾ


കൈമണി


ഇലത്താളം

### തുകൽവാദ്യങ്ങൾ


തബല


ചെണ്ട

നിർമ്മാണ രീതിയിലുള്ള പ്രത്യേകത യനുസരിച്ച് താളവാദ്യ വിഭാഗത്തിൽ വരുന്നവയാണ് തുകൽവാദ്യങ്ങളും ഘനവാദ്യങ്ങളും

തന്ത്രിവാദ്യങ്ങളിലും സുഷിരവാദ്യങ്ങളിലും താളവാദ്യങ്ങളിലും ഉള്ള പല സംഗീതോപകരണങ്ങളും ഇന്ന് ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ സഹായത്തോടെ നിർമ്മിക്കുന്നുണ്ട്.


ഓരോ വാദ്യവിഭാഗങ്ങളിലും ഉൾപ്പെടുന്ന വാദ്യോപകരണങ്ങൾ കണ്ടെത്തി കൂട്ടിച്ചേർക്കൂ.

### ഇടയ്ക്ക



കേരളത്തിന്റെ തനതായ ഒരു മേളവാദ്യമാണ് ഇടയ്ക്ക. തുകൽവാദ്യ വിഭാഗത്തിൽപ്പെടുന്ന ഈ താളവാദ്യം താളത്തിന് പുറമേ പാട്ടുകൾ വായിക്കാനും ഉപയോഗിക്കുന്നു. പഞ്ചവാദ്യം, സോപാനസംഗീതം, കഥകളിസംഗീതം തുടങ്ങിയവയിൽ ഈ വാദ്യം ഉപയോഗിക്കുന്നു.

### ഇലക്ട്രോണിക് വാദ്യങ്ങൾ

ഇലക്ട്രോണിക്ക് സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാദ്യോപകരണങ്ങളെ ഇലക്ട്രോണിക്ക് വാദ്യങ്ങൾ എന്ന് പറയുന്നു.

ഉദാ: കീബോർഡ്, റിഥം പാഡ്

**ലഘുവാദ്യോപകരണങ്ങൾ നിർമ്മിക്കാം.**

നിങ്ങളുടെ പരിസരങ്ങളിൽനിന്നും ലഭ്യമായ സാമഗ്രികൾ ഉപയോഗിച്ച് നിർമ്മിക്കാവുന്ന വാദ്യോപകരണങ്ങൾ ഏതെല്ലാമാണ്? ചിലത് നിർമ്മിച്ച് വായിച്ചുനോക്കൂ.

നിങ്ങൾ നിർമ്മിച്ച വാദ്യോപകരണങ്ങൾ ഒരു പ്രത്യേക താളത്തിൽ കൊട്ടുകയോ വായിക്കുകയോ ചെയ്യൂ. എല്ലാവരും കൊട്ടുന്നതും വായിക്കുന്നതും ഒരേ താളത്തിലാകുമ്പോൾ കേൾക്കാൻ ഇമ്പമുള്ള ശബ്ദമുണ്ടാകുന്നു. ഓരോ ഉപകരണവും ചില പ്രത്യേക ഇടവേളകളിൽ കൃത്യമായി മാറിമാറി വായിക്കുകയും ചെയ്യാം.



## സക്കീർ ഹുസൈൻ

ലോകപ്രസിദ്ധനായ ഇന്ത്യൻ തബലവിദ്വാനാണ് ഉസ്താദ് സക്കീർ ഹുസൈൻ. അദ്ദേഹത്തിന് പത്മശ്രീ, പത്മഭൂഷൻ എന്നീ ബഹുമതികൾ നൽകി രാജ്യം ആദരിച്ചിട്ടുണ്ട്.

**പാട്ടുപെട്ടി**

*വഞ്ചിപ്പാട്ട്*

*അർജുന സാരഥിയായി*
*തെയ് തെയ് തക തെയ് തെയ് തോം*
*അർജുന സാരഥിയായി*
*തിത്തത്താ തിത്തെയ് തെയ്*
*അർജുന സാരഥിയായി വിശ്വനാഥനതു നേരം*
*അർജുന സാരഥിയായി വിശ്വനാഥനതു നേരം*
*അർജുന സാരഥിയായി വിശ്വനാഥനതു നേരം*
*തെയ് തെയ് തെയ് തെയ് തെയ് തെയ് തോം*
*തകിർ*
*ധീയ തിത്തോ ധിത്തക തികിഥോ*
*അർജുനനും തേരിലേറി*
*തിരിച്ചുവേഗാൽ തൈ*
*( തെയ് തെയ്....)*

പാട്ടുപെട്ടിയിലെ വഞ്ചിപ്പാട്ട് നിങ്ങൾ പാടിനോക്കുല്ലോ.

സ്കൂൾ റിസോഴ്സ് ഫോൾഡറി ലുള്ള ക്ലാസ് 7 ലെ 4.5 എന്ന ഫയൽ തുറക്കുക.



## എ. കന്യാകുമാരി

കർണാടക സംഗീതക്കച്ചേരിയിൽ വയലിൻവാദനത്തിൽ പ്രസിദ്ധി നേടിയ എ. കന്യാകുമാരി മദ്രാസ് യൂണിവേഴ്സിറ്റി സംഗീത കലാനിധി പുരസ്കാരം ലഭിക്കുന്ന ആദ്യ വനിതാ വയലിനിസ്റ്റാണ്. 2015-ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു.

# രംഗങ്ങൾ കൂട്ടിച്ചേർത്ത് കഥ പറയുമ്പോൾ

| | | |
|---|---|---|
|  |  | • മാതൃത്വം<br>• സ്നേഹം<br>•<br>• |
|  |  | •<br>•<br>•<br>• |
|  |  | •<br>•<br>•<br>• |
|  |  | •<br>•<br>•<br>• |

മുകളിൽ കൊടുത്ത ചിത്രങ്ങൾ ശ്രദ്ധിക്കൂ,

വലതുവശത്തെ ചിത്രങ്ങൾ മാറുന്നതിനനുസരിച്ച് ആശയങ്ങൾക്കുണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണ് ?

### ആശയം കണ്ടെത്താം

ഒരു വശത്തെ ചിത്രം മാറാതെ മറുവശത്തെ ചിത്രങ്ങൾ മാത്രം മാറ്റി നിങ്ങൾക്കിഷ്ടമുള്ള രണ്ടോ അതിലധികമോ ചിത്രങ്ങൾ ചേർത്തുവച്ച് പുതിയ ആശയങ്ങൾ കണ്ടെത്താമോ..

**മൂവിംഗ് പിക്ച്ചർ** (Moving picture)
ജീവനുണ്ടെന്ന തോന്നലുണ്ടാക്കുന്ന ചലിക്കുന്ന ചിത്രങ്ങളാണ് സിനിമ. കഥാസന്ദർങ്ങളെ അനേകം ചിത്രങ്ങളായി തുടർച്ചയോടെ കാണിക്കുമ്പോൾ ചലിക്കുന്നതായി അനുഭവപ്പെടുന്നു.

**ആസ്പെക്ട് റേഷ്യോ (കാഴ്ചയുടെ അനുപാതം)**
ഒരു ചിത്രത്തിന്റെ നീളവും വീതിയും തമ്മിലുള്ള അനുപാതത്തെയാണ് ആസ്പെക്ട് റേഷ്യോ എന്ന് പറയുന്നത്. മുൻപ് ടീവിയുടേയും കമ്പ്യൂട്ടർ സ്ക്രീനിന്റേയും അനുപാതം 4:3 ആയിരുന്നു. ഇപ്പോൾ സാധാരണ അത് 16:9 ആണ്. ഇപ്പോഴുള്ള സിനിമകളുടെ അനുപാതം 21:9 ആണ്.






**ശ്രീകർ പ്രസാദ്**

ഹിന്ദി, മലയാളം, തമിഴ്, തെലുങ്ക് ഭാഷാ സിനിമകൾ ഉൾപ്പെടെ 17-ൽ അധികം ഭാഷകളിൽ പ്രവർത്തിക്കുന്ന വീഡിയോ എഡിറ്ററാണ് ശ്രീകർ പ്രസാദ്. 35 വർഷത്തിലേറെ നീണ്ട കരിയറിൽ 600-ലധികം സിനിമകൾ അദ്ദേഹം എഡിറ്റ് ചെയ്തിട്ടുണ്ട്.



**രേണു സലൂജ (1952-2000)**
1976-ൽ പൂനെയിലെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് രേണു സലൂജ ബിരുദം നേടി. ഇന്ത്യയിൽ വീഡിയോ എഡിറ്റിംഗ് പുരുഷൻമാർ മാത്രം നിർവഹിച്ച സമയത്താണു രേണു സലൂജ ഈ രംഗത്തേക്ക് പ്രവേശിച്ചത്. ഫീച്ചർ ഫിലിമുകൾ, ഡോക്യുമെന്ററികൾ, ഷോർട്ട് ഫിലിമുകൾ, ടിവി സീരീസ് തുടങ്ങി 30-ൽ അധികം പ്രോജക്ടുകളിൽ സലൂജ പ്രവർത്തിച്ചിട്ടുണ്ട്. പരിന്ദ, ധാരാവി, സർദാർ, ഗോഡ് മദർ എന്നീ ചിത്രങ്ങൾക്ക് ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ട്.

# 5

# മറുബിംബങ്ങൾ

5.1 മുഖം മനസ്സിന്റെ കണ്ണാടി
5.2 മറുവെളിച്ചം
5.3 ത്രിമാനത
5.4 സംഗീതവഴികൾ
5.5 ചമയം, വസ്ത്രാലങ്കാരം, കലാസംവിധാനം

# മുഖം മനസ്സിന്റെ കണ്ണാടി

കരയുമ്പോളും ചിരിക്കുമ്പോളും ദേഷ്യം വരുമ്പോഴുമെല്ലാം നമ്മുടെ മുഖത്ത് എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകുന്നുണ്ടെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ ?



ചിത്രങ്ങൾ നോക്കി ഭാവങ്ങൾ ഏതൊക്കെയെന്ന് തിരിച്ചറിയുക.

- ....................
- ....................
- ....................
- ....................

ഭാവങ്ങൾ അഭിനയിക്കാം.

നിങ്ങൾ തിരിച്ചറിഞ്ഞ ഓരോ ഭാവവും അഭിനയിച്ചുനോക്കൂ.

**ഭാവാഭിനയം മെച്ചപ്പെടുത്താൻ എന്തൊക്കെ ചെയ്യാം?**

**നിത്യജീവിതത്തിൽ ഓരോ സന്ദർഭത്തോടും പ്രതികരിക്കുമ്പോൾ നമ്മുടെ മുഖത്ത് സ്വാഭാവികമായി പ്രകടമാകുന്ന ഭാവങ്ങളെ കലാപരമായി അവതരിപ്പിക്കുന്നതാണ് അഭിനയം.**

**അഭിനയം കാണുമ്പോൾ കാഴ്ചക്കാർ അനുഭവിക്കുന്ന അനുഭൂതിയാണ് രസം. ഒമ്പത് പ്രധാന രസങ്ങളാണുള്ളത്. അവയെ നവരസങ്ങൾ എന്ന് പറയുന്നു.**

## നവരസങ്ങൾ




ലോകപ്രശസ്ത കഥകളി നടൻ പത്മശ്രീ കലാമണ്ഡലം ഗോപിയാശാന്റെ നവരസങ്ങളുടെ ചിത്രങ്ങളാണ് ഇവ.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 5.1 എന്ന ഫയൽ തുറക്കുക.

നാട്യശാസ്ത്രം മുതൽ ദശരൂപകം, സംഗീതരത്നാകരം, നൃത്തരത്നാവലി, അഭിനയദർപ്പണം, ബലരാമഭരതം തുടങ്ങിയ ഗ്രന്ഥങ്ങളിലെല്ലാം അഭിനയത്തെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.







ചിത്രത്തിലെ ഭാവങ്ങൾ തിരിച്ചറിഞ്ഞ് അവതരിപ്പിക്കുക.

### ഭാവങ്ങൾ ആവിഷ്കരിക്കൂ...

ഒളിച്ചിരിക്കുന്ന കുട്ടിയുടെ ഭാവം.
വേദനിക്കുമ്പോൾ ഉണ്ടാകാവുന്ന ഭാവം.
ഭാരം എടുക്കുമ്പോൾ ഉണ്ടാകാവുന്ന ഭാവം.

നവരസങ്ങൾക്കനുയോജ്യമായ ജീവിതസന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.



**ഗുരു ചേമഞ്ചേരി കുഞ്ഞിരാമൻ നായർ (1916-2021)**

ചേമഞ്ചേരി കുഞ്ഞിരാമൻ നായർ എന്ന ഗുരു ചേമഞ്ചേരി പ്രശസ്തനായ കഥകളി നടനായിരുന്നു. നീണ്ട എൺപത് വർഷങ്ങൾ കഥകളി അരങ്ങിൽ നിറഞ്ഞുനിന്ന അദ്ദേഹം നൃത്ത സംവിധായകൻ എന്ന നിലയിലും പ്രശസ്തി നേടി. പത്മശ്രീ നൽകി രാജ്യം ആദരിച്ച ഗുരു ചേമഞ്ചേരി 2021 ൽ തന്റെ നൂറ്റിയാറാം വയസ്സിൽ അന്തരിച്ചു.



**ചവറ പാറുക്കുട്ടിയമ്മ (1943-2019)**

പ്രശസ്ത കഥകളി കലാകാരിയായ ചവറ പാറുക്കുട്ടിയമ്മ പുരുഷന്മാരുടെ മാത്രം വേദിയായിരുന്ന കഥകളിയിലെ ചുരുക്കം ചില സ്ത്രീകളിൽ ഒരാളായിരുന്നു. കലാരംഗത്തെ അവരുടെ സേവനങ്ങൾക്ക് കേരള കലാമണ്ഡലം അവാർഡ്, കേരള സംഗീത നാടക അക്കാദമി അവാർഡുകൾ എന്നിവ നൽകി ആദരിച്ചു.

# മറുവെളിച്ചം





കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ എന്താണ് കാണുന്നത്?

•
•
•

**കഥപറയും ചിത്രം**

ഈ ചിത്രങ്ങളിൽനിന്നും കണ്ടെത്തിയ ആശയത്തെ ഒരു കഥയാക്കി മാറ്റൂ.

- ഇവിടെ ചെറുമത്സ്യങ്ങൾ നേരിട്ട പ്രതിസന്ധികൾ എന്തൊക്കെയായിരുന്നു?
- ഈ പ്രതിസന്ധികളെ എങ്ങനെയാണ് അവർ അതിജീവിച്ചത്?

## സാന്റ്‌വിച്ച്

നിങ്ങൾ തയ്യാറാക്കിയ കഥയെ നാടകരൂപത്തിൽ അവതരിപ്പിക്കാം. ഇത്തവണ നാടകം അവതരിപ്പിക്കുമ്പോൾ കാഴ്ചക്കാർ വേദിക്കിരുവശവും ഇരിക്കട്ടെ...

ഗ്രൂപ്പായി തിരിഞ്ഞ് ഈ കഥയെ എങ്ങനെ നാടകരൂപത്തിൽ ആക്കാമെന്ന് ചർച്ച ചെയ്ത് അവതരിപ്പിക്കൂ.



**സാന്റ്‌വിച്ച് സ്റ്റേജ് (ട്രാവേഴ്സ് സ്റ്റേജ്)**
അഭിനയിക്കാനുള്ള ഇടത്തിന്റെ ഇരുവശങ്ങളിലുമായി പ്രേക്ഷകർ മുഖാമുഖം ഇരിക്കുന്ന രംഗവേദിയെ സാന്റ്‌വിച്ച് സ്റ്റേജ് എന്നറിയപ്പെടുന്നു.

സാന്റ്‌വിച്ച് വേദിയിലെ അവതരണം ഇഷ്ടമായോ.

ഏത് അവതരണമാണ് മികച്ചതായി നിങ്ങൾക്ക് അനുഭവപ്പെട്ടത്? മികച്ചതായി തോന്നുവാനുള്ള കാരണങ്ങൾ എന്തെല്ലാം?

ഇത്തരത്തിലുള്ള അതിജീവനം അത്യാവശ്യമായിവരുന്ന സന്ദർഭങ്ങളിലൂടെ മനുഷ്യരും പലപ്പോഴും കടന്നുപോകാറുണ്ട്. ഇങ്ങനെയുള്ള സന്ദർഭങ്ങൾ പാഠഭാഗങ്ങളിൽനിന്നും മറ്റ് രചനകളിൽനിന്നും കണ്ടെത്തൂ.

**സന്ദർഭങ്ങളും അതിജീവനത്തിന്റെ സാധ്യതകളും ചർച്ച ചെയ്ത് നാടകരൂപത്തിൽ അവതരിപ്പിക്കാം.**

**വിജയകുമാരി**

സ്കൂൾ വിദ്യാർഥിനിയായിരിക്കെ കെ.പി.എ.സി. യിലൂടെ നാടക രംഗത്തെത്തി. ആദ്യനാടകം "നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി". ഏഴുവർഷത്തോളം കെ.പി.എ.സി ക്കുവേണ്ടി നാടകം കളിച്ചു. പതിനായിരത്തിലധികം നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. ചലച്ചിത്രനടികൂടിയായ അവർ കാളിദാസ കലാകേന്ദ്രയുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. കേരള പീപ്പിൾസ് ആർട്സ് ക്ലബ്ബ്, കാളിദാസ കലാകേന്ദ്ര എന്നിവയിൽ അഭിനേതാവായി പ്രവർത്തിച്ചിട്ടുള്ള അവർ മികച്ചനടിക്കുള്ള കേരള സംസ്ഥാന പുരസ്കാര ജേതാവ് കൂടിയാണ്.



**കേരളത്തിലെ പ്രധാനപ്പെട്ട കുട്ടികളുടെ നാടകസംഘങ്ങൾ**

രംഗപ്രഭാത് (തിരുവനന്തപുരം), രംഗചേതന (തൃശ്ശൂർ), നവരംഗ് (പാലക്കാട്),

ലിറ്റിൽ എർത്ത് (മലപ്പുറം), സൺഡേ തിയേറ്റർ (കാസർഗോഡ്),

**കുട്ടികളുടെ നാടകോത്സവം**

ജനുവരി 1 മുതൽ 7 വരെ കുട്ടികളുടെ നാടകവാരമായി ആഘോഷിക്കാം.

## നാടകം ചരിത്രത്തിൽ

### നാട്യശാസ്ത്രം

നാട്യശാസ്ത്രത്തിൽ അഭിനയം, നൃത്തം, സംഗീതം, ചമയം, നാട്യഗൃഹം, രംഗവസ്തുക്കൾ, നാടകസംഘങ്ങൾ, കാണികൾ, മത്സരങ്ങൾ തുടങ്ങിയവയെ പറ്റിയും നാടകത്തിന്റെ ഉദ്ഭവത്തെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്. നാടക സംഘങ്ങൾ പുരുഷന്മാർ മാത്രമുള്ളതോ, സ്ത്രീകൾ മാത്രമുള്ളതോ, എല്ലാ വിഭാഗങ്ങളും ഉൾപ്പെട്ടതോ ആയിരുന്നു.



കാവാലം നാരായണപണിക്കരുടെ 'മായ' എന്ന നാടകത്തിലെ ഒരു രംഗം

# ത്രിമാനത



(മണലുകൊണ്ട് നിർമ്മിച്ച ശില്പത്തിന്റെ ചിത്രമാണിത്.)

മണൽപ്പരപ്പിൽ ശില്പം എങ്ങനെയാണ് ഉയർത്തിനിർത്തുക?

നനവുള്ള മണലിനെ രൂപത്തിനനുസൃതമായി ഒരുക്കിയെടുക്കുമ്പോഴാണ് മണൽശില്പം നിർമ്മിതമാവുന്നത്.

ത്രിമാനരൂപങ്ങളാണ് ശില്പങ്ങളുടെ പ്രത്യേകത.

ശില്പങ്ങളെ നാലുവശത്തുനിന്നും കാണുവാൻ സാധിക്കും.

ദ്വിമാനമായ പരന്നപ്രതലത്തിൽ ത്രിമാനശില്പങ്ങൾ നിർമ്മിച്ചെടുക്കാനാവും.




**ദ്വിമാനത**

ദ്വിമാനചിത്രങ്ങൾക്ക് നീളവും വീതിയും മാത്രമാണുള്ളത്.

**ത്രിമാനത**

നീളവും വീതിയും ഉയരവും വ്യാപ്തിയുമുള്ള ഘനരൂപങ്ങളാണ് ത്രിമാനരൂപങ്ങൾ

നിങ്ങൾക്ക് പരിചിതമായ ദീർഘചതുരം, ത്രികോണം, വൃത്തം എന്നിവ കൊടുത്തിരിക്കുന്നു. ഇവയുടെ ത്രിമാനരൂപങ്ങൾ എങ്ങനെ ആയിരിക്കും? വരച്ചു നോക്കൂ.



## ശില്പം

വിവിധ വസ്തുക്കൾ ഉപയോഗിച്ച്, അതിന്റെ പ്രതല സ്വഭാവം നിലനിർത്തിക്കൊണ്ടോ വ്യത്യാസപ്പെടുത്തിക്കൊണ്ടോ, ആശയത്തിനനുസരിച്ചോ അല്ലാതെയോ നിർമിക്കുന്ന ത്രിമാനരൂപങ്ങളാണ് ശില്പങ്ങൾ.

കല്ല്, തടി, ലോഹം, സെറാമിക്, കളിമണ്ണ്, ഫൈബർഗ്ലാസ്, പേപ്പർ തുടങ്ങിയവയും മറ്റ് മാധ്യമങ്ങളും ശില്പനിർമാണത്തിനായി ഉപയോഗിക്കുന്നു. വസ്തുക്കൾ കൂട്ടിച്ചേർക്കുന്നതും (ഉദാഹരണം : കളിമണ്ണ്, പേപ്പർ), കൊത്തുപണികളിലൂടെ നീക്കം ചെയ്യുന്നതും (ഉദാഹരണം : മരം, കല്ല്) ശില്പനിർമാണത്തിന്റെ വിവിധ രീതികളാണ്.

### ടെറാക്കോട്ട

കളിമണ്ണിൽ നിർമ്മിക്കുന്ന പാത്രങ്ങൾ, രൂപങ്ങൾ, അലങ്കാരവസ്തുക്കൾ, ശില്പങ്ങൾ എന്നിവ നിശ്ചിത സമയത്തിനുള്ളിൽ ചുട്ടെടുക്കുന്നതിനെയാണ് ടെറാക്കോട്ട എന്ന് പറയുന്നത്.



'ചൈനയിലെ ടെറാക്കോട്ട വാരിയേഴ്സ്' ശില്പം
209-210 BCE



ധോക്രശില്പം

**ധോക്ര**

ഒഡീഷയിലെ പരമ്പരാഗത ലോഹശില്പ നിർമാണമാണ് ധോക്ര. നിക്കൽ, പിച്ചള, സിങ്ക് എന്നീ ലോഹങ്ങൾ നിശ്ചിത അനുപാതത്തിൽ യോജിപ്പിച്ചാണ് ശില്പങ്ങൾ നിർമ്മിക്കുന്നത്.

## ശില്പം നിർമ്മിക്കാം



ഘട്ടം 1



ഘട്ടം 2



ഘട്ടം 3



ഘട്ടം 4



**ആർമേച്ചർ**

ഒരു ശില്പം നിർമ്മിക്കുമ്പോൾ അതിന്റെ ആകൃതിക്കനുസരിച്ച് തടിയിലോ കമ്പിയിലോ മറ്റുവസ്തുക്കൾ ഉപയോഗിച്ചോ, കെട്ടിവെച്ചോ, വെൽഡ് ചെയ്തോ ശില്പത്തിന്റെ ബലത്തിനായി നിർമ്മിക്കുന്ന രൂപമാണ് ആർമേച്ചർ.

മുറിച്ചെടുത്ത കാർഡ്ബോർഡിന് മീതെ പേപ്പറുകൾ പശ, ടേപ്പ് തുടങ്ങിയവ ചേർത്ത് ഒട്ടിച്ച് നിർമ്മിക്കാവുന്ന ശില്പത്തിന്റെ വിവിധഘട്ടങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

നിങ്ങൾക്കും ഇത്തരത്തിൽ എന്തെല്ലാം ശില്പങ്ങൾ നിർമ്മിക്കാൻ സാധിക്കും?

നിർമ്മിച്ച ശില്പത്തിന് നിറങ്ങൾ നൽകി ആകർഷകമാക്കാം. പേപ്പറിന് പകരം കളിമണ്ണ്, ഗോതമ്പുമാവ്, പേപ്പർപൾപ്പ്, വിവിധതരം വയറുകൾ, നൂലുകൾ, തുണി, ചാക്ക് തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ചും ശില്പനിർമ്മാണം നടത്താം.

പൂർത്തിയായ ശില്പങ്ങളുടെ പ്രദർശനം നടത്തുക.

ശില്പനിർമ്മാണത്തിനുപയോഗിച്ച വിവിധ മാധ്യമങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് കുറിപ്പുണ്ടാക്കുക.



മീര മുഖർജി
(Meera Mukherjee 1923-1998)



സൃഷ്ടി, ബ്രോൺസ്- 1970

ധോക്രശില്പനിർമ്മാണ രീതികൾ പഠിച്ച് ബ്രോൺസ് ശില്പങ്ങൾ നിർമ്മിച്ച ഇന്ത്യൻ ശില്പിയാണ് മീരമുഖർജി. ധോക്രയുടെ സങ്കേതങ്ങൾ ആധുനിക ശില്പ നിർമ്മാണ രീതിയിൽ സന്നിവേശിപ്പിച്ച് മീരമുഖർജി നിരവധി ശില്പങ്ങൾ ചെയ്തിട്ടുണ്ട്.



കെ.ജി. സുബ്രഹ്മണ്യൻ
(K.G. Subrahmanyan 1924- 2016)

ടെറാക്കോട്ട റിലീഫ് ശില്പം
കെ. ജി. സുബ്രഹ്മണ്യൻ



ചിത്രകാരൻ, ശില്പി, പ്രിന്റ്മേക്കർ, മ്യൂറലിസ്റ്റ്, ഡിസൈനർ എന്നീ നിലകളിൽ പ്രശസ്തനായ കലാകാരനാണ് കെ. ജി. സുബ്രഹ്മണ്യൻ. കേരളത്തിൽ ജനിച്ച അദ്ദേഹം ശാന്തിനികേതനിൽ നിന്നും കലാവിദ്യാഭ്യാസം നേടി. ബറോഡ എം.എസ്. യൂണിവേഴ്സിറ്റിയിൽ കലാധ്യാപകനായി പ്രവർത്തിച്ചു. വ്യത്യസ്ത കലാമാധ്യമങ്ങളിൽ ആവിഷ്കാരങ്ങൾ നടത്തിയതോടൊപ്പം കുട്ടികൾക്കുവേണ്ടി നിരവധി കളിപ്പാട്ടങ്ങളും അദ്ദേഹം നിർമ്മിച്ചിട്ടുണ്ട്.



എസ്. നന്ദഗോപാൽ
(S.Nandagopal 1946-2017)



ക്യാറ്റ് ഓൺ പെനൻസ്-2005 (കോപ്പർ, കാസ്റ്റ് ബ്രാസ്, അയേൺആർമേച്ചർ)

മദ്രാസ് സ്കൂൾ ഓഫ് ആർട്സിൽ നിന്നും കലാവിദ്യാഭ്യാസം നേടി. കെ.സി.എസ്. പണിക്കർ സ്ഥാപിച്ച 'ചോളമണ്ഡലം ആർട്ടിസ്റ്റ് വില്ലേജിൽ' കലാപ്രവർത്തനം നടത്തിയ കേരളീയനായ ചിത്രകാരനും ശില്പിയുമാണ് നന്ദഗോപാൽ. കോപ്പർ, ബ്രോൺസ് എന്നീ ലോഹങ്ങളിൽ ശില്പങ്ങൾ നിർമ്മിക്കുന്നതിൽ അദ്വിതീയനായിരുന്നു അദ്ദേഹം.

# സംഗീതവഴികൾ

ഭാരതീയസംഗീതത്തിന്റെ രണ്ട് ശാഖകളായ കർണ്ണാടകസംഗീതത്തേയും ഹിന്ദുസ്ഥാനി സംഗീതത്തേയും കുറിച്ച് നിങ്ങൾക്കറിയുമോ? അതിന്റെ പ്രത്യേകതകൾ എന്തൊക്കെയെന്ന് നോക്കാം. ഈ രണ്ട് മേഖലകൾക്കും ചിട്ടയായ പഠനരീതികളുണ്ട്.

### കർണ്ണാടകസംഗീതം




മുകളിൽ കൊടുത്ത പദസൂര്യൻ നിങ്ങൾ ശ്രദ്ധിച്ചുവല്ലോ. എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ പരാമർശിക്കുന്നത്.

### കർണ്ണാടകസംഗീതത്തെ അറിയാം

പദസൂര്യനിൽ നൽകിയിരിക്കുന്ന ആശയങ്ങളെ മുൻഗണന അനുസരിച്ച് ക്രമീകരിക്കുമല്ലോ.

ക്രമീകരിച്ച ആശയങ്ങൾ ഉൾപ്പെടുത്തി കർണാടകസംഗീതത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. ആവശ്യമായ ചിത്രങ്ങൾ ഉൾപ്പെടുത്തുമല്ലോ?

### സംഘമായി ആലപിക്കാം

**കർണാടകസംഗീതത്തെക്കുറിച്ച് കുറെ കാര്യങ്ങൾ നിങ്ങൾ മനസ്സിലാക്കിയല്ലോ. ഇതിന്റെ അടിസ്ഥാനമായ സപ്തസ്വരങ്ങളെ നമുക്കൊന്ന് പാടി പരിശീലിച്ചാലോ. മായാമാളവഗൗള രാഗത്തിലാണ് പാടേണ്ടത്.**



ത്യാഗരാജ സ്വാമികൾ മുത്തുസ്വാമി ദീക്ഷിതർ ശ്യാമ ശാസ്ത്രികൾ

പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കർണ്ണാടക സംഗീതജ്ഞരായ ത്യാഗരാജസ്വാമികൾ, മുത്തു സ്വാമിദീക്ഷിതർ, ശ്യാമശാസ്ത്രികൾ എന്നിവരാണ് കർണ്ണാടകസംഗീതത്തിലെ ത്രിമൂർത്തികൾ (Trinity of Carnatic Music).

**സ... രി... ഗ... മ... പ... ധ... നി... സ...**
**സ... നി... ധ... പ... മ... ഗ... രി... സ...**

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 5.2 .എന്ന ഫയൽ തുറക്കുക.

### ഹിന്ദുസ്ഥാനി സംഗീതം

പദസൂര്യനിൽ നൽകിയിരിക്കുന്ന ആശയങ്ങൾ ഉൾപ്പെടുത്തി ഹിന്ദുസ്ഥാനിസംഗീതത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക. ആവശ്യമായ ചിത്രങ്ങൾ ഉൾപ്പെടുത്തുമല്ലോ.



### ആൽബം നിർമ്മിക്കാം

ഹിന്ദുസ്ഥാനിസംഗീതവുമായി ബന്ധപ്പെട്ട പ്രധാന വാദ്യോപകരണങ്ങൾ കണ്ടെത്തി ആൽബം തയ്യാറാക്കൂ.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 5.3 എന്ന ഫയൽ തുറക്കുക.



ഷഹനായി (Shehnai)

ഹിന്ദുസ്ഥാനിസംഗീതശാഖയിലെ പ്രധാനപ്പെട്ട സുഷിരവാദ്യോപകരണമാണ് ഷഹനായി.

### പാട്ടുപെട്ടി

*ചുപ്കേ ചുപ്കേ രാത് ദിൻ,*
*ആസു ബഹാനാ യാദ് ഹെ*
*ഹംകോ അബ് തക് ആഷികി*
*കാ വോ സമാനാ യാദ് ഹെ*
*തുത്സെ മിൽതേ ഹി വൊ കുച്ഛ്*
*ബേബാക് പോ ജാനാ മേരാ*
*മേരാ ഓര് തേരാ ദാന്തോം മേം*
*വൊ ഉംഗ്‌ലി ധബാനാ യാദ് ഹെ*
*ചോരി ചോരി ഹം സേതും*
*ആ കർമില് തേജിസ് ജഗഹ്*
*മുദ്ദതേം ഗുസരീൻ പർ അബ് തക്*
*വൊ ഠിക്കാനാ യാദ് ഹെ*
*ഖേംച് ലേനാ വൊ മേരാ പർദേ*
*കാ കോനാ ദഫതൻ*
*ഔർ ദുപട്ടെ സെ തേരാ,*
*വൊ മുഹ് ചുപാനാ യാദ് ഹെ*
*തുഝ് കൊ ജബ് തൻഹാ കഭി*

*മൗലാനാ ഹസ്രത് മൊഹാനി*

**പാട്ടുപെട്ടിയിലെ ഗസലിന്റെ വരികൾ പൂർണ്ണമായി കണ്ടെത്തി പാടുമല്ലോ.**



**ഉസ്താദ് ബിസ്മില്ലാ ഖാൻ** (1916-2006)

ഇന്ത്യയിൽനിന്നുള്ള ലോകപ്രശസ്ത ഷഹനായി വാദന വിദഗ്ധൻ. പത്മശ്രീ, പത്മഭൂഷൻ, പത്മവിഭൂഷൻ, ഭാരതരത്നം അടക്കം നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.



**ഡോ. എം. ബാലമുരളീകൃഷ്ണ** (1930-2016)

പ്രശസ്ത കർണാടക സംഗീതജ്ഞനും ഉപകരണ സംഗീത വിദഗ്ധനും പിന്നണി ഗായകനുമാണ് ബാലമുരളീകൃഷ്ണ. ഭാരതീയ സംഗീതത്തിന് നൽകിയ സംഭാവനകൾ പരിഗണിച്ച് രാജ്യം പത്മവിഭൂഷൻ നൽകി ആദരിച്ചിട്ടുണ്ട്.

# ചമയം, വസ്ത്രാലങ്കാരം, കലാസംവിധാനം



**ചമയം, വസ്ത്രാലങ്കാരം, കലാസംവിധാനം**
ഇത്തരം വിവിധ മേഖലകൾ ചേർന്ന ഒരു കലയാണ് സിനിമ.



## ഒരുക്കം







ചിത്രങ്ങൾ തമ്മിൽ എന്തെങ്കിലും സാദൃശ്യം ഉണ്ടോ?

- ---------------------------------------
- -------------------------------------
- ---------------------------------------

**ചമയം (മേക്കപ്പ്)**

കഥാപാത്രസൃഷ്ടിക്കുവേണ്ടി ശരീരഭാഗങ്ങളിൽ നിറങ്ങളും കൃത്രിമ വസ്തുക്കളും ഉപയോഗിച്ച് മാറ്റങ്ങൾ വരുത്തുന്നതാണ് ചമയം.

**വസ്ത്രാലങ്കാരം**

ഒരു കഥാപാത്രത്തിന്റെ പൂർണ്ണതയ്ക്കുവേണ്ടിയുള്ള വസ്ത്രങ്ങളുടെ രൂപകല്പനയാണ് വസ്ത്രാലങ്കാരം.

## കലാസംവിധാനം



'സെല്ലുലോയ്ഡ്' സിനിമയിലെ രംഗം



'പഴശ്ശിരാജ' സിനിമയിലെ രംഗം



'ഗുരു' സിനിമയിലെ രംഗം

**കലാസംവിധാനം**

കഥയ്ക്കും കഥാപാത്രത്തിനും അനുസരിച്ച് പശ്ചാത്തലം ഒരുക്കുന്നതിനെയാണ് കലാസംവിധാനം എന്നുപറയുന്നത്.

പഴയ കാലഘട്ടം സിനിമയ്ക്കുവേണ്ടി ചിത്രീകരിക്കേണ്ടിവരുമ്പോൾ നമ്മൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം ?

- ആ കാലഘട്ടത്തിലെ കെട്ടിടങ്ങൾ
- വസ്ത്രധാരണരീതി
- ----------------------------
- ----------------------------

ഗാന്ധിജി നയിച്ച ദണ്ഡിയാത്ര ഇപ്പോൾ ചിത്രീകരിക്കുമ്പോൾ ദൃശ്യമികവിനായി അനുയോജ്യമായ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?

ഗ്രൂപ്പ് ചേർന്ന് ഒരു പ്രോജക്ട് തയ്യാറാക്കുക.



### സാബു സിറിൽ

ഇന്ത്യയിലെ പ്രശസ്ത കലാസംവിധായകനായ സാബു സിറിൽ ഫീച്ചർ ഫിലിമുകളിലും പരസ്യചിത്രങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. മികച്ച കലാസംവിധായകനുള്ള ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ, സംസ്ഥാന പുരസ്കാരങ്ങൾ, മറ്റ് നിരവധി ബഹുമതികളും അദ്ദേഹം നേടിയിട്ടുണ്ട്. കാലാപാനി, അന്നിയൻ, യെന്തിരൻ, ബാഹുബലി, ആർ.ആർ.ആർ. എന്നിവ അദ്ദേഹം കലാസംവിധാനം നിർവഹിച്ചിട്ടുള്ള സിനിമകളാണ്. 'യെന്തിരനിലെ' കലാമികവ് അദ്ദേഹത്തിന് അന്താരാഷ്ട്ര അംഗീകാരം നേടിക്കൊടുത്തു.



### നീത ലുല്ല

300-ലധികം സിനിമകളിൽ പ്രവർത്തിച്ചിട്ടുള്ള ഇന്ത്യൻ കോസ്റ്റ്യൂമറും ഫാഷൻ സ്റ്റൈലിസ്റ്റുമാണ് നീത ലുല്ല. നിരവധി ആഭ്യന്തര, വിദേശ സിനിമകളിൽ കോസ്റ്റ്യൂം ഡിസൈനർ ആയി പ്രവർത്തിച്ച നീത ലംഹേ, ദേവദാസ്, ജോധാ അക്ബർ, ബാലഗന്ധർവ്വ എന്നീ സിനിമകളിൽ ദേശീയ പുരസ്കാരം നേടിയിട്ടുണ്ട്.



### പട്ടണം റഷീദ്

മലയാള ചലച്ചിത്രരംഗത്തെ പ്രശസ്തനായ മേക്കപ്പ്മാനാണ് പട്ടണം റഷീദ്. 2007-ൽ 'പരദേശി' എന്ന ചലച്ചിത്രത്തിന് മികച്ച ചമയത്തിനുള്ള ദേശീയ പുരസ്കാരം നേടിയ ഇദ്ദേഹം മലയാളം കൂടാതെ തെലുങ്ക്, കന്നട, ഹിന്ദി എന്നീ ഭാഷകളിലെ നിരവധി സിനിമകളിൽ ചമയമൊരുക്കിയിട്ടുണ്ട്.

# 6

# കലയാട്ടങ്ങളുടെ സാങ്കേതികതകൾ

6.1 ഓതിരം കടകം ചടുലം

6.2 പാവകളുമായി കൂട്ടുകൂടാം

6.3 അതിജീവനചിത്രങ്ങൾ

6.4 ഒരുമിക്കാം ഒത്തുകൂടാം

6.5 ശബ്ദവഴികൾ



# ഓതിരം കടകം ചടുലം

"കൈ തൊഴുതുപിടിച്ച്
വലത്തുകേറി എടത്തുനടന്ന് കളരി തൊട്ടുവന്ദിച്ച് അടിയമർന്ന് നിവർന്ന്......."

സ്കൂളിൽ കളരിപ്പയറ്റിനെക്കുറിച്ചുള്ള സോദാഹരണപ്രഭാഷണം നടക്കുകയാണ്. മെയ്‌വഴക്കത്തോടെ കളരിമുറകൾ ഓരോന്നായി കളരി പരിശീലകർ കാണിക്കുന്നു.

കളരിപരിശീലകർ ചെയ്യ ഒരു അഭ്യാസത്തിന്റെ ചിത്രം നോക്കൂ.


നേർക്കാൽ

ചിത്രം ശ്രദ്ധിച്ച് ഇതിന്റെ പ്രത്യേകതകൾ ചർച്ച ചെയ്യൂ.

**കേരളത്തിലെ പ്രധാനപ്പെട്ട ആയോധന കലാരൂപമാണ് കളരിപ്പയറ്റ്. തെക്കൻ, വടക്കൻ, തുളുനാടൻ, മധ്യകേരള തുടങ്ങിയവയാണ് കളരിയിലെ പ്രധാന ശൈലികൾ.**

കളരിയഭ്യാസത്തിന്റെ വ്യത്യസ്ത ഘട്ടങ്ങൾക്ക് കേരളത്തിലെ കലാരൂപങ്ങളുമായി വിശേഷിച്ച് കഥകളിയുമായി ബന്ധമുണ്ട്. കച്ചകെട്ട്, എണ്ണ ഇടുക, മെയ്യഭ്യാസം, തിരുമ്മൽ തുടങ്ങിയ കാര്യങ്ങൾ പയറ്റുകളരിയിലും ആട്ടക്കളരിയിലും സമാനമാണ്. കളരിപ്പയറ്റിൽ മെയ്യയറ്റ്, കോൽത്താരിയങ്കം, അങ്കത്താരി, വെറും കൈ എന്നീ നാല് ഘട്ടങ്ങൾ ഉണ്ടെങ്കിലും മെയ്പ്പയറ്റാണ് എല്ലാത്തിനും അടിത്തറ. പ്രധാനമായും അതിന്റെ സ്വാധീനമാണ് നൃത്താഭ്യാസത്തിൽ ഉള്ളത്.

താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ നോക്കൂ. കളരിയിലെ നിലകളാണ് ആദ്യ വരിയിലെ ചിത്രങ്ങൾ. കേരളീയ കലാരൂപങ്ങളിൽ പൊതുവിൽ പ്രയോഗിക്കുന്ന നിലകളും കാണാം. ശരീരത്തിന്റെ മെയ്‌വഴക്കം രണ്ടിലും പ്രധാനമാണ്.



ഗജവടിവ്



സർപ്പവടിവ്



സിംഹവടിവ്



അരമണ്ഡലം



പ്രേങ്ഖണം



ഗരുഡമണ്ഡലം

## നിലയിൽ നിൽക്കാം.

ചിത്രത്തിലേതുപോലെ താഴ്ന്ന് അമർന്ന് ഇരുന്നു നോക്കൂ.



സമം അരമണ്ഡലം മുഴുമണ്ഡലം

ഈ നില പ്രയോഗിക്കുന്ന കേരളീയകലകൾ ഏതൊക്കെയാണ്?

- 
- 
- 
- 

### വടക്കൻ പാട്ടിനൊപ്പം ചുവടുവെയ്ക്കാം.

കുട്ടികൾ പാട്ടുപാടി അതിനൊത്ത് ചുവടുവെക്കുക.

"പൊന്നിയം കളരിക്ക് പോകുന്നല്ലെ
കളരിക്ക് കുട്ടികൾ ചെല്ലുന്നേരം
ഏതാനും നൂറോളം കുട്ടികളും
പയറ്റാൻ കളരിക്ക് വന്നിട്ടുണ്ട്
ഈഞ്ഞമല വീട്ടിൽ കുട്ടികളും
അവരൊക്കെ പയറ്റു പയറ്റുന്നേരം
നാദാപുരം കുട്ടികുഞ്ഞിക്കണ്ണൻ
കെട്ടിയഴിച്ചോരു കച്ചയാണ്."



കളരിപ്പയറ്റ് പരിശീലിക്കുന്ന ഇടമാണ് 'കളരി' എന്നറിയപ്പെടുന്നത്.

വണക്കങ്ങൾ, മെയ്യടവുകൾ, മെയ്യറ്റുകൾ, കോൽത്താരി, അംഗത്താരി, വെറുംകൈ എന്നിവ കളരിപ്പയറ്റിലെ പരിശീലനമുറകളാണ്.

കളരിപോലെ മറ്റെന്തെല്ലാം ആയോധനമുറകൾ നിങ്ങൾക്ക് കണ്ടെത്താനാവും?

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 6.1 എന്ന ഫയൽ തുറക്കുക.

വടക്കൻപാട്ടിന്റെ ഈണത്തിനനുസരിച്ച് ശരീരത്തെ അരമണ്ഡലത്തിലും മുഴുമണ്ഡലത്തിലും സമത്തിലും ചലിപ്പിക്കുക. താളത്തിൽ വേണം ചെയ്യാൻ. കൂടുതൽ ആവർത്തി ഇതേ ചലനം ചെയ്തുനോക്കണം.

- 
- 
- 

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 6.2 എന്ന ഫയൽ തുറക്കുക.

# പാവകളുമായി കൂട്ടുകൂടാം



നിങ്ങൾ പാവനാടകം കണ്ടിട്ടുണ്ടോ?
എന്തൊക്കെ പ്രത്യേകതകളാണ് പാവനാടകത്തിനുള്ളത്?
എങ്ങനെയാണ് പാവനാടകം അവതരിപ്പിക്കുക?

•

•

•

ചർച്ചചെയ്തു കണ്ടെത്തിയ കാര്യങ്ങൾ ഉപയോഗപ്പെടുത്തി

ഒരു പാവനാടകം ചെയ്താലോ.

### പാവക്കഥ

ജീവജാലങ്ങളെ നിരീക്ഷിച്ച് അവയെ കഥാപാത്രങ്ങളാക്കികൊണ്ട് ഒരു കഥയൊരുക്കാം. പാവനാടകാവതരണത്തിന് ആവശ്യമായ പാവകളെ നിർമ്മിച്ച് സംഭാഷണങ്ങൾ ഒരുക്കി രംഗത്ത് അവതരിപ്പിക്കാം.





**ഘട്ടം 1 – കഥയൊരുക്കൽ**

ചിത്രം നോക്കൂ...

ഇതിൽ ആരൊക്കെയുണ്ട് ?

- 
- 
- 

ഇനി നമുക്ക് ഗ്രൂപ്പുകളായി തിരിഞ്ഞ് കണ്ടെത്തിയ ജീവജാലങ്ങളിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ട ജീവികളെ കഥാപാത്രങ്ങളാക്കി ഒരു ചെറിയ കഥയുണ്ടാക്കൂ. ചിത്രത്തിലില്ലാത്ത ജീവികളെയും നിങ്ങൾക്ക് ചേർക്കാം. കഥ വികസിപ്പിച്ച് ഉചിതമായ സംഭാഷണങ്ങളോടുകൂടി നാടകരൂപത്തിലേക്ക് മാറ്റണം.

**പാവനിർമ്മാണ ഘട്ടങ്ങൾ**



### ഘട്ടം 2 – പാവനിർമ്മാണം

പേപ്പർകൊണ്ടുള്ള കയ്യുറ പാവനിർമ്മണത്തിന്റെ വിവിധ ഘട്ടങ്ങൾ ചിത്രങ്ങളായി നൽകിയിരിക്കുന്നത് കണ്ടല്ലോ. നിങ്ങളുടെ പാവനാടകത്തിലെ കഥാപാത്രങ്ങളെ ഇപ്രകാരം നിർമ്മിച്ചെടുക്കൂ.

### സാമഗ്രികൾ

കളർ ചാർട്ട് പേപ്പറിന്റെ 1/8 ഭാഗം, ചാർട്ട് പേപ്പറിൽനിന്നും മുറിച്ചെടുത്ത പോസ്റ്റ് കാർഡിന്റെ പകുതി വലിപ്പമുള്ള രണ്ടു കഷണം.

40 cm X 20 cm വലുപ്പമുള്ള കറുത്ത ചാർട്ട് പേപ്പർ, പശ, കത്രിക, സ്കെച്ച് പെൻ

### നിർമ്മാണരീതി

1. കളർ ചാർട്ട് പേപ്പർ ഉപയോഗിച്ച് വീതിയിൽ ഒരു 'സിലിണ്ടർ നിർമിക്കുക (പരമാവധി ഉള്ളളവ് വേണം).
2. ചെറിയപേപ്പറിൽനിന്നും ഒന്ന് സമചതുരാകൃതിയിൽ മുറിച്ച് കോണോടുകോൺ മടക്കി ഒരു മൂക്ക് ഉണ്ടാക്കി നേരത്തെ തയ്യാറാക്കിയ സിലിണ്ടറിന്റെ മധ്യഭാഗത്ത് ഒട്ടിക്കുക. (ഒട്ടിക്കുന്ന വശങ്ങൾ അല്പം മടക്കിയാൽ പശതേക്കാൻ എളുപ്പമാണ്)
3. ചെറിയ രണ്ടാമത്തെ പേപ്പറിനെ വീതിയിൽ പകുതി മടക്കി പരമാവധി വലിപ്പത്തിൽ ദീർഘവൃത്തം വരച്ച് മുറിച്ചെടുക്കുക. തുല്യ വലിപ്പമുള്ള ഈ രണ്ടു ദീർഘവൃത്തങ്ങളെയും മൂക്കിന്റെ അതേ നിരപ്പിൽ ഇരുവശങ്ങളിലും ചെവിയായി ഒട്ടിക്കുക.
4. വെള്ള പേപ്പറിൽ അനുയോജ്യമായ രണ്ടുകണ്ണുകൾ വരച്ച് മുറിച്ചെടുത്ത് മൂക്കിന്റെ മുകൾ ഭാഗത്തിനിരുവശവും ഒട്ടിക്കുക.
5. ചുണ്ടുകൾ വരച്ച് നിറം നൽകുകയോ ചുവപ്പ് നിറമുള്ള പേപ്പറിൽ മുറിച്ചൊട്ടിക്കുകയോ ചെയ്യാം.
6. ചിത്രത്തിൽ കാണുന്നതുപോലെ കറുത്ത പേപ്പറിൽ മുടിപോലെ മുറിച്ച് (വീതിയിൽ 1/2 CM ഇടവിട്ട് ഒരു വശത്തുനിന്നും ഉള്ളിലേക്ക് മുക്കാൽഭാഗംവരെ) നെറ്റിയുടെ ഭാഗത്ത് മുകളിലേക്ക് ഒട്ടിക്കുക. പാവത്തല റെഡി.



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 6.3 എന്ന ഫയൽ തുറക്കുക.



### ഘട്ടം 3 – പാവനാടകാവതരണം

നിങ്ങളുണ്ടാക്കിയ കഥയ്ക്ക് അനുയോജ്യമായി ഇതുപോലെ വ്യത്യസ്തമായ കഥാപാത്രങ്ങളുടെ പാവകളെ നിർമ്മിക്കാം.

നിർമിച്ച പാവകളെ ഉപയോഗിച്ച് നമുക്കൊരു പാവനാടകം കളിച്ചാലോ... അതിന് എന്തൊക്കെ സജ്ജീകരണങ്ങൾ വേണം?

- രംഗപശ്ചാത്തലത്തിന് ആവശ്യമായ സാമഗ്രികൾ നിർമ്മിക്കണം
- അവതരണത്തിനാവശ്യമായ മുൻകർട്ടനും പിൻകർട്ടനും ഒരുക്കണം.



### പാവകളിയുടെ അവതരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- തിരശീലയ്ക്കു മറയിലിരുന്ന് പാവകളെ കയ്യിലുറപ്പിച്ച് പുറത്തേക്ക് കാണത്തക്കവിധമാണ് രംഗത്ത് പാവകളി അവതരിപ്പിക്കേണ്ടത്.
- പാവകൾ കൈകാര്യം ചെയ്യുന്നവർതന്നെയാണ് സാധാരണ കഥാപാത്രങ്ങളുടെ സംഭാഷണവും അവതരിപ്പിക്കാറുള്ളത്.
- ഒരാൾ ഒന്നിൽകൂടുതൽ പാവകളെ കൈകാര്യം ചെയ്യുമ്പോൾ ഓരോ കഥാപാത്രത്തിന്റെ സംഭാഷണത്തിലും ശബ്ദത്തിലും വ്യത്യസ്തത പുലർത്തണം.

ഇനി നമുക്ക് ഗ്രൂപ്പുകളായി പാവനാടകം അവതരിപ്പിക്കാം.

ഒരു ഗ്രൂപ്പ് അവതരിപ്പിക്കുമ്പോൾ മറ്റ് ഗ്രൂപ്പുകൾ ശ്രദ്ധിച്ച് കാണുകയും.

മെച്ചപ്പെടുത്തുവാനുള്ള മേഖലകൾ ഏതെല്ലാം എന്ന് വിലയിരുത്തുകയും ചർച്ച ചെയ്യുകയും വേണം.



Rod puppet
(വടിപ്പാവ)



Finger puppet
(വിരൽപ്പാവ)



Glove puppet
(കയ്യുറപ്പാവ)



String puppet
(നൂൽപ്പാവ)

വ്യത്യസ്തമായ പാവനാടകാവതരണങ്ങൾ

**തോൽപ്പാവക്കൂത്ത്**



**നോക്കുവിദ്യാപാവകളി**





സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 6.4 എന്ന ഫയൽ തുറക്കുക.

പലതരം പാവനാടകാവതരണങ്ങൾ ഉണ്ട്. അവ ഏതൊക്കെയാണെന്ന് കണ്ടെത്തി കുറിപ്പ് തയ്യാറാക്കൂ.

### രാമചന്ദ്ര പുലവർ



1960 മെയ് 25-ന് ഷൊർണൂരിനടുത്ത് കൂനത്തറ എന്ന ഗ്രാമത്തിൽ ജനിച്ചു. ക്ഷേത്രകലകളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന തോൽപ്പാവക്കൂത്തിനെ സാമൂഹിക-രാഷ്ട്രീയവിഷയങ്ങൾ ഉൾക്കൊള്ളിച്ച് പൊതുരംഗത്തേക്ക് കൊണ്ടുവന്നത് രാമചന്ദ്രപുലവരാണ്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി 2021-ൽ രാജ്യം പദ്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. കേരള ഫോക്‌ലോർ അക്കാദമി അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

### മൂഴിക്കൽ പങ്കജാക്ഷി



1936, മാർച്ച് 14-ന് പാലാ ഉരുളികുന്നത്ത് ജനിച്ചു. പാവകളിയിലെ നോക്കുവിദ്യാപാവകളിയിൽ വിദഗ്ധയാണ് മൂഴിക്കൽ പങ്കജാക്ഷി. അന്യംനിന്നുപോയികൊണ്ടിരിക്കുന്ന ഈ തനത് പാരമ്പര്യ കലാരൂപത്തിൽ മികവ് പുലർത്തുന്ന അപൂർവ്വ വ്യക്തികളിൽ ഒരാളായി പരിഗണിച്ച് 2020-ൽ പത്മശ്രീ പുരസ്കാരം നൽകി രാജ്യം ആദരിച്ചു. കേരള ഫോക്‌ലോർ അക്കാദമി ഫെലോഷിപ്പ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

# അതിജീവനചിത്രങ്ങൾ



അപകടത്തിനുശേഷം ഫ്രിദ കിടക്കയിൽ കിടന്നുകൊണ്ട് ചിത്രംവരയ്ക്കുന്നു.



### ഫ്രിദ കാഹ്‌ലോ (1907-1954)

1907-ൽ മെക്സിക്കോയിൽ ജനിച്ച ഫ്രിദ ചെറിയ പ്രായത്തിൽതന്നെ ചിത്രകലയോടും മെക്സിക്കൻ ഫോക് കലകളോടും താൽപര്യം കാണിച്ചിരുന്നു. പതിനെട്ടാം വയസ്സിൽ വാഹനാപകടത്തിൽ പരിക്കുപറ്റി കടുത്ത വേദനയിലും ഏകാന്തതയിലും അകപ്പെട്ട ഫ്രിദ ചിത്രരചനയിലൂടെ അതിനെ മറികടന്ന് ലോകശ്രദ്ധ നേടിയ കലാകാരി യായിത്തീർന്നു.

'സെൽഫ് പോട്രേറ്റ് വിത്ത് തോൺ നെക്ലേസ് ആൻഡ് ഹമ്മിംഗ് ബേഡ്' 1940, ഫ്രിദകാഹ്‌ലൊ



റൂട്സ്, 1943



പ്രതിസന്ധിഘട്ടങ്ങളെ ഇത്തരത്തിൽ സർഗ്ഗാത്മ കമായി തരണംചെയ്ത നിരവധി വ്യക്തികളുണ്ട്. അവരെ കണ്ടെത്തി കുറിപ്പുകൾ തയ്യാറാക്കൂ.

നിങ്ങൾ കണ്ടതോ വായിച്ചറിഞ്ഞതോ അനുഭവിച്ചതോ ആയ ഏതെങ്കിലും ഒരു പ്രതിസന്ധിഘട്ടത്തെ വരച്ചുനോക്കൂ.

നിറങ്ങൾ നൽകി പൂർത്തിയാക്കി ക്ലാസിൽ പ്രദർശിപ്പിക്കുമല്ലോ. ചിത്രങ്ങളിലെ ആശയങ്ങളും ഭാവനാത്മകതയും വിശകലനം ചെയ്യാം.

പ്രതിസന്ധികളെ കലാപ്രവർത്തനത്തിലൂടെ തരണം ചെയ്യാൻ ശ്രമിച്ച രണ്ട് കലാകാരരെ പരിചയപ്പെടാം.



### ബിനോദ് ബിഹാരി മുഖർജി

Binod Bihari Mukharjee (1904-1980)

ആധുനിക ഇന്ത്യൻ ചിത്ര-ശില്പകലാരംഗത്തെ പ്രധാനിയായ ബിനോദ് ബിഹാരി മുഖർജി 1919-ൽ പശ്ചിമ ബംഗാളിലെ കലാഭവനിൽ (ശാന്തിനികേതൻ) കലാപഠനം നടത്തുകയും 1925-മുതൽ 1945-വരെ അവിടെ അധ്യാപകനായി പ്രവർത്തിക്കുകയും ചെയ്തു. 1956-ൽ പൂർണമായും കാഴ്ച നഷ്ടപ്പെട്ട അദ്ദേഹം അതുവരെ ചെയ്തുപോന്ന രചനാശൈലികളിൽനിന്നും വിഭിന്നമായി പേപ്പറുകളും ബോർഡുകളും വിവിധ രൂപങ്ങളിൽ വെട്ടിയെടുത്ത് ഒട്ടിച്ചും തൊട്ടറിയാവുന്ന മറ്റുവസ്തുക്കൾ കൂട്ടിച്ചേർത്തും കലാസൃഷ്ടികൾ നടത്തി.



ബിനോദ് ബിഹാരിയുടെ ആദ്യകാല രചന



അന്ധത ബാധിച്ചതിനു ശേഷം ബിനോദ് ബിഹാരി ചെയ്ത കൊളാഷ്



**ഹെൻറി മത്തീസെ (1869 - 1954)**

തീക്ഷ്ണമായ നിറങ്ങൾ ഉപയോഗിച്ച് പെയിന്റിംഗുകൾ രചിച്ചിരുന്ന ഫ്രഞ്ച് ചിത്രകാരനായ ഹെൻറി മത്തീസെയെ ഇരുപതാം നൂറ്റാണ്ടിലെ പ്രധാനപ്പെട്ട ആർട്ടിസ്റ്റുകളിൽ ഒരാളായി കണക്കാക്കപ്പെടുന്നു. 1941-ൽ കാൻസർ ചികിത്സാനന്തരം വീൽചെയർ ഉപയോഗിച്ചുമാത്രം ചലിക്കാൻ സാധിച്ചിരുന്ന മത്തീസെ തന്റെ രചനാരീതികളിൽ മാറ്റംവരുത്തി പേപ്പറുകൾ മുറിച്ചൊട്ടിച്ചുകൊണ്ട് കൊളാഷുകളും ഗോഷേ നിറങ്ങൾ പ്രയോഗിച്ച് തയ്യാറാക്കിയ പേപ്പർപ്രതലം വിവിധ വലുപ്പത്തിലും രൂപത്തിലും മുറിച്ചെടുത്ത് ഉപയോഗിച്ചുകൊണ്ട് മ്യൂറലുകളും നിർമ്മിച്ചു.



വീൽചെയറിൽ ഇരുന്നുകൊണ്ട് റിലീഫ് ചിത്രങ്ങൾ നിർമിക്കുന്ന ഹെൻറി മത്തീസെ.



'ദ ഹോഴ്സ്, ദ റൈഡർ ആന്റ് ദ ക്ലൗൺ' (1943-44) കൊളാഷ് ചിത്രം ഹെൻറി മത്തീസെ



'ദ ഗോൾഡ് ഫിഷ്' എന്ന പെയിന്റിംഗ്, ഹെൻറിമത്തീസെയുടെ ആദ്യകാല രചന



പോസ്റ്റർകളറുകൾ, അക്രിലിക്, ഗോഷെ ഇവയിൽ ഏതെങ്കിലും നിറങ്ങൾ പേപ്പറിൽ നൽകി രൂപങ്ങൾ വെട്ടിയെടുക്കാം. കാർഡ് ബോർഡ്, തുണികൾ, നൂലുകൾ തുടങ്ങി ലഭ്യമായ മറ്റു വസ്തുക്കളും ചാർട്ട് പേപ്പറിൽ ഒട്ടിച്ച് റിലീഫ് ചിത്രങ്ങൾ നിർമ്മിക്കാം.

പൂർത്തിയായ ചിത്രങ്ങൾ പ്രദർശിപ്പിച്ച് നിർമ്മാണരീതി, ആശയം എന്നിവ ചർച്ച ചെയ്യുമല്ലോ.

- ഡ്രോയിംങ് ബുക്കിൽ പ്രവർത്തനങ്ങൾ സംബന്ധിച്ച രൂപരേഖ വരച്ചതിനുശേഷം റിലീഫ് ചിത്രങ്ങൾ നിർമ്മിക്കാം.
- സൃഷ്ടികൾ നിങ്ങളുടെ പോർട്ട്ഫോളിയോയിൽ ഉൾപ്പെടുത്താം.



**റിലീഫ്**
പരന്ന പ്രതലത്തിൽനിന്നും പുറത്തേക്ക് തള്ളി നിൽക്കുന്ന രീതിയിൽ നിർമ്മിക്കുന്ന ശില്പങ്ങളെ റിലീഫ് എന്ന് പറയുന്നു.

**പുരാതന ഈജിപ്ഷ്യൻ റിലീഫ് ശില്പം.**



**ശാന്തിനികേതനിലെ (കലാഭവൻ) ബ്ലാക്ക് ഹൗസിലെ റിലീഫ് ശില്പങ്ങൾ.**



**കെ. ജി. സുബ്രഹ്മണ്യന്റെ റിലീഫ് ശില്പം**

# ഒരുമിക്കാം ഒത്തുപാടാം



കൂട്ടുകാർ കലോത്സവത്തിൽ സംഘഗാനം പാടുകയാണ് നമുക്കും ഇതുപോലെ സംഘഗാനം ആലപിച്ചാലോ. സംഘമായി ആലപിക്കുന്ന ഏതെല്ലാം ഗാനശാഖകളാണ് നിങ്ങൾക്ക് പരിചയമുള്ളത്.

### സംഘഗാനാലാപനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**സംഘഗാനം**

- ശബ്ദഏകീകരണം
- ഉച്ചാരണശുദ്ധി
- താളം
- സംഘബോധം
- അനുയോജ്യമായ ശ്രുതി
- കൃത്യമായ സമയക്രമം

വിവിധതരം സംഘഗാനശാഖകൾ.

- ദേശഭക്തിഗാനം
- നാടൻപാട്ട്
- വഞ്ചിപ്പാട്ട്



### സംഘമായി പാടാം

വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ ഗ്രൂപ്പും മുകളിൽ കൊടുത്തിരിക്കുന്ന ഗാനശാഖകളിൽനിന്നും പാട്ടുകൾ തിരഞ്ഞെടുത്ത് സംഘമായി പാടിനോക്കൂ.
എന്തെല്ലാം കാര്യങ്ങൾ പരിഗണിച്ചാണ് നിങ്ങൾ പാടിയത്? സംഘമായി ആലപിച്ചപ്പോൾ നിങ്ങൾക്കുണ്ടായ അനുഭവങ്ങൾ എന്തെല്ലാമാണ്?

- താളത്തിന് ചേർച്ച ഉണ്ടായിരുന്നു.
- എല്ലാവരുടെയും ശബ്ദം ഒരുപോലെയായിരുന്നില്ല.

കൂടുതലായി കണ്ടെത്തിയ വിവരങ്ങൾ നോട്ട്ബുക്കിൽ കുറിക്കൂ.

മുകളിൽ പറഞ്ഞ സംഘഗാനശാഖയിലെ ഗാനങ്ങളിൽ ചിലതിൽ പ്രധാന പാട്ടുകാരൻ പാടികൊടുക്കുകയും സംഘാംഗങ്ങൾ ഏറ്റുപാടുകയും ചെയ്യുന്ന രീതിയുമുണ്ട്.

ഉദാ: **വഞ്ചിപ്പാട്ട്**

#### ഏറ്റുപാടാം

കുട്ടനാട്ടിലെ വിവിധ പ്രദേശങ്ങളിലെ ആളുകൾ വലിയ കെട്ടുവള്ളങ്ങളിൽ കൊയ്ത്തിനു പോകുമ്പോൾ പാടുന്ന പാട്ട് നമുക്ക് പാടി നോക്കിയാലോ.

*തിന്താരെ തിന്താരേ തക തിന്തകത്താരാ*
*തിന്താരെ തിന്താരേ തക തിന്തകത്താരാ*
*ഏറന്റപ്പാ ഏറപ്പാ ഏറേ റെന്റപ്പാ*
*ഏറന്റെപ്പാ ഏറപ്പാ ഏറേ റെന്റെപ്പാ*

*കുട്ടനാട്ടിൽ പതം കൊയ്ത്ത്തിനു പോകുവാൻ*
*വട്ടം കൂട്ടുന്നവർ പട്ടിണിക്കാർ*
*അച്ഛനളിയനെണങ്ങരും കൂട്ടരും*
*മച്ചുനന്മാരും വന്നൊത്തുകൂടി*
*( തിന്താരേ)*

*ചിത്തിര ചീര ചെറിയ കുറിയ*
*പിന്നത്തരം പെണ്ണുങ്ങളൊത്തുകൂടി*
*കുട്ടനാട്ടിൽ പതം കൊയ്ത്ത്തിനു പോകുവാൻ*
*വട്ടം കൂട്ടുന്നവർ പട്ടിണിക്കാർ*
*( തിന്താരേ)*

*രാമങ്കരി കുന്നങ്കരി ചേനങ്കരി ചാത്തങ്കരി*
*വെട്ടിത്തുരുത്തെന്ന കോഴിമുക്ക്*
*കണ്ടപ്ര കൈതപ്ര ആലപ്ര വേഴപ്ര*
*പട്ടാഴി കോട്ടയം പാണ്ടനാട്*
*( തിന്താരേ)*

*കെട്ടുവള്ളത്തിന്റെ കെട്ടഴിച്ചാനന്ദ*
*പൂവിരിച്ചേതക തിന്തകത്തെയ്*
*കുട്ടനാട്ടിൽ പതം കൊയ്ത്ത്തിനു പോകുവാൻ*
*വട്ടം കൂട്ടുന്നവർ പട്ടിണിക്കാർ*
*(തിന്താരേ)*



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 6.5 എന്ന ഫയൽ തുറക്കുക.



## കലാഭവൻ മണി

(1971-2016)

മിമിക്രിയിലൂടെ കലാരംഗത്ത് എത്തിയ മണി നാടൻപാട്ടുകളെ ജനകീയമാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ച ഗായകനും നടനുമാണ്. മലയാളം, തമിഴ്, തെലുങ്ക് മുതലായ തെന്നിന്ത്യൻ ഭാഷാസിനിമകളിൽ മുഖ്യ കഥാപാത്രമായും സ്വഭാവനടനായും മികവ് തെളിയിച്ചിട്ടുണ്ട്.

പാട്ട്പെട്ടിയിലെ പാട്ട് ഒന്ന് പാടിനോക്കൂ. പുതിയ പാട്ടുകൾ കൂട്ടിച്ചേർക്കണേ.

### പാട്ടുപെട്ടി

*വള്ളപ്പാട്ട്*
*തിന്താരെ തക തിന്താരെ തക തിന്താരെ*
*തക തിന്താരെ (2)*
*ചുണ്ടൻ വള്ളം പേറുന്നേ തക*
*ചുണ്ടൻ വള്ളം പേറുന്നേ (2) (തിന്താരെ)*
*വള്ളം തുഴയുമ്പം*
*വെള്ളം ഉലയുമ്പം*
*തെയ്യാരെ എന്ന് പാടുന്നേ(2) (തിന്താരെ)*
*വെള്ളത്തിൽ പങ്കായം തട്ടുമ്പോൾ തക*
*വള്ളം മുന്നോട്ട് നീങ്ങുന്നേ (2)(തിന്താരെ)*
*തുഞ്ചത്തിരുന്നു തുഴയുന്നേ തക*
*ഇടതും വലതും തുഴയുന്നേ (2)*
*(തിന്താരെ)*
*ചുണ്ടൻവഞ്ചി ചുരുളൻവഞ്ചി*
*പേറുന്നേ തക പേറുന്നേ(2)(തിന്താരെ)*
*കളമൊഴിയിൽ വിടരുന്ന കാട്ടുപൂക്കൾ*
*കരകാണാക്കടലിലേക്കൊഴുകുമ്പോൾ*
*കഥയെത്ര കാണുന്നു കുഞ്ഞോളങ്ങളെ*

*- അക്ഷയ് കുമാർ*
*ജി.എച്ച്.എസ്.എസ്., ചവറ*



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 6.6 എന്ന ഫയൽ തുറക്കുക.



## നഞ്ചിയമ്മ

പാലക്കാട് അട്ടപ്പാടി സ്വദേശിയായ നഞ്ചിയമ്മ ആസാദ് കലാസംഘത്തിലൂടെയാണ് നാടൻപാട്ടുകളിൽ ശ്രദ്ധിക്കപ്പെടുന്നത്. അയ്യപ്പനും കോശിയും എന്ന സിനിമയിലെ 'കലക്കാത്ത'... എന്ന ഗാനം പാടി 2020-ൽ മികച്ചഗായികയ്ക്കുള്ള ദേശീയ പുരസ്കാരം നേടി.

# ശബ്ദവഴികൾ



പച്ചപുതച്ച മലനിരകൾ അതിന്റെ താഴ്‌വാരത്തിലെ വീടുകൾ, മുറ്റത്ത് കളിക്കുന്ന കുട്ടികൾ, മൃഗങ്ങൾ, പക്ഷികൾ,.......

നോക്കൂ എത്ര സുന്ദരമായ ദൃശ്യമാണിത്. ഈ ദൃശ്യത്തിന് ഒരു പശ്ചാത്തലസംഗീതംകൂടി ഉണ്ടെങ്കിലോ? ജീവജാലങ്ങളുടെയും പ്രകൃതിയിലെയും ശബ്ദങ്ങൾ..... "എത്ര മനോഹരമായിരിക്കും...."

ഈ ദൃശ്യത്തിന് അനുയോജ്യമായ ശബ്ദങ്ങൾ എങ്ങനെയായിരിക്കും?

എഴുതിനോക്കൂ.

- ------------------------------------------
- ----------------------------------------




ആ മനോഹരമായ പ്രദേശത്തിന് ഉരുൾപൊട്ടലിൽ സംഭവിച്ചത് നോക്കൂ... വീട്ടുകാർക്കെല്ലാം പരിക്കേറ്റു... കുട്ടികൾ ആർത്തുകരയുന്നു... പോലീസ് ജീപ്പ്, ഫയർഫോഴ്സ്, ആംബുലൻസ്, ബുൾഡോസർ... വളരെ സങ്കടകരമായ അന്തരീക്ഷം...

ഈ രംഗത്തിന് അനുയോജ്യമായ പശ്ചാത്തലസംഗീതം എങ്ങനെയായിരിക്കുമെന്ന് ചർച്ചചെയ്യൂ.

ഇതൊരു സിനിമാരംഗമായാൽ എന്തൊക്കെ ശബ്ദങ്ങൾ ഈ രംഗത്തിൽ ഉൾപ്പെടുത്തും ?

- ------------------------------------
- ------------------------------------
- ------------------------------------

## കണ്ടെത്താം

നിങ്ങൾ കണ്ട സിനിമയിലെയോ വീഡിയോയിലെയോ ഇത്തരം രംഗങ്ങളിലെ പശ്ചാത്തലസംഗീതത്തെകുറിച്ച് എഴുതുക. രംഗത്തോടൊപ്പം, സിനിമയുടെ പേരും സൂചിപ്പിക്കണേ...

ഇത് ക്ലാസിൽ അവതരിപ്പിക്കുക ചർച്ച ചെയ്യുക.



ഈ ദൃശ്യത്തിൽ, പ്രകൃതിക്ഷോഭത്തിൽ തകർന്നുപോയ ജീവിതങ്ങളെയും ഗ്രാമത്തേയും മനുഷ്യർ ഒത്തുചേർന്ന് പുനഃസൃഷ്ടിച്ചത് നോക്കൂ... അവിടെ പുതിയ പൂക്കളും പൂമ്പാറ്റയും സന്തോഷവും വന്നുചേർന്നു.

മുകളിലെ ചിത്രത്തിലെ ഓരോ സന്ദർഭത്തിനും നിങ്ങൾ ഏതുതരം ശബ്ദം ആയിരിക്കും നൽകുക.? എന്തൊക്കെ ശബ്ദങ്ങൾ ഉൾപ്പെടുത്താം. ചർച്ച ചെയ്യൂ.



### ശബ്ദം

വിവിധ സന്ദർഭങ്ങളിൽ കേൾക്കുന്ന ശബ്ദങ്ങൾ തിരിച്ചറിഞ്ഞ് പട്ടിക പൂർത്തീകരിക്കുമല്ലോ.

| സന്ദർഭം | ശബ്ദവും സംഗീതവും |
|---|---|
| തിരക്കുള്ള ചന്ത | വാഹനങ്ങൾ, കച്ചവടക്കാർ, മൃഗങ്ങൾ, പക്ഷികൾ |
| | |
| | |

സിനിമയിൽ ദൃശ്യംപോലെതന്നെ പ്രധാനമാണ് ശബ്ദവും. ഒരോ സന്ദർഭത്തിനും ഭാവത്തിനും അനുസരിച്ച് ശബ്ദങ്ങളും സംഗീതവും കൂടിവരുമ്പോഴാണ് സിനിമ പൂർണ്ണമാകുന്നത്.



**ഫോളി**

സിനിമയുടെ കഥാസന്ദർഭത്തിനനുസരിച്ചുള്ള ശബ്ദങ്ങളെ കൃത്രിമമായ രീതിയിൽ സ്റ്റുഡിയോയ്ക്കുള്ളിൽ നിർമ്മിക്കുന്നതിനെയാണ് 'ഫോളി' എന്ന് പറയുന്നത്. ഇത് നിർമ്മിക്കുന്ന വ്യക്തി '**ഫോളി ആർട്ടിസ്റ്റ്**' എന്ന് അറിയപ്പെടുന്നു.

### പ്രവർത്തനം 3

നിങ്ങൾ കണ്ട വീഡിയോയിലെ ഫോളിശബ്ദങ്ങൾ തിരിച്ചറിഞ്ഞ് കുറിപ്പ് തയ്യാറാക്കുക.

- ..............................................
- ..............................................
- ..............................................

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 7 ലെ 6.7 എന്ന ഫയൽ തുറക്കുക.



**റസൂൽ പൂക്കുട്ടി**

ഇന്ത്യൻ ഫിലിം സൗണ്ട്ഡിസൈനറും സൗണ്ട്റെക്കോർഡിസ്റ്റും സൗണ്ട്എഡിറ്ററും ഓഡിയോ മിക്സറും ആണ് റസൂൽ പൂക്കുട്ടി. 'സ്ലംഡോഗ് മില്യണയർ' എന്ന ചിത്രത്തിന് മികച്ച ശബ്ദമിശ്രണത്തിനുള്ള അക്കാദമി അവാർഡ്നേടി. ബ്രിട്ടീഷ് സിനിമകൾക്ക് പുറമെ ഹിന്ദി, തമിഴ്, മലയാളം ഭാഷകളിലും റസൂൽ പൂക്കുട്ടി പ്രവർത്തിച്ചിട്ടുണ്ട്. 2023ൽ 'ഒറ്റ' എന്ന ചിത്രത്തിലൂടെ സംവിധായകനായി അരങ്ങേറ്റം കുറിച്ചു.

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***